T62
C45

# ജന്മസാഫല്യം

(നാടകം)

T 62
C 45
DHARMARAM COLLEGE LIBRARY
11538
BANGALORE.
P-21

By

Joseph T. Chirayil.

പ്രസാധകർ

എസ്സ്. ജെ. പ്രസ്സ്, മാന്നാനം.

വില. 75 ന.പൈ.

ജന്മസാഫല്യം
ഒന്നാം പതിപ്പ്
1961.

കോപ്പി
ആയിരം

Cum Permissu Superiorum

Presented by the author

PRINTED AT THE ST. JOSEPH'S PRESS,
MANNANAM,
1961.

# ഇതിലൂടെ ജീവിക്കുന്നവർ

ബേബി– കഥാനായകൻ. സത്സ്വഭാവിയും സഹജീവികൾക്കായി ജീവൻ അർപ്പിക്കുകയും ചെയ്യു ഒരു വ്യക്തി. ത്യാഗസമ്പന്നനായ ഒരു യുവാവ്.

ജോൺ<br>തങ്കച്ചൻ } ബേബിയുടെ സഹപ്രവർത്തകർ.

ജോർജ്ജ്– ഒരു കമ്മ്യൂണിസ്റ്റ്ചാരൻ.

ചന്ദ്രൻ– കമ്മ്യൂണിസ്റ്റു പ്രവർത്തകൻ. പണമാണവന്റെ ദൈവം. ജോർജ്ജിന്റെ വലംകയ്യായി നിന്നുകൊണ്ട് അവസാനം പണത്തിനുവേണ്ടി ജോർജ്ജിനെ ഒററിക്കൊടുക്കുന്ന വഞ്ചകൻ.

മാത്യു<br>രവി } ചന്ദ്രന്റെ സഹപ്രവർത്തകർ.

റെക്ടർ– ദയാലുവായ ഒരു സ്നേഹപിതാവ്.

വക്കൻസാർ– ബേബിയുടെ പിതാവ്. വയസ്സ് ഏതാണ്ട് അമ്പത്. ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയും.

ചാക്കോ– വക്കൻസാറിന്റെ മൂത്ത പുത്രൻ. ബേബിയുടെ ജ്യേഷ്ഠൻ.

തോമ്മാ– ഒരു സാധുതൊഴിലാളി. തന്റെ കഷ്ടതയ്ക്കു പരിഹാരം കാണുവാൻ ആരുടെയും ആദർശം സ്വീകരിക്കുന്ന ഒരു സാധു.

അപ്പായി– വിദ്യാവിഹീനൻ. ആരെന്തു പറഞ്ഞാലും അയാൾക്കു പ്രമാണമാണ്.

ചങ്കു– ഒരു കാളവണ്ടിക്കാരൻ– ചോട്ടാസഖാവ്.

ബട്ട്ലർ– കമ്മ്യൂണിസ്റ്റനുഭാവി.

# ആമുഖം

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ഓരോ വ്യക്തിക്കും ഇതരവ്യക്തികളുടെ താങ്ങും തണലും അവശ്യം കൂടിയേതീരൂ. തന്മൂലം, യാതൊരുവൻ തന്റെ ജീവിതം സഹജീവികൾക്കായി ബലിയർപ്പിക്കുന്നുവോ, സഹജീവികളുടെ നന്മക്കായി ചെലവഴിക്കുന്നുവോ, അവനാണ് സാക്ഷാൽ സാമൂഹ്യപ്രവർത്തകൻ.

സ്വവിശ്വാസത്തിൽ തങ്ങളുടെ കഴിവുകളെ തിന്മയ്ക്കായി ഉപയോഗിക്കുന്നവരുണ്ട്; വഞ്ചനയും കാപട്യവുംമൂലം മററുള്ളവരെ അബദ്ധസഞ്ചാരികളാക്കി ജീവിതം പാഴാക്കിക്കളയുന്നവരുമുണ്ട്. ഇക്കൂട്ടരെയെല്ലാം ഇന്നത്തെ കമ്മ്യൂണിസ്റ്റുചേരികളിൽ കാണാം. ഇപ്രകാരം നൽവഴിയിൽനിന്നും തലതിരിച്ച് കാപട്യത്തിലും വഞ്ചനയിലുംകൂടി സമുദായദ്രോഹികളായി തീരുന്നവരെ തിരിച്ചുകൊണ്ടുവരുവാൻ ഒരു വ്യക്തി തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കുന്നെങ്കിൽ അതാണേററം വലിയ സമുദായസേവനം. ഇതു ചെയ്യാൻ സമുദായഗാത്രത്തിന്റെ അംഗങ്ങളെന്ന നിലയിൽ, ഏതൊരു ജീവിതത്തുറയിലുള്ളവനായാലും ശരി, എല്ലാവർക്കും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കടമയുണ്ട്.

ഇപ്രകാരം, അബദ്ധസഞ്ചാരിയായിത്തീർന്ന ഒരു സഹോദരനെ തിരിച്ചുകൊണ്ടുവരുവാൻ സ്വന്ത രക്തംപോലും ഊററിക്കൊടുക്കേണ്ടിവന്ന ഒരു മഹാ വ്യക്തിയുടെ ചിത്രമാണ് ഈ നാടകം നമ്മുടെ മുന്നിൽ വരച്ചുകാണിക്കുന്നത്. ഈ ചിത്രണം തീർത്തും വിജയം കൈവരിച്ചുവെന്ന് അഭിമാനിക്കുന്നില്ല. അതു നിശ്ചയിക്കേണ്ടത് നിങ്ങളോരോരുത്തരുമാണ്. ഈ നാടകം, സഹൃദയർക്ക് എന്തെങ്കിലും ഉപകാരം ചെയ്യുന്നെങ്കിൽ എന്റെ വേല ഒരു പാഴ്‌വേലയായിത്തീരുകയില്ല.

ഗ്രന്ഥകർത്താ.

DHARMARAM COLLEGE
11538
BANGALORE.

TO

THE NEWLY ORDAINED PRIESTS

OF

DHARMARAM

1961

# രംഗം 1

(വക്കൻസാറിന്റെ ഭവനം. സാർ ചാരുകസേരയിൽ പത്രം വായിച്ചുകൊണ്ടു കിടക്കുന്നു. അക്ഷമനായി ഇടയ്ക്കിടയ്ക്ക് വഴിയിലേയ്ക്കു നോക്കുന്നു.)

വക്കൻ— മറിയാമ്മേ ... എടീ മറിയാമ്മേ ... അവളും ഒരുപ്പോക്കു പോയിരിക്കുവാണോ ... (ഉത്തരം ഇല്ല. വീണ്ടും പത്രം വായിക്കുന്നു. അല്പസമയത്തിനുശേഷം) ആ ചെറുക്കൻ പോയിട്ടെത്ര നേരമായി ... ഒന്നല്ലേ ഒന്നു് കൊണമൊള്ളതില്ല ... (അവനോടു ഞാൻ പറഞ്ഞതാ, വഴിക്കെങ്ങും തങ്ങാതെ നേരേ സെമ്മനാരീച്ചെല്ലണോന്നു് ... ഇപ്പഴത്തെ പിള്ളേരുവല്ലോം പറഞ്ഞാ കേക്കുമൊ. വേവിച്ചന്റെ പട്ടത്തേക്കുറിച്ചൊക്കെ പറയാനാരിക്കും ... (ഒരു നീണ്ട എമ്പക്കം വിടുന്നു) എനിക്കാണേ വയസ്സും പ്രായോമായി ... ക്ഷീണം ... ഹോ .. എന്തൊരുക്ഷീണം (വീണ്ടും എമ്പക്കം വിടുന്നു. വീണ്ടും പത്രം വായിക്കുന്നു. ആരുടെയോ കാൽപ്പെരുമാററം കേട്ടു് തല ഉയത്തിനോക്കുന്നു. യാത്രാവേഷത്തിൽ വക്കൻസാറിന്റെ മകൻ ചാക്കോ പ്രവേശിക്കുന്നു.)

വ— (ചാക്കോയെ രൂക്ഷമായി നോക്കിക്കൊണ്ടു്) എടാ ചാക്കോ, നീയെന്താടാ ഇത്ര താമസ്സിച്ചെ ... അല്ലേലും നിനക്കൊന്നും ചൊല്ലുവിളിയില്ല ... എടാ മൂന്നക്ഷരം വേണം ... മൂന്നക്ഷരം.

ചാക്കോ— റെക്ടറച്ചനുമായി കണ്ടു സംസാരിച്ചപ്പോൾ സമയം വളരെയായി.

വ— എന്നതാടാ ഇത്ര സമസാരിക്കാനുള്ളതു്. പട്ടത്തിന്റെ കാര്യം വല്ലതുമൊക്കെ ആയിരിക്കും. അതിനിത്രവല്ലോം പറയാനൊണ്ടോ. അതിന്റെ തീയതിയങ്ങു നിശ്ചയിച്ചേക്കണം.

ചാ— പട്ടത്തിനും മററുമൊന്നുമല്ല.

വ— എടാ കുഞ്ഞിനെങ്ങനിരിക്കുന്നു. എന്റെ വേവിച്ചനു്.

ചാ— അവനു നല്ല സുഖമില്ല.

വ— എന്റെ വേവിച്ചനൊ? എന്നാ പെണ്ണഞ്ഞാടാ? വല്ല

ഡോക്കിട്ടറന്മാരേയും അങ്ങു വിളിച്ചുകാണിക്കാൻ പാടില്ലാഞ്ഞോ. പോരെങ്കിൽ ഇപ്പം അവിടിരിക്കുന്ന അപ്പോത്തിക്കരി വളരെ നല്ലമനുഷ്യേനാ. ഇന്നാള നമ്മടെ കൊച്ചേലിയെ അവിടെക്കൊണ്ടല്ലേ കാണിച്ചതു്.

ചാ– അവനു് ശാരീരിക സുഖക്കേടുകളൊന്നുമല്ല; ഏതോ മനസ്സിൻെറ വിഷമമാണു്.

വ– അതെന്നാ അങ്ങനെ. (അത്ഭുതത്തോടേ ചാക്കോയേ നോക്കുന്നു.)

ചാ– അവനു് ഇനിയും അച്ചനും മററുമൊന്നും ആകേണ്ടെന്നു്.

വ– (അത്ഭുതവും അരിശവും സ്ഫുരിക്കുന്നു) എന്നാ പറഞ്ഞെ?

ചാ– അവനു് ഇനിയും സെമിനാരിജീവിതം സാധിക്കയില്ലെന്നു്.

വ– പിന്നവനെന്തിനാ ഇപ്പണിക്കു പോയതു്. ഞാനന്നേ പറഞ്ഞതാ. എടാ കുഞ്ഞെ ഇവിടെങ്ങാനും നിക്കാൻ. അപ്പം അവനു് അച്ചനായേ നിക്കപ്പൊറുതിയുള്ളു. അമ്പേ ... ആ അച്ചന്മാരു കളഞ്ഞതാ ... പൊന്നുംകൊട്ടത്തോരു. കൊച്ചനാരുന്നു ... അങ്ങേരുടെ അന്നത്തെ ചിരീം വർത്താനോം കാണണ്ടേ ... ഇപ്പം ... എന്നാ ഒന്നുപറക ... അവിടെ നിക്കാൻ ... റെക്ടറുംകൊള്ളാം എല്ലാരുംകൊള്ളാം ...

ചാ– അച്ചായനെന്തിനാ അരിശപ്പെടുന്നതു്. അദ്ദേഹം എന്തുചെയ്യും. ചെറുക്കനു മനസ്സില്ലേൽ...

വ– ചെറുക്കനു മനസ്സില്ലേൽ ... എടാ അതാ ഞാൻ ചോദിച്ചതു്. പിന്നവനെന്തിനാ ഇപ്പണിക്കു പോയതെന്നു്.

ചാ– അതവനോടു ചോദിക്കു്. ഞാനും അന്നു പറഞ്ഞതല്ലെ. ഞാനാണേ വേറെമാറി; ഇനിയും അച്ചായനാരും കൂട്ടില്ല. നീ പട്ടത്തിനുംമററും പോകണ്ടായെന്നു്.

വ– എടാ, നീയൊന്നും കൊണമല്ല.

ചാ– ഞാനെന്തുവേണം.

വ– നിനക്കൊന്നു പറയാൻ പാടില്ലാഞ്ഞോ ആ റെക്ടറച്ചനോടു്.

ചാ– അങ്ങേക്കു സമ്മതമാ ... ചെറുക്കനാ ...

വ– ചെറുക്കനാ (കലിതുള്ളുന്നു) എന്നാൽ നിനക്കവനെ ഇ

ങ്ങു കൊണ്ടുപോരാൻ പാടില്ലാരുന്നോ. ഇനീം ഇവിടെങ്ങാനും നിന്ന് പറമ്പി വല്ല പണീം ചെയ്യട്ടെ.

ചാ— അവൻ വന്നിട്ടുണ്ട്.

വ— എന്നിട്ടെന്തിയേ.

ചാ— അകത്തെങ്ങാണ്ടുണ്ട്. അച്ചായനെ ആദ്യം കാണുവാൻ അവന്...

വ— വേവിച്ചാ... വേവിച്ചാ...

ചാ— (ഉറക്കെ) ബേബിച്ചാ, ബേബിച്ചാ...എടാ ബേബിച്ചാ...

(അകത്തുനിന്ന് "എന്തോ" എന്ന വിളി കേൾക്കുന്നു. അല്പം കഴിഞ്ഞ് ബേബി ഷർട്ടും മുണ്ടും ധരിച്ച് പ്രത്യക്ഷപ്പെടുന്നു.)

വ— (അരിശത്തോടെ ബേബിയെ തുറിച്ചുനോക്കുന്നു.) എടാ വേവിച്ചാ, എന്നോടടാ ഞാനീ കേട്ടതു്. നിന്നോടു ഞാനന്നേ പറഞ്ഞില്ലേ, പോണതൊക്കെക്കൊള്ളാം. ഇങ്ങോട്ടു തിരിച്ചു വരരുതെന്നു്.

ബേബി— (മൗനം കണ്ണിൽ കണ്ണുനീർ പൊടിയുന്നു.)

ചാ— അച്ചായനെന്തിനാ അരിശപ്പെടുന്നെ. അവൻെറ ഇഷ്ടമല്ലെ.

വ— അവൻെറ ഇഷ്ടം! (എഴുന്നേററു് അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ട്) കുടുംബത്തിനു മാനക്കേടുവരുത്തിയ ദ്രോഹി. വെറുതെ പത്തുമൂവായിരം രൂപാ ആ അച്ചൻെറ മുമ്പിൽ നേർച്ചയിട്ടു. കഷ്ടം! അതു വല്ലവേദപ്രശാരത്തിനും കൊടുത്തിരുന്നേ.

ചാ— വന്നുപോയതിനെക്കുറിച്ച് ഇനിയും പറഞ്ഞിട്ടു വല്ല കാര്യവുമുണ്ടോ.

വ— നിന്നോടു വല്ലോം ചോദിച്ചോ.

ബേ— അച്ചായാ, ചേട്ടനോടെന്തിനാണു കോപിക്കുന്നതു്. ഞാനാണിതിനെല്ലാം കാരണക്കാരൻ.

വ— എടാ അതല്ലെ ഞാൻ പറഞ്ഞതു്. നീ പിന്നെന്തിനാ അങ്ങോട്ടു പോയതു്? എന്നാ വിചാരിച്ചാ അച്ചനാകണോന്നു പറഞ്ഞതു്.

ബേ— ദൈവം എന്നെ വിളിക്കുന്നുണ്ടെന്നു് അന്നെനിക്കു തോന്നി. ഇന്നു് ആ ജീവിതത്തിൽ ഒരു രസവും എനിക്കു തോന്നുന്നില്ല. പക്ഷേ എൻെറ ഉള്ളിൻെറ ഉള്ളിൽ ഇന്നും തോന്നുന്നുണ്ട്, സെമിനാരിജീവിതം ഉപേക്ഷിക്കരുതെന്നു്. പക്ഷെ . . എ

നിക്കവിടെ ജീവിക്കുവാൻ സാധിക്കുന്നില്ല. എന്റെ ഹൃദയം വളരെയധികം വേദനിക്കുന്നുണ്ട്. എന്നിൽത്തന്നെ ഒരു വടംവലി നടക്കുകയാണ്.

വ— (ഹാസ്യരസത്തിൽ) അവന്റെ ഉള്ളിൽ വടംവലിയാണെന്ന്. എന്നാ രണ്ടു കപ്പിക്കൂടി കെട്ടിക്കോ. വലി വേഗം നടക്കും.

ചാ— അച്ചായനൊന്നു ചുമ്മാതിരിക്ക്.

ബേ— എന്റെ ഈ പ്രവൃത്തിയിൽ അച്ചായനൊട്ടുംതന്നെ വിഷമിക്കേണ്ട.

വ— എടാ ... എടാ ... അവൻ ഉപദേശിക്കാൻ തുടങ്ങിയല്ലോ.

ബേ— അച്ചായാ, ഞാൻ ഉപദേശിക്കുകയല്ല.

വ— നീ എന്നാടാ പിന്നെ പറഞ്ഞത്.

ബേ— ഞാൻ പോന്നതുമൂലം നമ്മുടെ കുടുംബത്തിന് അപമാനം വരുത്തിവച്ചുന്നുണ്ടോയെന്ന് എനിക്കറിവില്ല. തന്മൂലം അച്ചായൻ വിഷമിക്കേണ്ട എന്നാണ് ഞാൻ പറഞ്ഞത്.

വ— എന്റെ തമ്പുരാനെ, ഈ വയസ്സുകാലത്ത് ഇതെല്ലാം കാണാനും കേക്കാനും ഇടവന്നല്ലൊ (കസേരയിൽപോയി ഇരിക്കുന്നു.)

ബേ— ഞാൻ ഇവിടെയാണ് നില്ക്കുന്നതെങ്കിലും ഏതോ ഒരുശക്തി എന്നെ സെമിനാരിയോട്ട് അഗാധം ബന്ധിക്കുന്നുണ്ട്. (കരയുന്നു.) ഒരുപക്ഷെ ... ഇതെല്ലാം എന്റെ വിധിയായിരിക്കും.

ചാ— അച്ചായാ എന്തിനാണവനെ വിഷമിപ്പിക്കുന്നത്.

വ— (ശാന്തനായി) ഞാനൊന്നും വെഷമിപ്പിക്കുന്നില്ല. എന്തിനാ അധികം പറയുന്നെ. എടാ വേവിച്ചാ നീ കരയുകയൊന്നുംവേണ്ട. ഇനീം പറമ്പി വല്ല പണീം നോക്ക്. അല്ല പഠിക്കണെ അങ്ങനേം ആകാം.

ചാ— അതെല്ലാം പിന്നെ ആകാം. ബേബിച്ചൻ ഇപ്പോൾ എന്റെകൂടെ വീട്ടിലേയ്ക്കുവരട്ടെ. നാളെ എനിക്കു മദ്രാസ്സിനുപോകണം. അവനുംകൂടെ പോരട്ടെ.

വ— എന്തിനാ, ഈ കാശില്ലാത്ത കാലത്ത് ...

ചാ— ബേബിച്ചാ, അമ്മച്ചിയോടു പറഞ്ഞിട്ടുവരു.

ബേ— ചേട്ടാ, ഞാൻ കുറെ കഴിഞ്ഞ് അങ്ങോട്ടു വന്നേയ്ക്കാം. അമ്മച്ചിയെ ഇവിടെ കണ്ടില്ല.

ചാ— എന്നാൽ, അച്ചായാ, ഞാനങ്ങോട്ടിറങ്ങട്ടെ.

വ— എടാ നീ വന്നകാലേൽത്തന്നെ നില്ക്കാതെ. നേരം ഇത്രോം ആയല്ലോ. ഉണ്ടിട്ടുപോ. അവളിപ്പം എന്താനും വരും.

ചാ— എനിക്കിപ്പോൾ ചോറൊന്നും വേണ്ടച്ചായാ.

വ— പിന്നെ, നിങ്ങടെയൊക്കെ ഇഷ്ടംപോലെ.

(ചാക്കോച്ചൻ നടന്നുപോകുന്നു.)

കർട്ടൻ

---

## രംഗം 2

(സെമിനാരിയുടെ കശിനിക്കടുത്തുള്ള ഒരു മുറി. കഷായക്കാരൻ അപ്പായി മരുന്നു ചതച്ചുകൊണ്ടിരിക്കുന്നു. മരുന്നു ചതയ്ക്കുന്നതിനിടയ്ക്കു്.)

അ— എന്റെ ദൈവംതമ്പുരാനെ, നടുവു തെറുത്തുകേറുന്നല്ലൊ. (നിവർന്നിരിക്കുന്നു.) ഇന്നാണെ മരുന്നു മൂന്നു കഷായത്തിനാ. (കോട്ടുവാ വിടുന്നു.) എന്താണോ പതിവില്ലാതെ ഇത്ര ക്ഷീണം··· എതായാലും ഇന്നിത്തിരി വെള്ളം മോന്തണം. ഒരു ബലം കിട്ടുമല്ലൊ. മരുന്നുചതയങ്ങു നടക്കട്ടെ. (ചതക്കുന്നു. അല്പം കഴിഞ്ഞു് വീണ്ടും കോട്ടുവാ വിടുന്നു.) ഇനി അല്പം നടുവൊന്നു നീരട്ടെ··· (അടുത്തുള്ള ഒരു ബെഞ്ചിൽ കയറി കിടക്കുന്നു. അല്പം കഴിഞ്ഞു് എന്തോ സ്വരം കേട്ടിട്ടു്.)

അ— എടാ ചങ്കു··· എടാ··· എടാ ചങ്കു.

(അണിയറയിൽ) എന്നാ മുത്തച്ചാ.

അ— എടാ നീ അവിടെ എന്നാ എടുക്കുവാ. (തല ഉയർത്തി പുറത്തേയ്ക്കു നോക്കുന്നു.) ഹോ കഷ്ടം! എടാ നിന്റെ കണ്ണിലെന്നാ തിമിരമായിരുന്നോ? ഇല്ലേ ഒന്നാംക്ലാസൊരു വാഴത്തൈ. അതു ചുവടോടേ നശിപ്പിച്ചില്ലെ.

(അണിയറയിൽ ചങ്കു ഓടുന്ന ശബ്ദം. 'കാളയിവിടെ' എന്നു പറയുന്നതും അടിക്കുന്നതുമായ ശബ്ദം. വീണ്ടും ആരോ ഓടിവരുന്ന ശബ്ദം.)

അ— ചങ്കു. എടാ നീ ഇങ്ങോട്ടൊന്നു വന്നെ.

(വണ്ടിക്കാരൻ ചങ്കു പ്രവേശിക്കുന്നു. അപ്പായി എഴുന്നേററു ബെഞ്ചിൽ ഇരിക്കുന്നു.)

ചങ്കു— എന്താ അപ്പായിച്ചാ, അവിടെങ്ങും ഇരുത്തുല്ലല്ലോ.

അ— എടാ നിന്നോടെത്ര പ്രാവശ്യം ഞാൻ പറഞ്ഞു.

ചങ്കു— ഇങ്ങേരെന്താവോ പറഞ്ഞതു്.

അ— അല്ല, നിന്നോടു ഞാനെത്ര പ്രാവശ്യം പറഞ്ഞു.

ചങ്കു— എടാ ഇതെന്നാ കൂത്താ. എന്നോടെന്തോന്നാ പറഞ്ഞെ.

അ— എടാ നിന്നോടെത്ര പ്രാവശ്യം പറഞ്ഞു വണ്ടി അഴിച്ചാൽ കാളേമ്മാരേ വാഴച്ചോട്ടിൽ കെട്ടരുതെന്നു്.

ചങ്കു— ഇതിനാരുന്നോ. എന്റെ മുത്തച്ചാ, അതെ അക്കാര്യം ഞാനങ്ങു വിട്ടുപോയി.

അ— എടാ ഉണ്ട ചോറിനു നന്ദി വേണം. അച്ചന്മാരുടെ അല്ലെ. അതു രണ്ടങ്ങുപോയാ നിനക്കെന്നാ, അല്ലേ. അല്ലേലും... എടാ കാലമൊക്കെ മാറിപ്പോയി.

ചങ്കു— അങ്ങനൊന്നും ഞാൻ വിചാരിച്ചില്ല. ഏതു് പിന്നെ ഉള്ളവക്കു രണ്ടുപോയാലും എന്നാ വരാനാ··· പാറായിക്കു പത്തു കരിക്കുപോയാ...

അ— (പറഞ്ഞു തീരുന്നതിനുമുൻപെ) എടാ അതു തന്നെയാ ഞാൻ പറഞ്ഞതു് ഉണ്ട ചോറിനു നന്ദി വേണമെന്നു്.

ചങ്കു— ഇപ്പം അപ്പായിച്ചന്റെ രണ്ടു വാഴ ആ കാള തിന്നിരുന്നേ അതൊരു സാരൊള്ള കാര്യമായേനേ. എന്നാൽ ഒള്ള അച്ചന്മാരുടെ രണ്ടെണ്ണം പോയി. പോരെങ്കിൽ രണ്ടു വാഴക്കുഞ്ഞു ചോദിച്ചാ അവരു തരുവോ, ഇന്നാളെ... ഞാൻ രണ്ടു കണ്ണൻ വാഴേടെ വിത്തു ചോദിച്ചു... എന്തിനു പറേന്നു ചുമ്മാതാണോ ഈ കമ്മ്യൂണിസമൊണ്ടാകുന്നതു്.

അ— ഇതു നല്ലകൂത്തു്! വാഴത്തൈ തരാഞ്ഞിട്ടാണോ കമ്മ്യൂണിസമുണ്ടാകുന്നതു്. (എന്തോ ഓർത്തുപോലെ) നിന്റെ പെരേടെ പൊറകി നിക്കുന്ന വാഴ നിന്റെ ചോകത്തി വീട്ടിന്നു കൊണ്ടുവന്നതാണോ. ഇന്നാളു ഞാനല്ലെ നാലു വാഴവിത്തു തന്നയച്ചതു്.

ചങ്കു— ഞാനതല്ല പറഞ്ഞതു്. ഏതു്? ഒള്ളോരില്ലാത്തോർക്കു കൊടുക്കണം. (അല്പം കഴിഞ്ഞു്.) ഞാനൊന്നുപറേട്ടപ്പായിച്ചാ.

(ഒന്നുകൂടി അടുത്തിരിക്കുന്നു) നമ്മളിവിടെ പണിയാൻ തൊടങ്ങീട്ടു കൊല്ലമെത്രയായി.

അ— എടാ ചങ്കു, കൊല്ലമെത്ര ആയാലെന്നാ. നമുക്കു മാതം മാതം ഒള്ള കാശു് ഒന്നുകൊറയാതെ തരുന്നില്ലേ··· മാതംമാതം നെനക്കു് രൂഭാ 25 അങ്ങു കൈയ്യിക്കിട്ടും, നാലുനേരത്തേ ശാപ്പാട്ടുംകഴിഞ്ഞു്.

ചങ്കു— ഈ 25 രൂപാകൊണ്ടിപ്പം എന്നാ എടുക്കാനാ. അല്ലേലും അപ്പായിച്ചാ ഈലോകത്തിൽ ചിലരു കല്ലു ചൊമക്കാനും, തല്ലു കൊള്ളാനും പട്ടിണി കിടക്കാനും. മററുള്ളോരു് ആ പാവങ്ങളെ പിഴിഞ്ഞു സുഹിക്കാൻ. അല്ലെ നോക്കിക്കെ നമ്മളെത്രകൊല്ലമായി ഈ പണിതന്നെ ചെയ്യുന്നു. വല്ല ഗതിയുമുണ്ടോ?... എന്നാ വിത്യാസമാ നമുക്കു വന്നതു്. ഏതു്?

അ— എടാ ഇവരുടെയൊക്കെ അനുഗ്രഹംകൊണ്ടാ നമ്മളൊക്കെ കഴിഞ്ഞുപോണതു്. നീയേ ഇവിടെ വന്നപ്പം എന്നാ ഒണ്ടാന്നു. കൊച്ചിലെ നിന്നെ എടുത്തുവളത്തി പ്രായമായപ്പം നെനക്കു ജോലിതന്നു. പിന്നെ പെണ്ണുകെട്ടിച്ചു... എന്തെല്ലാം ഈ അച്ചന്മാരു നെനക്കുവേണ്ടി ചെയ്തു... എന്നിട്ടും അവനു് എന്നാ വെത്യാസമാ വന്നെന്നു്.

ചങ്കു— അപ്പായിച്ചാ, ഇതൊക്കെ ശരിയാ. ഏതു്? എന്നാലെ ഇന്നു പിള്ളേരു് നാഴീം ഉര്യേംപോലെ ആറെണ്ണമൊണ്ടു്. ഈ 25 രൂപാ അവർക്കെന്നാ എടുക്കാനാ. പിള്ളേരില്ലാരുന്നപ്പം ഒന്നും കൂടുതലു ചോദിച്ചില്ലല്ലോ. ഇപ്പം ഒരഞ്ചു രൂപാകൂടെ ചോദിച്ചപ്പം ഒക്കുല്ലന്നു പറഞ്ഞാൽ...

അ— എടാ കൊച്ചേ, ഒള്ളതുകൊണ്ടൊക്കെ കഴിയാൻ നോക്കു്. പിന്നെപ്പതിയെ കാര്യമൊക്കെ ആകാമല്ലോ. അവരു മനുഷേരല്ലേ. അവക്കും നമ്മുടെ വെഷമോം ദെണ്ണോമൊക്കെ അറിയാം.

ചങ്കു— അറിയാം··· അറിയാം. കൊച്ചുങ്ങളു പട്ടിണി കെടക്കുമ്പോ, അവക്കല്ലല്ലോ ദണ്ഡം. അതെ··· അവരൊക്കെ സുഹിക്കാനും... നമ്മളൊക്കെ കരയാനും. പണിയെടുക്കുന്നതു നമ്മൾ. നമ്മുടെ വെയപ്പിന്റെ പലം ചാരുകസേരെ കെടന്നു ഭുജിക്കുന്നവർ അവരൊക്കെ......

അ— എടാ··· എല്ലാരും സമന്മാരാണോ. നീ വണ്ടീടെ മൊകളിൽ ഇരിക്കണം. ഞാനീ അടുപ്പുംമൂട്ടിൽ. അവരു കസേ

രേൽ... എടാ ചങ്കു എല്ലാവർക്കും എല്ലാം പററുല്ല. കാലു കാലല്ലെ. കയ്യ് കയ്യും. വല്ലോരും കാലെടുത്തു തലേ കെട്ടാറുണ്ടോ. കാലു നെലത്തും താഴേം ഇരിക്കണം. ഓരോന്നിനും അതിൻെറ നെലേം പതോം ഒക്കെ ഒണ്ട്.

ചങ്കു— ഇതൊക്കെ പണ്ടത്തേ വേദാന്തമല്ലെ ഇപ്പം ഇതൊന്നും ചെലവാകൂല്ല. അപ്പായിച്ചനെ അടുപ്പുമ്മൂട്ടിലിരുത്തിയതും എന്നെ വണ്ടീടെ മുകളിലിരുത്തിയതും അവർക്കായി കസേര തെരഞ്ഞെടുത്തതുമെല്ലാം അവരുതന്നെ.

അ— എടാ എന്നാ നീ നാളെത്തൊട്ടു കസേരെ മലന്നുകെട. നിനക്ക് ഉരുട്ടിത്തരും നിൻെറ ചോകത്തി... നീ നാളെത്തൊട്ടു വണ്ടിയടിക്കണ്ട....

ചങ്കു— അപ്പായിച്ചാ... നോക്കിക്കൊ. അങ്ങനെ ഒക്കെ ഒണ്ടാകും. ഈ സുകോം പണോമൊക്കെ ഇവർക്കുമാത്രമൊള്ളതല്ല.

അ— എടാ കുഞ്ഞേ വല്ലോരും പറഞ്ഞോ... നാളെ നീ ബ്രിട്ടീഷു രാശാവാകാൻ പോകല്ലെ. ചോകത്തി മഹാറാണിയും.

ചങ്കു— തേ അപ്പായിച്ചാ... പൊറമെ ഒരു വണ്ടിക്കാരനു മാസം 45 രൂപാ കിട്ടും. പിന്നെ അച്ചമ്മാരല്ലേന്നു കണ്ടു ഞാൻ 5 രൂപാ കൂടേ ചോദിച്ചൊള്ളു. ഇന്നാള്... ആ ചന്ദ്രൻ എന്നോടു പറഞ്ഞതാ 45 രൂപാ മേടിച്ചു തരാമെന്ന്... പിന്നെ...

അ— എടാ അവരൊക്കെ കമ്മ്യൂണിസ്ററുകാരല്ലെ?

ചങ്കു— അപ്പായിച്ചനു കാര്യമൊന്നുമറിയൂല്ല. ആരായാലെന്നാ കാശു കിട്ടുന്നോടത്തു അതു വല്ലോം നോക്കാനൊണ്ടോ. കമ്മ്യൂണിസ്ററുകാരെന്നാ മനുഷനെ തീനികളാണോ.

അ— എടാ കൊച്ചെ, ആ കൂട്ടൊന്നും നമുക്കു കൊള്ളൂല്ല.

ചങ്കു— അതച്ചമ്മാരുടെ വേദാന്തം. നിങ്ങളെ ഒക്കെ മയക്കുന്ന പ്രസംഗങ്ങൾ... ഇതു വല്ലോം ഇന്നു ചെലവാകുമോ അപ്പായിച്ചാ. ഈ അച്ചമ്മാരെ ഒക്കെ...

അ— (ദേഷ്യത്തോടുകൂടി) ഈ അച്ചമ്മാരെയൊക്കെ നീയെന്നാ എടുക്കുമെടാ... എടാ ഒള്ള കഞ്ഞീക്കൂടെ നീ പാററാ ചാടിക്കല്ലെ... നിൻെറ സഹാക്കളു നിനക്കുരുട്ടിത്തരും നെഷേധി.

ചങ്കു— (ഗൗരവത്തോടും സ്വരമുയർത്തിയും) എന്നാൽ അപ്പായിച്ചൻ നോക്കിക്കോ. ഈ വ്യവസ്ഥിതിയെല്ലാം മാറും... ഇതെല്ലാം പോകും... ഞങ്ങളുടെ അവകാശങ്ങൾ ഞങ്ങൾ പിടിച്ചു പററും... തേ... ആ വല്യച്ചനിരിക്കുന്ന കസേരേലൊണ്ടല്ലൊ...

ഈ ചങ്കു കേറി ഇരിക്കും. ആ വല്ല്യച്ചനെ ഇവിടെ ദേ അപ്പായിടെ സ്ഥലത്തിരുത്തി മുട്ടി അടുപ്പിച്ചേ വിടൂ. അല്ലേ അപ്പായി നോക്കിക്കോ. ഇതെല്ലാം സംഭവിക്കും. പിന്നെ രക്ഷ വേണേ ഞങ്ങടെക്കൂടെ കൂടിക്കോ.

അ— ഭ്രു തെണ്ടി ഇറങ്ങെടാ പുറത്തു്. നീ കളിക്കുന്നോ. ദേ അച്ചമ്മാരെ തൊട്ടുകളിച്ചാലൊണ്ടല്ലോ. (എഴുന്നേൽക്കുന്നു) കേട്ടോ... നീ ആരോടാ കളിക്കുന്നെ... അല്ല നാളെ നീ ബ്രിട്ടീശുരാജാവാകും (അപ്പായിയെ വിറയ്ക്കുന്നു) കാണണോടാ നിന്റെ തല തെറിക്കുന്നെ. (ചുറ്റിക ഓങ്ങിക്കൊണ്ടു ചങ്കുവിനോടടുക്കുന്നു.)

ചങ്കു— (പരുങ്ങുന്നു) അയ്യോ... (ഞെട്ടി മാറുന്നു.)

അ— നീ സൂക്ഷിച്ചോ... നിന്നെയൊക്കെ എടുത്തു വളത്തിയതിന്റെ പ്രതിഫലമാ. അവൻ അച്ചമ്മാരെ മുട്ടി തല്ലിക്കുമെന്നു്.

ചങ്കു— (സൂത്രത്തിൽ ഒഴിഞ്ഞുമാറുന്ന വിധം) അയ്യോ... അപ്പായിച്ചനിത്ര പാവമാണോ... അപ്പായിച്ചനിതെല്ലാം കാര്യമായിട്ടെടുത്തോ... ഞാൻ കളി പറഞ്ഞതല്ലെ. ഞാനങ്ങനെ വല്ലോം ചെയ്യുമോ? ഉണ്ട ചോറ്റിൽ ഈ ചങ്കു കല്ലിടുമോ?... പിന്നെ കമ്മ്യൂണിസ്റ്റുകാരു പറേന്നപോലെ ചങ്കു പറഞ്ഞെന്നേ ഉള്ളു. ദേ അപ്പായിച്ചനതെല്ലാം കാര്യമാക്കി.

അ— അല്ലേലും ഈയിടെയായി നിന്റെ കൂട്ടത്ര നല്ലതൊന്നുമല്ല. നീ അറുവഷളായാ വരുന്നെ. ഇത്തവണ ഞാൻ ക്ഷമിച്ചിരിക്കുന്നു. ഇനി ഇവിടിങ്ങനെ ഒരു വാക്കു കേട്ടുപോയാൽ! അമ്പോ— ഒരു തകാവു്. ക്രൂശേവിന്റെ അളിയനല്ലെ വണ്ടിക്കാരൻ ചങ്കു. എടാ കൊച്ചെ, നീ നിന്റെ നെലയ്ക്കു നില്ലു്. ഈ ചന്ദ്രന്റേം കിന്ദ്രന്റേം പൊറകെ നടന്നിട്ടു നിനക്കെന്താ കാര്യം.

(ജോർജ്ജ് ശമ്മാശൻ പ്രവേശിക്കുന്നു. അപ്പായിയും ചങ്കുവും എഴുന്നേൽക്കുന്നു.)

ജോ— എന്താ അപ്പായി, കലി തുള്ളുന്നതു്. ചങ്കു എന്തു ചെയ്തു.

അ— അല്ല അവൻ കെടന്നു ചാടുന്നു. ഈയിടെയായി അവനൊരു കൊച്ചു സകാവായാ വരുന്നെ.

ജോ— അവനെന്തു പറഞ്ഞപ്പായി.

അ— അവനു കൂലിപോര... വല്ല്യച്ഛനെക്കൊണ്ടു മുട്ടി തല്ലിക്കും... ആ പ്രസംഗമൊന്നു കേക്കേണ്ടതുതന്നെ.

ജോ— (നയത്തോട്ടുകൂടി) അവൻ സ്വല്പം വല്ലതും എടുത്തുകൊണ്ടു പറഞ്ഞതായിരിക്കും. അപ്പായി അതെല്ലാം അങ്ങു കാര്യമായി എടുത്താലോ... പിന്നെ അപ്പായി ഒരു കാര്യമറിഞ്ഞോ.

അ— ഞാനെങ്ങനെ അറിയാനാ... അപ്പായിടെ ജീവിതം ഈ കല്ലുംമൂട്ടിൽതന്നെയല്ലെ.

ജോ— തിങ്കളാഴ്ച ഞങ്ങൾ കുറെപ്പേർ പട്ടമേല്ക്കുകയാണ്.

അ— ഹയ്യാ... (സന്തോഷത്തോടെ) എന്നാ അപ്പായിക്കും മററും കുശാലെ കുശാല്. പിന്നെ ഇതു പണ്ടേ അറിഞ്ഞതാ.

ചങ്കു— എന്നാ കുശാല്! ഓണം വന്നാലെന്നാ ഉണ്ണിപിറന്നാലെന്നാ കോരനു കുമ്പിളിൽ കഞ്ഞി. പിന്നെ അപ്പായിക്കു വല്ല പടോം കൊന്തേം ഒക്കെ കിട്ടും. ഈ ചോകോൻ ചങ്കുവിനെ ആരോർക്കാനാ...

അ— എടാ മണ്ടാ അന്നു ചോകനും ചോകത്തീം ഒന്നും നോട്ടമില്ല. കഴിഞ്ഞകൊല്ലംതന്നെ നിനക്കെത്ര രൂഭാ കിട്ടി. അതിൻെറ മുമ്പിലത്തേക്കൊല്ലം... എന്നിട്ടവൻ പറേന്ന കേട്ടില്ലേ ചോകനും ചോകത്തീം.

ചങ്കു— അതെല്ലാം പണ്ടല്ലായിരുന്നോ... ഇപ്പോൾ കാലമൊക്കെ മാറിപ്പോയി.

അ— അവൻ തുടങ്ങി... (ജോർജ്ജിനെ നോക്കിയിട്ട്) പിന്നെ ജോർജ്ജ് ചെമ്മാച്ചൻെറ അപ്പൻ അയച്ചുകൊടുക്കില്ലേ പച്ചനോട്ടുതന്നെ... അപ്പായിക്കും മററും...

ജോ— അപ്പായിക്കെന്തെടുക്കാനാ രൂപാ. പോയിട്ടും വന്നിട്ടും ഒരേ ഒരു തടി.

അ— അതുതന്നെ വല്ല്യ ആശ്വാസമാ. കൊറച്ചു വെള്ളം മോന്തിയാമാത്രം മതി. പിന്നെ ബാക്കിയാണേ (കുരിശ്ശു വരച്ചുകൊണ്ട്) ഭാര്യയില്ല, മക്കളില്ല, വരവില്ല, ചെലവില്ല, ഇപ്പോഴും എപ്പോഴും എന്നേരവും അങ്ങനെ ആരിക്കട്ടെ ആമ്മേൻ. (ജോർജ്ജ് മന്ദഹസിക്കുന്നു).

ജോ— അപ്പായി ഒരു കാര്യം ചെയ്യാമോ? ആ കൊച്ചുകുട്ടൻ ഇങ്ങോട്ടൊന്നു വരാൻ പറയൂ. ഞാൻ വിളിക്കുന്നെന്നു പറഞ്ഞാൽ മതി.

അ— ദേ ഒടനേ വന്നുകഴിഞ്ഞു. (അപ്പായി പോകുന്നു)

ജോ— നീയെന്തബദ്ധമാണു കാണിച്ചതു്? ഒരു പിടിയുമില്ലാത്ത അയാൾ വല്ലവരോടും ചെന്നു പറഞ്ഞാൽ കാര്യമെല്ലാം വെള്ളത്തിലാകയില്ലേ.

ചങ്കു— ഞാനക്കാര്യമങ്ങു വിട്ടുപോയി. ഓക്കാതെ ഒരബദ്ധം പററിപ്പോയി. പിന്നെ അങ്ങേരെ ഒന്നു വളച്ചെട്ടത്താൽ നമുക്കു പററിയ ആളാ... പ്രാരാബ്ധമൊന്നുമില്ലതാനും.

ജോ— പക്ഷേ അയാൾ ഒന്നാംതരം മൂരാച്ചിയാണെന്നാണു തോന്നുന്നതു്. എല്ലാദിവസവും ചെക്കലടിക്കുമ്പോൾ പള്ളിയിലാണു്. പോരെങ്കിൽ റെക്ടറച്ചനു വല്ല്യകാര്യവുമാ.

ചങ്കു— അതുകൊണ്ടാണു വളച്ചെടുക്കണമെന്നു പറഞ്ഞതു്. പുള്ളിയെ വശത്താക്കിയാ വല്ല്യച്ചൻെറ കാര്യം ശരിയായി. പിന്നെ വലിയ കൂട്ടികൊളുത്തൊന്നും പുള്ളിക്കില്ലതാനും. ആളു മഹാ പുങ്കനാ. അങ്ങു പൊക്കിപ്പറഞ്ഞാ മതി, ഏതു വഴിക്കും എടുത്തു പാഞ്ഞോളും. പിന്നെ നമുക്കിവിടെ ഒരാളു വേണോല്ലൊ.

ജോ— അതു ശരിയാ. അക്കാര്യം ഞാനേററു. അയാളെ ഞാൻ വശത്താക്കിക്കൊള്ളാം. നീ ഒരക്ഷരവും മിണ്ടേണ്ട. ഒരാഴ്ചകൂടി ഇവിടെ ഒരുവിധത്തിൽ കഴിച്ചുകൂട്ടണം. അതിനു മുമ്പ് ഏടാകൂടം ഒന്നും ഉണ്ടാകരുതു്. പിന്നെ നീ ചന്ദ്രനെ കണ്ടോ?

ചങ്കു— കണ്ടു. എന്നാണു് ഇവിടെ വരേണ്ടതെന്നു ചോദിച്ചറിയണമെന്നു പറഞ്ഞു.

ജോ— ഇവിടെ വരേണ്ട. ഇവിടുത്തെ റോബർട്ടച്ചൻ എന്നെ സംശയിക്കുന്നുണ്ടു്. അല്പംകൂടി സൂക്ഷിക്കണം. അതിനാൽ 1—ാം തീയതി ഞാൻ അവിടെ വരുമെന്നു പറഞ്ഞേയ്ക്കു്, നമ്മുടെ മത്തായിയുടെ ചായക്കടയുടെ പിന്നിലുള്ള മുറിയിൽ. അധികം ആളു വേണ്ട. ചന്ദ്രനും മാത്യുവും, പിന്നെ കൂടിയാൽ രണ്ടു പേരു കൂടി.

ചങ്കു— ഞാൻ നമ്മുടെ ഔസേപ്പിനെ വശത്താക്കീട്ടൊണ്ടു്. നല്ല ചൊണയൊള്ള കൊച്ചനാ. ഇപ്പം പള്ളീപ്പോക്കുമൊന്നുമില്ല.

ജോ— ഹാ! അങ്ങനെയല്ല. അവനോടു കാര്യമായി പള്ളിയിൽപോകാൻ പറയണം. അതും റെക്ടറച്ചൻെറ കുർബാനയ്ക്കു് അവനവിടെ ഉണ്ടായിരിക്കണം. എന്നാലേ നമ്മുടെ ആളുകളെ നമുക്കു വശത്താക്കാൻ സാധിക്കൂ. മാത്രമല്ല വൈകിട്ട് അവൻ പ്രാത്ഥനയിൽ കൂടണം. അതും സ്വരമുയത്തി ചൊല്ലുകയും വേണം.

എങ്കിലേ ആരുമറിയാതെ, ആക്കം സംശയത്തിനൊരിടകൊടുക്കാതെ എല്ലാം ചെയ്യുവാൻ സാധിക്കയുള്ളൂ.

ചങ്കു— നല്ല ബുദ്ധിയാണല്ലൊ. ഇപ്പോഴാ ചങ്കുവിനു് ആ വിചാരം പോയതു്. എന്നാ നമ്മുടെ പണി പറവുമോ.

ജോ— ഇത്രയും പററിയില്ലേ. പററിക്കണം. ഇതു പററിയാൽ ഒരു ബോംബായിരിക്കും, ഹൈഡ്റജൻ ബോംബു്! അതോടെ എല്ലാം പൊളിയും. (ദൂരേയ്ക്കു നോക്കിയിട്ടു്) അതാ അപ്പായിയും കൊച്ചുകുട്ടനും വരുന്നു. ഇനിയും പിന്നെ കാണാം. നീ ചന്ദ്രനെ കാണണം.

ചങ്കു— എന്നാലങ്ങനെ ആകട്ടെ. (ചങ്കു പോകുന്നു.)

കർട്ടൻ.

---

## രംഗം. 3

(തോമ്മായുടെ വീടു്. തോമ്മാ, തുമ്പാ നന്നാക്കിക്കൊണ്ടിരിക്കുന്നു. ചന്ദ്രനും മാത്യുവും പ്രവേശിക്കുന്നു.)

മാത്യു— എന്താ തോമ്മാ, പിന്നെ വിശേഷമൊക്കെ കേൾക്കട്ടെ.

തോമ്മാ— എൻെറ മത്തച്ചാ എന്നാവിശേഷമാ. നിങ്ങളുടെയൊക്കെ സഹായംകൊണ്ടു് ഇങ്ങനെ ഒക്കെ കഴിഞ്ഞുകൂടുന്നു. (വീണ്ടും പണി തുടരുന്നു.)

ചന്ദ്രൻ— അങ്ങനെ പറ തോമ്മാ. പിന്നെ ഇന്നാളു ഞങ്ങളു പറഞ്ഞ കാര്യമെല്ലാമെത്രടമായി.

തോ— അതൊക്കെ എന്തു പറയാനാ. കാര്യമൊന്നും നടന്നില്ല. വല്ലവരും വേണ്ടേ സഹായിക്കാൻ.

മാ— ആ വികാരിയച്ചൻെറ അടുത്തൊന്നു ചോദിച്ചു നോക്കരുതോ. നിങ്ങളൊക്കെ പറയാറുണ്ടല്ലോ അച്ചന്മാരു് നല്ലവരാണെന്നൊക്കെ. ചെന്നൊന്നു ചോദിക്കു്.

ച— പററിയ പണി. അപ്പോൾ പൂച്ച പുറത്താകുമല്ലൊ.

തോ— അയ്യോ! അവരൊക്കെ നല്ലവരാ. ഇന്നാളു് അങ്ങേരു പറഞ്ഞു സാധുക്കളെയൊക്കെ സഹായിക്കണോന്നു്.

മാ— അപ്പോൾ തോമ്മാ, അവളെ നമുക്കൊന്നു വല്ലവിധവും പറഞ്ഞയക്കണ്ടേ. അല്ലെങ്കിൽ ലോകരെന്തുപറയും.

തോ— അതിനു ഞാൻ ചെയ്യാവുന്നതെല്ലാം ചെയ്തുനോക്കി. ഇന്നാള വീട്ടുകാരത്തീടെ മിന്നുമാലേം ഒക്കെ കൊണ്ടെ പണയം വച്ചു. എല്ലാംകൂടി 160 രൂപാകിട്ടി. ഒരു മുന്നൂറുരൂപ എങ്കിലും ഇല്ലെങ്കിൽ എന്തു ചെയ്യുവാൻ സാധിക്കും.

ച— അപ്പോൾ ഒരു 140 രൂപകൂടി വേണം; ഇല്ലേ? അതിനെന്താ പണി.

തോ— നമ്മുടെ വക്കൻസാറിന്റെ മകൻ ബേബിയെ അറിയുകയില്ലേ. അവൻ സെമിനാരീന്നൊക്കെ പോന്നു.

മാ— അതെന്താ സെമിനാരീന്നു പോന്നെ.

ച— അതിനിപ്പോൾ കാരണം വല്ലോം വേണോ. ഒന്നുകിൽ അവനിഷ്ടമില്ല, അല്ലെങ്കിൽ അവർക്കിഷ്ടമില്ല.

മാ— അതുപോകട്ടെ. എന്നിട്ടു്?

തോ— എന്നിട്ടു് കേട്ടോള്ള. ആ കൊച്ചൻ പറഞ്ഞു കൊറച്ചു കാശൊണ്ടാക്കിത്തരാമെന്നു്.

മാ— എന്നിട്ടു്, ഇതുവരേം ഒണ്ടായില്ലേ?

തോ— പിന്നെ അതിങ്ങോട്ടുവന്നില്ല. ഇന്നുവരാമെന്നാ പറഞ്ഞിരിക്കുന്നെ.

ച— നല്ല കളി. അവനിനി ഇങ്ങോട്ടു കേറാൻ പോണോ. ആ പണം കിട്ടീട്ടു പെണ്ണിനെ പറഞ്ഞുവിടാൻ നോക്കണ്ട, കേട്ടോ തോമ്മാ.

മാ— അവനെങ്ങിനെ ഒണ്ടാക്കിത്തരാമെന്നാ പറഞ്ഞതു്?

തോ— അതോ, ഏതോ ഒരു കടലാസ്സില് ഒപ്പിട്ടുകൊടുത്താമതി. അപ്പോൾ അങ്ങേരതുംകൊണ്ടെങ്ങോ പോയി മേടിച്ചുതരാമെന്നാ പറഞ്ഞതു്. എന്നാ, വിൻസെൻഡെപ്പോളെന്നോ ഏതാണ്ടെല്ലാം ഒണ്ടുപോലും. (ചന്ദ്രനും മാത്യൂവും കണ്ണിൽ കണ്ണിൽ നോക്കുന്നു.)

മാ— ഇപ്പോൾ കാര്യം മനസ്സിലായി കേട്ടോ തോമ്മാ. ആ പണം കിട്ടീട്ടു് നീ പെണ്ണിനെ കെട്ടിച്ചു ഒണ്ടാവില്ല.

തോ— ആ കൊച്ചൻ കൊണ്ടെത്തരാമെന്നാ പറഞ്ഞതു്.

ച— അല്ലേലും തോമ്മാ, നീ ഇത്ര പാവമാണല്ലോ. വല്ലവരും 140 രൂപ നിനക്കു വൃഥാ തരുമോ.

മാത്യു— അതുംപോരാഞ്ഞിട്ട് അച്ചന്മാരു നടത്തുന്ന ഒരു സംഘടനയിൽനിന്ന്.

തോ— അല്ല, അതു അച്ചന്മാരു നടത്തുന്നതാണോ? എന്നാ തീർച്ചയായിട്ടും കിട്ടും.

മാ— ഇതെല്ലാം വെറും പുളുപണിയല്ലേ തോമ്മാ. സാധുസംരക്ഷണമെന്നു പേരു്. കിട്ടുന്ന കാശെല്ലാം അതിൻെറ "കമാന്മാരു" ചായക്കടയില് നേർച്ചയിടീലും.

ച— അപ്പോൾ ആ ബേബിയെന്നു പറഞ്ഞയാളെ മനസ്സിലായില്ലല്ലോ.

തോ— അതു കൊറച്ചുമാറി ആ പള്ളീടെ അടുത്തുള്ള ഒരു കൊച്ചനാ. വളരെ നല്ലയാള്. (മാത്യു ചന്ദ്രൻെറ ചെവിയിൽ എന്തോ മന്ത്രിക്കുന്നു) സാധുക്കളെന്നുവച്ചാ ജീവനാ.

മാത്യു— പിന്നെ ഞങ്ങള് നടക്കുന്നതെന്തിനാണു്. പാവങ്ങളായ നിങ്ങളെ സമുദ്ധരിക്കാൻ! ഒരു തൊളിലാളിസാമ്രാജ്യം പടുത്തുയർത്താൻ! നിങ്ങളുടെ ജീവിത പ്രശ്നങ്ങളെ പരിഹരിക്കാൻ! ഇതാണു ഞങ്ങളുടെ തൊഴില്.

ച— അല്ലെങ്കിൽ തോമ്മാ, ഞങ്ങൾക്കും കാറേക്കേറി മലന്നു കിടന്നു വല്ല വിനോദയാത്രയ്ക്കും പോകാമല്ലോ. അതുപോലും ഉപേക്ഷിച്ചു് അല്ല ഞങ്ങളുടെ ജീവൻ പോലും പണയംവച്ചുകൊണ്ടാണു നിങ്ങളുടെ ഉയർച്ചയ്ക്കുവേണ്ടി പണിപ്പെടുന്നതു്! നിങ്ങളുടെ ഉന്നമനം അതാണു് ഞങ്ങളുടെ ജീവിതത്തിൻെറ ഏക ഉദ്ദേശ്യം.

തോ— അയ്യോ അങ്ങനെയാണോ? എന്നാ അതൊക്കെ പറയണ്ടേ. ഞാൻ കേട്ടിരിക്കുന്നതു് നിങ്ങളെല്ലാം ഞങ്ങളെ ഉപദ്രവിക്കാൻവേണ്ടി നടക്കുന്നവരാണെന്നാണു്.

ച— പാവം! എൻെറ തോമ്മാ ഇന്നെങ്കിലും നീ കാര്യം മനസ്സിലാക്കു്.

മാ— എന്തുചെയ്യാം തോമ്മാ ഇങ്ങനെ ഒക്കെ നിങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ടിട്ടും ഞങ്ങളുടെ അനുഭവം ഇതല്ലേ. ഞങ്ങളു തെമ്മാടികൾ!!

തോ— അയ്യോ അങ്ങനെ ആരും പറഞ്ഞില്ല.

മാ— ഏതായാലും ഞങ്ങളു ചെയ്യാനുള്ളതെല്ലാം ചെയ്യേക്കാം. പിന്നെ ഒരു കാര്യം, വരുന്ന കാളനേം കൂളനേം ഒക്കെ വിളിച്ചു മടീവയ്ക്കരുതു്.

ച— അവര് വല്ലതുമൊക്കെ പറയും. പിന്നെ ചില ചില്ലറ വാഗ്ദാനങ്ങളുമൊക്കെ ചെയ്യും. ഈ വരുന്നവരെല്ലാം പട്ടമുതലാളികളാണ്. മാത്രമോ, നിങ്ങളുടെ അച്ചമ്മാരുടെ "മുല്ലാളകളും". അവരു പറയുന്നതുകേട്ടു ലോകം മറന്നുപോകരുത്. (തോമ്മാ ചിന്തിക്കുന്നു. തലകുലുക്കി 'എസ്സ്' മൂളുന്നു.)

തോ— ഉവ്വ്.

മാ— കാര്യങ്ങളെല്ലാം ഞങ്ങളേററു. എന്നാൽ തോമ്മാ ഒരു കാര്യം ചെയ്യണം. ഒരു കുറിപ്പെഴുതി ഞങ്ങളുടെ പാർട്ടി ഓഫീസിലേയ്ക്കു കൊണ്ടുവരണം.

തോ— കുറിപ്പോ? എനിക്ക് എഴുത്തും വായനേം വല്ല പിടീം ഒണ്ടോ. നിങ്ങളങ്ങ് എഴുതിയേക്ക്.

ച— എന്നാൽ ഞങ്ങളുതന്നെ എഴുതിയേക്കാം. തോമ്മാ ഒന്ന് ഒപ്പിട്ടാൽ മതി. പിന്നത്തെ കാര്യങ്ങളെല്ലാം ഞങ്ങളേററു.

മാ— പിന്നെ വല്ല ഓട്ടിൻേറം കാലമൊക്കെ വരുമ്പോൾ ഞങ്ങളെ മറന്നേക്കരുത്. അടുത്ത വോട്ടിംഗിന് ഞങ്ങൾ നില്ക്കുന്നുണ്ട്.

തോ— അതുണ്ടോ തോമ്മാ മറക്കു. വരുന്ന പ്രാവശ്യം എൻെറ ഓട്ടെല്ലാം നിങ്ങൾക്കുതന്നെ. എന്താ പോരേ?

ച— അതു മതി. അതങ്ങു കിടക്കുന്നതേയുള്ളല്ലോ. അതിനു മുമ്പു കല്ല്യാണമങ്ങു നടക്കട്ടെ.

മാ— ഞങ്ങള് സർവ്വസഹായങ്ങളും ചെയ്യേക്കാം. ഇന്നു സിനിമായ്ക്കു പോകാനിറങ്ങിയതാണ്. എന്നാൽ ഇന്നു സിനിമാ കാണുന്നില്ലെന്നുവച്ചേയ്ക്കാം. അതിനുള്ള തുകക്കൂടി തോമ്മായ്ക്കിരിക്കട്ടെ. (ഒരു പത്തുരൂപാനോട്ടു കൊടുക്കുന്നു. തോമ്മാ വാങ്ങിക്കുന്നു.)

ച— മററു വല്ലോരുമിങ്ങനെ ചെയ്യുമോ തോമ്മാ.

തോ— ഇല്ലേ, ഇല്ല.

മാ— ഇപ്പോഴെങ്കിലും ഞങ്ങൾ നിങ്ങളുടെ ഉപദ്രവികളല്ലെന്നു മനസ്സിലായല്ലോ?

(അണിയറയിൽ— തോമ്മാച്ചേട്ടാ, തോമ്മാച്ചേട്ടാ എന്നാരോ വിളിക്കുന്നു.)

ച— എന്നാൽ ഞങ്ങളങ്ങോട്ടിറങ്ങട്ടെ. അടുത്തുതന്നെവരാം. അന്നുതന്നെ കാര്യമെല്ലാം ശരിയാക്കിയേക്കാം. (വീണ്ടും "തോമ്മാച്ചേട്ടാ, ഇവിടെ ഇല്ലേ" എന്നു വിളിച്ചു ചോദിക്കുന്നു.)

തോ— അതാരാ ഇങ്ങു കേറിപ്പോരുന്ന്. ഞാനിവിടെ ഒരു തൂമ്പാ ഒറപ്പിക്കുവാ.

മാ— എന്നാ ഞങ്ങളിറങ്ങട്ടെ.

തോ— അങ്ങനാട്ടെ. (മാത്യുവും ചന്ദ്രനും പോകുന്നു. തോമ്മാ തൂമ്പാ ഉറപ്പിക്കുന്നു. ബേബിയും ജോണും മറുവശത്തുകൂടി പ്രവേശിക്കുന്നു.)

ബേ— തോമ്മാച്ചേട്ടാ, തന്നെ എത്ര വിളിവിളിച്ചു.

തോ— അപ്പോഴേ ഞാനൊരു തൂമ്പാ ഒറപ്പിക്കാരുന്നു.

ബേ— ആരോ ആയിട്ടു സംസാരിക്കുന്നതു കേട്ടല്ലോ.

ജോൺ— ആരാരായിരുന്നു തോമ്മാച്ചേട്ടാ, ഞങ്ങൾ കയറിവന്നപ്പോൾ ഇവിടെനിന്നും ഇറങ്ങിപ്പോയതു് (മാത്യുവും ചന്ദ്രനും പിൻകർട്ടന്റെ രണ്ടു വശങ്ങളിൽകൂടി എത്തിനോക്കുന്നു.)

തോ— അതോ, അതിവിടെ അടുത്തുള്ള രണ്ടു ചെറുപ്പക്കാരാ.

ബേ— എന്നാലും ഒന്നു പറയാമ്മേലേ, അവരുടെ പേരെന്തോവാ?

തോ— ഒന്നു ഞങ്ങളുടെ മത്തച്ചനാ. മററതു മത്തച്ചന്റെ കൂട്ടുകാരൻ ഒരു ചന്ദ്രനാണു്. (ബേബി ജോണിനെ നോക്കുന്നു. ജോണിനെന്തോ മനസ്സിലായതുപോലെ തല കുലുക്കുന്നു.)

ബേ— തോമ്മാച്ചേട്ടാ താനെന്താ കാണിച്ചതു്. ഇതു വികാരിച്ചനറിഞ്ഞാൽ എന്താ വരാൻപോകുന്നതെന്നറിയാമോ?

തോ— എന്നാവരാനാ കുഞ്ഞേ. രണ്ടുപേരു വീട്ടിൽ വന്നപ്പോൾ, അവരോടു വർത്താനം പറഞ്ഞതു തെററാണോ?

ജോൺ— എടോ അതാരാണെന്നു തനിക്കറിയാമോ? ഇപ്പോളിത്ര സാധുവായിപ്പോയല്ലോ.

ബേ— തോമ്മാച്ചേട്ടാ അവരിവിടുത്തെ കമ്മ്യൂണിസ്ററു പ്രവർത്തകരാണു്. അവർ പാവങ്ങളെ നന്നാക്കുവാനെന്നും പറഞ്ഞു വന്നു നിങ്ങളെ കളിപ്പിക്കുകയാണു്. (ചന്ദ്രനും മാത്യുവും കർട്ടന്റെ സൈഡിൽകൂടി നോക്കി പല്ലിറുമ്മുന്നു.)

തോ— ചുമ്മാതിരി എന്റെ കുഞ്ഞേ, അവരു കളിപ്പിക്കാൻ നടക്കുവാന്നു്! അവരാരേയും കളിപ്പിക്കാൻ നടക്കുന്നോരല്ല.

ജോൺ— അവരു വല്ലോം തോമ്മാച്ചേട്ടനു തന്നുകാണും, ഇല്ലേ? അതിന്റെ നന്ദിയാണിതു്.

തോ— നോക്കു കുഞ്ഞേ രൂപ പത്തു വെറുതെ തന്നു. (രൂപ

കാണിക്കുന്നു.) കല്ല്യാണം അവരു നടത്തിത്തരാമെന്നു പറഞ്ഞു. ഞാനൊന്നു ഒപ്പിട്ടുകൊടുത്താൽ മതി.

ബേ– തോമ്മാച്ചേട്ടാ ഇതെല്ലാം വികാരിച്ചനറിഞ്ഞാൽ ഒരു പൈ കിട്ടുകയില്ല. 150 രൂപ അച്ചൻ തന്നയച്ചതാണ്. ഇനിയും ഇതു തന്നിട്ടുപോയാൽ (രൂപാ കാണിക്കുന്നു) എങ്ങനെയാ.

തോ– കുഞ്ഞേ, കുഞ്ഞു രൂപ ഒക്കെ തരാമെന്നു പറഞ്ഞു പോയി. എന്നിട്ടു ഇതുവരെ ആയിട്ടും പിന്നെ കണ്ടില്ല. അപ്പോൾ ഞാനോർത്തു ഇനി രൂപ കിട്ടുകയില്ലെന്ന്. അന്നേരം അവരു പറഞ്ഞു രൂപാ തരാമെന്ന്. ആക്ഷേപം. ഒന്നൊപ്പിട്ടുകൊടുത്താൽ മതിയല്ലോ. പിന്നെ അവരാണേ എത്ര നല്ല പിള്ളേരു്.

ബേ– തനിക്കു പററിയോരുതന്നെ അവരു്. പിന്നെ ഒന്നും പറഞ്ഞില്ലേ അവരു്.

തോ– (മൗനം.)

ജോൺ– വിഷമിക്കേണ്ട തോമ്മാച്ചേട്ടാ പറയൂ.

തോ– പിന്നെ അവരു പറഞ്ഞു വരുന്ന തവണത്തെ ഓട്ടവർക്കു കൊടുക്കണമെന്ന്.

ജോൺ– എന്നിട്ടു താനെന്തുപറഞ്ഞു?

തോ– എന്നാ പറയാനാ. കൊടുക്കാമെന്നു പറഞ്ഞു. ഒരു ഓട്ട് അത്ര വലിയതോ മററോ ആണോ. രൂപാ അവരു 140 തരുന്നതല്ലേ. പിന്നെ ഒരു കടലാസുകഷണം അവരുടെ പെട്ടിയിലിട്ടുകൊടുക്കുന്നതിനെന്താ പ്രയാസം. ഈ ഒരോട്ടുകൊണ്ടെങ്ങാനും അവരും ജയിക്കാൻ പോകുന്നുവോ.

ബേ– ചുരുക്കം താനൊരു കമ്യൂണിസ്റ്റുകാരനാണെന്ന്.

തോ– അയ്യോ, ഞാനോ? ഇതാരു പറഞ്ഞു.

ബേ– അല്ലേപ്പിന്നെ ഇതിൻെറ ഒക്കെ അർത്ഥം എന്തൊന്നാ?

ജോൺ– തോമ്മാച്ചേട്ടാ, അപ്പോൾ തൻെറ വിശ്വാസത്തിനു് വെറും 140 രൂപായുടെ വിലയേ ഉള്ളു. ഇല്ലേ?

തോ– അയ്യോ കുഞ്ഞേ ഇതാരു പറഞ്ഞു. അവരു പറഞ്ഞു കല്ല്യാണം നടത്തിത്തരാമെന്ന്. പിന്നെ ഒരോട്ടുകൊടുക്കുന്നതിനെന്താ. അതും കൊടുത്തില്ലല്ലോ.

ജോൺ– കേട്ടോ തോമ്മാച്ചേട്ടാ, കമ്യൂണിസത്തെ പരസ്യമായിട്ടു സഹായിക്കുന്നതു വലിയ തെററല്ലേ. പോരെങ്കിൽ ഈയിടെയായി അതിൻെറ വലിയ പ്രചാരകനുമായെന്നു കേട്ടല്ലോ.

കമ്യൂണിസം പ്രചരിപ്പിക്കുന്നവർ അതിനാൽത്തന്നെ മഹറോനിൽ അകപ്പെട്ടും.

തോ— ഇതെന്നാ കൂത്താ. എൻെറ 'മലേമാതാവേ', ഞാനിതുവല്ലോം അറിഞ്ഞോ.

ജോൺ— ഇനി മകളുടെ കല്ല്യാണം എവിടെവച്ചായിരിക്കും എന്നറിയാമോ?

തോ— നമ്മുടെ എടവകപ്പള്ളീവച്ചുതന്നെ നടത്തണമെന്നാ വിചാരിക്കുന്നെ.

ജോൺ— അല്ലല്ല. നമ്മുടെ സക്കാരു കോർട്ടിൽവച്ച്.

ബേ— വന്നതെല്ലാം പോകട്ടെ തോമ്മാച്ചേട്ടാ, താനവരെ ഇനി ഇങ്ങോട്ടു കേററാതിരുന്നാല് മതി.

(ചന്ദ്രനും മാത്യൂവും കർട്ടൻെറ സൈഡിൽക്കൂടി നോക്കി പല്ലിറുമ്മുന്നു.)

തോ— എന്നാ, കുഞ്ഞെ അങ്ങനെതന്നെ.

ജോൺ— വോട്ടൊന്നും ആക്കും കൊടുക്കരുതു്. പറഞ്ഞതൊന്നും സാരമില്ല.

തോ— ഇല്ല കുഞ്ഞേ, ഇനി അവന്മാരേ, ഈ 'ഈറേല്' കേറുകേല.

ബേ— തോമ്മാച്ചേട്ടനു് അവരെ അറിയുവാൻ പാടില്ലാഞ്ഞിട്ടാണു്. അവരു മഹാ വഞ്ചകരാണു്. പാവങ്ങളെ കളിപ്പിച്ചു കാലക്ഷേപം നടത്തുന്ന തെണ്ടികൾ. (ചന്ദ്രനും മാത്യൂവിനും കലികൊള്ളുന്നു.) അവരുടെ ഗുണദോഷങ്ങളെല്ലാം കേട്ടു് നാം നമ്മുടെ സ്ഥാനഔന്നത്യം മറന്നുപോകരുതു്. നാം കത്തോലിക്കരായിരിക്കുന്നതില് അഭിമാനം കൊള്ളണം. നമ്മുടെ വിശ്വാസം സംരക്ഷിക്കുവാൻവേണ്ടി നമ്മുടെ അവസാനത്തുള്ളിരക്തംപോലും നാം ചിന്തണം. അല്ലാതെ വെറും 140 രൂപയ്ക്കു തീറെഴുതാനുള്ളതല്ല, അതു്. അതിൻെറ വില മ്ശീഹായുടെ തിരുരക്തമാണു്. തൻെറ മകളെ കെട്ടിക്കുവാൻ വേണമെങ്കിൽ പണവും തരുവാൻ കത്തോലിക്കാ തിരുസഭാമാതാവിനു് ഇന്നു കഴിവുണ്ടു്. അതിനായി കമ്യൂണിസ്ററുകാരുടെ ഒരു ശിപായി ആകണമെന്നില്ല. സാധുവാണെങ്കിലും കുടുംബമഹിമയൊന്നു നോക്കണ്ടേ. പുരാതനമായ ഒരു കുടുംബത്തിലേ അംഗമല്ലേ തോമ്മാച്ചേട്ടൻ. തൻെറ അപ്പനപ്പൂപ്പന്മാർ മുതല് അന്യൂനം സംരക്ഷിച്ചുപോന്ന കത്തോലിക്കാവിശ്വാസത്തെ നശിപ്പിച്ചു് ഒരു കുടുംബദ്രോഹിയായിത്തീ

രുവാനായിരുന്നു തന്റെ ശ്രമം. ഏതായാലും വന്നതെല്ലാം പോകട്ടെ. ഇനി അവന്മാരെ ഇവിടെ കേററിപ്പോകരുതു്. അവരെപ്പോലെയുള്ള ചതിയന്മാരും, വഞ്ചകന്മാരും, അക്രമികളും വേറേയില്ല. എന്താ മനസ്സിലായോ?

തോ— മനസ്സിലായി.

(ചന്ദ്രനും മാത്യുവും കൈചുരുട്ടിക്കൊണ്ടു പ്രവേശിക്കുന്നു. എന്നാൽ ഇതുടെ അങ്ങു മനസ്സിലാക്കിക്കോ" എന്നു പറഞ്ഞു ചന്ദ്രൻ ബേബിയുടെ കരണത്തടിക്കുന്നു. "ആരാടാ കള്ളന്മാരു്, ആരാടാ വഞ്ചകന്മാരു്" എന്നു ചോദിച്ചുകൊണ്ടു് മാത്യുവും ജോണിന്റെ കരണത്തടിക്കുന്നു.)

തോ— എടാ പിള്ളേരേ ഇവിടെ കെടന്നു് അലോഹ്യം ഉണ്ടാക്കാതെ പോകിനെടാ. (ജോൺ ചന്ദ്രനെ തല്ലുവാൻ കയ്യോങ്ങിക്കൊണ്ടടുക്കുന്നു.)

ബേ— ജോൺ ഇതെന്താണു്?

ച— ഇതെന്താണെന്നു മനസ്സിലായില്ലേ. ഇതാ (ബേബിയെ പിടിച്ചൊരുന്തുകൊടുക്കുന്നു. ബേബി കമഴ്ന്നടിച്ചു വീഴുന്നു. അരിശംകൊണ്ടു ജോൺ ചന്ദ്രന്റെ നേരേ പായുന്നു.)

ബേ— ജോൺ അരുതു്.

(ജോണും ചന്ദ്രനുംകൂടി അടുത്തപ്പോൾ തോമ്മാച്ചേട്ടൻ ചാടി ഇടയ്ക്കുവീഴുന്നു. ആ ബഹളത്തിൽ കയ്യിലിരുന്ന 10 രൂപാനോട്ടു താഴെ വീഴുന്നു. തോമ്മാ അറിയുന്നില്ല. എന്നാൽ മാത്യു പുറകിൽക്കൂടി ആരുമറിയാതെ രൂപാ കൈക്കലാക്കിക്കൊണ്ടു മാറി നില്ക്കുന്നു. പക്ഷേ ബേബിയതു കാണുന്നു.)

ബേ— ജോൺ, നാം പറയുന്നതിനു് എതിരു പ്രവർത്തിക്കുകയോ? ക്രിസ്തുനാഥന്റെ പരിപാവനതത്വങ്ങൾ ഉദ്ഘോഷിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുന്ന നാം അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ട സമയം വെറും വിചാരശൂന്യരായിത്തീരുകയോ? ജോൺ, അവരെ ആരെയും നാം ഉപദ്രവിക്കരുതു്. നമുക്കു കിട്ടേണ്ടതു കിട്ടി. നമ്മുടെ ഓരോ കരണത്തിനു കിട്ടി. എന്നാൽ ക്രിസ്തുനാഥന്റെ ഉപദേശാനുസരണം, മറുകരണം കാണിച്ചുകൊടുക്കേണ്ട നാം മർദ്ദനനയംതന്നെ പ്രയോഗിക്കുകയോ?

(ജോൺ കൈവലിച്ചുകൊണ്ടു പിറകോട്ടു മാറുന്നു.)

മാ— എന്താ ഉപദേശം എല്ലാം കഴിഞ്ഞോ? കത്തനാരാകാൻ പററിയ പുള്ളി. പിന്നെന്തിനാടാ നീയിങ്ങുപോന്നതു്.

ച– ഇനിയും പോകാം. അപ്പേൽ മറേറ കരണത്തുംകൂടി.

തോ– എടാ പിള്ളേരേ നിങ്ങളിവിടെക്കെടന്നു വഴക്കൊണ്ടാക്കാതെ പോകിനെടാ.

ബേ– തോമ്മാച്ചേട്ടാ ഞങ്ങളങ്ങോട്ടിറങ്ങട്ടെ. ഞങ്ങൾ പറഞ്ഞതുപോലെ എല്ലാം ചെയ്യണം. വരൂ ജോൺ. നാം ഇന്നു കൃതാർത്ഥരാണ്. ഇന്നാണ് സാക്ഷാൽ നാം ക്രിസ്തുനാഥന്റെ അനുയായികളായിത്തീർന്നതു്.

(ജോണും ബേബിയും പോകുന്നു. ജോണിന്റെ മുഖം ഇപ്പോഴും കോപംകൊണ്ടു ജ്വലിക്കുന്നു.)

ച– ഇതുകൊണ്ടൊന്നുമായില്ല. നിങ്ങൾക്കു വെച്ചിരിക്കുന്നതേയുള്ളു. ഇപ്പോൾ പൊക്കോ.

മാ– എന്നാല് തോമ്മാ, ഞങ്ങളും അങ്ങോട്ടിറങ്ങട്ടെ. പിന്നെ ആ പത്തുരൂപ കളയരുതു്, കേട്ടോ.

തോ– (മടിയിൽ തപ്പിനോക്കിയിട്ടു്) അയ്യോ അതു കണ്ടില്ലല്ലോ. ഈ ബഹളത്തിനിടക്ക് ഇവിടെങ്ങാനും പോയിക്കാണും. നിങ്ങൾക്കു കിട്ടിയെങ്കിൽ ഇങ്ങുതന്നേരു്.

ച– എനിക്കു കിട്ടിയില്ല. വല്ലവരും കൊണ്ടുപോയിക്കാണും.

മാ– അതാ ബേബിയുടെ കയ്യിൽ കാണും. ഞാൻ പണ്ടേ പറഞ്ഞതല്ലേ ഇവനെ ഒന്നും ഈട്ടേൽ കയററരുതെന്നു്.

തോ– അയ്യോ! ആ കൊച്ചനെങ്ങും എടുക്കുല. അതിനു ഈ കാശുകൊണ്ടല്ലേ ചെലവു നടക്കുന്നതു്.

മാ– പിന്നെന്തെവിടെപ്പോയി. പറയുമ്പം വിശ്വസിക്കയില്ല. അല്ല നിങ്ങളെ നന്നാക്കാൻ വന്നവരല്ലേ. അവർക്ക് ഒരു ദിവസത്തെ ഡർബാറിനായില്ലേ. ഞങ്ങൾ വഞ്ചകന്മാരു്. ഇപ്പോൾ മനസ്സിലായില്ലേ? ഇങ്ങനെയിരിക്കും എല്ലാക്കാര്യവും.

തോ– എന്റെ കുരിശുമലമുത്തപ്പാ ആ രൂപാ കിട്ടണേ.

ച– എടോ താനെന്തിനാ കുരിശുമലമുത്തപ്പനേം മററും വിളിക്കുന്നതു്. ആ ബേബിയെ വിളിച്ചു ചോദിക്കു്.

മാ– ഹേ ചന്ദ്രാ നമുക്കു പോകാം. ഇവിടെ ഒട്ടും താമസിക്കണ്ടാ.

ച– തോമ്മാ, നീ ഇവിടെ എങ്ങാനും ഒന്നുകൂടി നോക്കു്. അവനു് ഇതിനെല്ലാംകൂടി കൂട്ടിക്കൊടുക്കുന്നുണ്ടു്. ഞങ്ങൾ വഞ്ചകരും! കള്ളന്മാരും. അവൻ നല്ല പുണ്യാളച്ചൻ! ഹോ... തോമ്മാ

നീ ഇന്നെങ്കിലും പഠിച്ചില്ലേ. ഞങ്ങൾ പോകുന്നു. നാളെ വരാം. അപ്പോൾ രൂപാ കിട്ടിയോ എന്നു പറയണം.

തോ— അതൊണ്ടോ ഇനി കിട്ടാൻ പോണു. എന്റെ നാശത്തിനു നിങ്ങളെയെല്ലാം വിളിച്ചിവിടെ കേററി.

മാ— എന്നിട്ട് ഇപ്പോഴും കുററം ഞങ്ങൾക്ക്. അതെ, അങ്ങിനെതന്നെയാ. മ്ശീഹാ പറഞ്ഞിട്ടില്ലേ നിങ്ങളെ മററുള്ളവർ പകയ്ക്കുമ്പോൾ സന്തോഷിക്കുവിൻ എന്ന്. ഞങ്ങളിതെല്ലാം കേട്ടുകൊള്ളാം.

തോ— ഇന്നത്തെ പുക്കാറിന് വല്ല കേസ്സും വക്കാണവും ഉണ്ടായാൽ അതിനു പോലീസുകാരുടെ പുറകേ തുങ്ങാനും പോണം. എന്തു ചെയ്യാം എന്റെ കഷ്ടകാലം.

ച— കേസ്സൊന്നും ഉണ്ടാകുകയില്ല. അക്കാര്യം ഞങ്ങളേററു. ഇനിയും ഞങ്ങളിറങ്ങട്ടെ.

(ചന്ദ്രനും മാത്യുവും പോകുന്നു. തോമ്മാ വീണ്ടും രൂപ തപ്പിനോക്കുന്നു).

കർട്ടൻ.

---

## രംഗം 4

(മത്തായിയുടെ ഹോട്ടലിലെ ഒരു മുറി. സ. ചന്ദ്രൻ, മാത്യു, രവി എന്നിവർ സംസാരിച്ചുകൊണ്ടിരിക്കുന്നു.)

മാത്യു— എത്രനേരമായി നാം വെയിററു ചെയ്യുവാൻ തുടങ്ങിയിട്ട് ആളെ കാണുന്നില്ലല്ലോ.

രവി— നമ്മെ വൃഥാ കബളിപ്പിയ്ക്കുവാൻവേണ്ടി ചങ്കു പറഞ്ഞതായിരിക്കുമോ.

ചന്ദ്രൻ— അങ്ങനെ വരുമോ, ഒരിക്കലുമില്ല.

മാ— അത്യാവശ്യമായി മറെറാരിടത്തു പോകേണ്ട ആവശ്യമുണ്ടല്ലോ.

രവി— എന്താ ഇന്നു വല്ലവരെയും മലത്താൻ പ്ലാനിട്ടിട്ടുണ്ടോ?

മാ— ഹേ, അങ്ങനെയൊന്നുമില്ല. ഒരാളെ അത്യാവശ്യമായി കാണണം എന്നു പറഞ്ഞിട്ടുണ്ട്.

ചന്ദ്ര– ആരും പോയിക്കൂടാ. ഇന്നു നമ്മുടെ പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യുന്നതിനാണ് നാം ഇവിടെ കൂടിയിരിക്കുന്നതു്. വളരെ ഗഹനങ്ങളായ വിഷയങ്ങൾതന്നെ അതിൽ ചർച്ച ചെയ്യപ്പെടുന്നതാണ്. അതിനാൽ നമ്മൾ പ്രവർത്തകർ മൂവരും ഇവിടെവേണം. നമ്മുടെ പാർട്ടിക്ക് ഈ ഇൻഡ്യയിൽ ഇതുപോലൊരു വിജയം ഉണ്ടാകുവാനില്ല.

മാ– പക്ഷെ അതിനു പററിയ സ്ഥലമാണോ ഇതു്.

രവി– ഇതിൽ വിശേഷമായ സ്ഥലം എവിടെയുണ്ടു്. പോരെങ്കിൽ ഈ മുറിക്ക് മൂന്നുനാലുമണിക്കൂർനേരത്തേയ്ക്കു് വാടകക്കൂടി കൊടുത്താൽ മതിയല്ലോ.

മാ– ആ ബട്ലർ ഏതു തരക്കാരനാണെന്നു് ഒരു പിടിയുമില്ല. എന്താ ചന്ദ്രാ അയാൾ.

ചന്ദ്ര– രാമായണം മുഴവൻ വായിച്ചു കഴിഞ്ഞിട്ടും സീത രാമൻെറ പെങ്ങൾ. സഖാവിത്ര പാവമാണല്ലോ. അവൻ നമ്മുടെ സ്വന്തം ആളല്ലേ. അവനാണ് ഈ സ്ഥലമെല്ലാം ശരിപ്പെടുത്തിത്തന്നതു്.

രവി– എങ്കിലും നമ്മുടെ ഈ ആലോചന അവനെ അറിയിക്കണമെന്നില്ല; പുറത്തായാലോ.

ചന്ദ്ര– അതു ശരിയാണ്. പിന്നെ അവനൊരു ഭോഷനാണ്. ഇവിടെവന്നു് വല്ല 'കോപ്രാഞ്ചി' ങ്ങളും കാണിച്ചാൽ നിങ്ങൾ അതേക്കുറിച്ചു വല്ല്യ പിടിവാദങ്ങളൊന്നും നടത്തണമെന്നില്ല.

മാ– ഇന്നത്തെ ചിലവെല്ലാം...?

ചന്ദ്ര– മാത്യുതന്നെ 'നടത്തു. ഇന്നാളത്തെ പത്തു രൂപ കൈയ്യിലില്ലേ. (ചിരിക്കുന്നു)

രവി– ഏതുരൂപായാ മാത്യു.

മാ– അതെന്തിനാ അറിയുന്നെ. ആണുങ്ങളായാൽ കുറെ ചില്ലറയൊക്കെ കയ്യിൽ കാണും.

രവി– അതെ അതെ മനസ്സിലായി. എന്നും വീട്ടുകാരത്തിയുടെ ആട്ടുകൊള്ളുന്നവനാ ആണു്? ഒന്നു ചുമ്മാതിരി എൻെറ മാത്യു; ഇതുണ്ടോ വല്ലവരും അറിയുന്നു. (എല്ലാവരും ചിരിക്കുന്നു )

(ജോർജ്ജ് വാതിലിൽമുട്ടി പ്രവേശിക്കുന്നു.)

മാ– (കൈകൊട്ടുത്തു സ്വീകരിക്കുന്നു.) സഖാവേ വളരെ ലെയിററായല്ലോ. (മററുള്ളവരും കൈ കൊട്ടുക്കുന്നു.)

ജോർജ്ജ്— ക്ഷമിക്കണം. പ്രതീക്ഷിച്ചിരുന്ന സമയത്ത് പോരുവാൻ സാധിച്ചില്ല. ആരുടെയും ശ്രദ്ധയിൽപെടാതെ പോരേണ്ടയോ മാത്രമല്ല ഇടയ്ക്കു ചില കുഴപ്പങ്ങളെല്ലാം ഉണ്ടായി.

ചന്ദ്രു— എന്നാൽ നമുക്കു കാര്യത്തിലേയ്ക്കുതന്നെ കടക്കാം സമയം വളരെയായല്ലോ.

(ബട്ലർ പ്രവേശിക്കുന്നു. കാപ്പി, ചായ എന്തുവേണം സാർ. പരിപ്പുവട കട്ലേററ് എന്തുവേണം സാർ.)

മാ— എടാ ബട്ലർ നാലുചായ. വല്ലതും കടിക്കാൻകൂടി.

ബട്— ഏ ··· ചായ 4, കട്ലേററ് 4 പരിപ്പുവട 4 വേഗം വേഗം.

(അകത്തോട്ടു വിളിച്ചുപറയുന്നു. പിന്നീട് ജോർജ്ജിനെ സൂക്ഷിച്ചു നോക്കിയിട്ട്) അല്ല ഈ കത്തനാരേതാ— ഇഷ്ടാളെങ്ങനെ ഇവിടെ കടന്നു.

ചന്ദ്രു— (ഗൗരവപൂർവ്വം) നിന്റെ നാക്കു വായിൽ കിടക്കട്ടെ. ഇഷ്ടാൾ കത്തനാരൊന്നുമല്ല നമ്മുടെ പാർട്ടിയിലെ ഒരു പ്രവത്തകൻ മാത്രം. നീ നിന്റെ പാട്ടുനോക്ക്.

(ബട്ലർ പോകുന്നു.)

രവി— എന്താ നമ്മുടെ സംഗതികളൊക്കെ എങ്ങിനെയിരിക്കുന്നു? ജീവിതം പണ്ടേ സുഖമാണല്ലോ.

ജോ— സുഖമായ ജീവിതം. നാലുനേരം ഭക്ഷണം മേശയിലുണ്ട്. പക്ഷേ സ്വാതന്ത്ര്യത്തിന്റെ വായു ലഭിക്കയില്ലെന്നുമാത്രം.

മാ— അതിച്ചിര കുറഞ്ഞാലും മറെറക്കാര്യം ശരിയാണല്ലോ. ഇവിടെയാണെങ്കിൽ സ്വൈര്യമായി വീട്ടിൽ കയറാമോ? കെട്ടിയവളു തൊണ്ണയ്ക്കു പിടിക്കയില്ലേ. പിന്നെ അങ്ങനെയിങ്ങനെ രൂപാ രണ്ടുമൂന്നുണ്ടാക്കണം.

ചന്ദ്രു— വിശേഷങ്ങളൊക്കെ പിന്നെ അറിയാം. കാര്യത്തിലേയ്ക്കു പ്രവേശിക്കൂ.

മാ— എടാ ബട്ലർ എവിടെ സാധനങ്ങൾ.

ബട്— (അണിയറയിൽ) തേ വന്നുകഴിഞ്ഞു.

ചന്ദ്രു— എന്നാണു സഖാവു പുറത്തു ചാടുന്നതു്.

ജോ— ഒരാഴ്ചകൂടി അങ്ങു കഴിഞ്ഞോട്ടെന്നു വച്ചിരിക്കുകയാ. ഞാൻ വരുന്നതുവരെ പണിനടത്തുവാൻ നിങ്ങളുണ്ടല്ലോ.

രവി— ഇതെന്താ മാത്യൂ എത്ര നേരം നോക്കിയിരിക്കണം.

ബട്ട്— ചൂടുമാറാത്ത 'ചിക്കൻ റോസ്റ്റ്' പിന്നെ പരിപ്പുവട ബോളി എന്തെല്ലാം വേണം.

മാ— അതെല്ലാം അവിടെവച്ചിട്ടു നീ പൊയ്ക്കോ. ഇനിയും ആരും ഈ മുറിയിൽ കടന്നുപോകരുത്. അവസാനം ബില്ലു തന്നാൽമതി.

ബട്ട്— അങ്ങനെ ആണെങ്കിൽ പ്രത്യേകം ഫീസുവേണം. മണിക്കൂറിനു് ആളൊന്നുക്കു നാലണ.

രവി— അതെല്ലാം ബില്ലിൽ കൂട്ടിയേക്കു്. ഒന്നു പോടാ ഇറങ്ങി.

ചന്ദ്ര— നമ്മുടെ ആദർശങ്ങളെല്ലാം ചിലരിലെങ്കിലും കുത്തിവയ്ക്കുവാൻ ശ്രമിച്ചിട്ടില്ലേ.

ജോർജ്ജ്— അതു പറയുവാനുണ്ടോ. പലരേയും അടിച്ചേട്ടത്തിട്ടുണ്ടു്, അപ്പായി എന്നും പറഞ്ഞൊരാളുണ്ടു്. അയാൾ എൻെറ കൂടെ പോരികയാണു്.

രവി— വാസ്തവമോ?

ജോ— പിന്നെ അവാസ്തവമാണോ.

രവി— സഖാവു ബഹുസമർത്ഥൻ തന്നെ. ഒന്നുമറിയിക്കാതെ കാര്യങ്ങൾ അങ്ങനെയിങ്ങനെ കൈക്കലാക്കിയല്ലോ.

ചന്ദ്ര— പിന്നെ എങ്ങനെയാണു് അവിടുന്നു ചാടുക.

ജോ— അതിനോ പ്രയാസം. അക്കാര്യമൊക്കെ ഞാനേററു.

ചന്ദ്ര— ഒരുകാര്യം. കഴിയുന്നതും നേരത്തേവേണം. ഈ പ്രാവശ്യത്തെ ഇലക്ഷനു നിൽക്കണം. പ്രവർത്തനമൊക്കെ ഞങ്ങളേററു. പണം തുടരെ കിട്ടുകയും വേണം. ഇനിയും അധികനാളില്ല. നിയമസഭയിൽ ഒന്നു കയറിപ്പററിയാൽ കാര്യം നേടി.

രവി— അല്ല. സഖാവു ചന്ദ്രൻെറ ബുദ്ധി തരക്കേടില്ലല്ലോ. പിന്നെ ജോർജ്ജ് ഇലക്ഷനു നിന്നാൽ വോട്ടിനു പ്രയാസമുണ്ടാകയില്ല.

മാ— രവിയുടെ ബുദ്ധിയും അത്രമോശമൊന്നുമല്ലല്ലോ.

ജോ— (ആലോചിച്ചിട്ടു്) ഈ പ്രാവശ്യം ഇലക്ഷനു നില്ക്കണമോ? അടുത്തപ്രാവശ്യമായാലുംപോരെ. ഒരു പിടിയുമില്ലാതെ എടുത്തുചാടിയാൽപ്പിന്നെ രൂപാ കളയാമെന്നല്ലാതെ വല്ല പ്രയോജനവും ഉണ്ടോ.

ചന്ദ്ര— എന്താണു സഖാവിനിത്ര സംശയം. ചന്ദ്രൻ ഉള്ളപ്പോഴാ കാര്യത്തിനു പ്രയാസം.

മാ— എന്നാ— ചന്ദ്രനെന്നാ വല്ല ബ്രഹ്മാവോ മറ്റോ ആണോ?

ചന്ദ്ര— ബ്രഹ്മാവോ, ദേവേന്ദ്രനോ ആയിക്കൊള്ളട്ടെ. സർവ്വ കാര്യവും ഞാനേററു. പിന്നെ പ്രചരണത്തിനു് നമ്മുടെ സഖാക്കളെല്ലാവരും ഉണ്ടു്.

മാ— പട്ടമെല്ലാം കിട്ടിയതല്ലേ. അതിനാൽ വളരെ ഗുണവും ഉണ്ടു്.

ചന്ദ്ര— ഈ പട്ടത്തിനു് എന്തെല്ലാം ഗുണങ്ങളുണ്ടു്.

ജോ— കുമ്പസാരിപ്പിക്കാം. അതായതു് വല്ലവരും ചെയ്യുന്ന പാപങ്ങൾ ഒക്കെ കേൾക്കാം. പിന്നെ കുർബാനചൊല്ലാം.

രവി— എന്നുവച്ചാൽ?

ജോ— ഒരപ്പമെടുത്തു് രണ്ടു വാക്കു പറയുമ്പോൾ അതു ദൈവമാകും.

രവി— ഒരപ്പം ദൈവമെന്നു വിശ്വസിക്കുന്നതു് തലയിൽ മോളയില്ലാഞ്ഞിട്ടാണു്. ഈ ഇരുപതാം നൂററാണ്ടിൽ ഉണ്ടല്ലോ ഇത്തരം ആളുകൾ. എന്റെ ശിവനെ.

മാ— ഇതെല്ലാം കത്തനാരന്മാരുടെ തട്ടിപ്പല്ലെ.

ചന്ദ്ര— ഇതെല്ലാം കേൾക്കാൻ ചില കഴുതകളും അവരുടെക്കൂടെ.

മാ— അതുകൊണ്ടല്ലെ ഞങ്ങളെപ്പോലുള്ള സംസ്കാരസമ്പന്നന്മാരും വിദ്വൽ ജനങ്ങളും ഈ കൂട്ടരേപേക്ഷിച്ചു് പുറത്തു ചാട്ടന്നതു്.

രവി— അമ്പോ ഒരു സംസ്‌കാരസമ്പന്നൻ! എന്തിനാ സഖാവെ ഈ 'പോച്ചാ' ഒക്കെ അടിച്ചുവിടുന്നതു്. ആളെ ഞങ്ങളറിയുകയില്ലേ.

ചന്ദ്ര— സഖാവെ, രവീന്ദ്രാ, തമാശൊക്കെ പിന്നെയാകട്ടെ.

രവി— എടാ ബട്ലർ പാത്രങ്ങളൊക്കെ കൊണ്ടുപോകൂ.

(ബട്ലർ വന്നു പാത്രങ്ങൾ കൊണ്ടുപോകുന്നു.)

മാ— എടാ ഒരു പായ്ക്കററു സിഗരററുകൂടി.

ബട്— (സിഗററു കൊണ്ടുവരുന്നു.) ഒന്നാംക്ലാസ്സു് ഗോൾഡു് ഫ്ളെക്കു്. ഇനീ ബട്ലർക്കുള്ളതെല്ലാം ഇങ്ങുതന്നേരു്.

മാ— നിന്റെ പുറത്തിട്ടാ രണ്ടു തരാൻ നിശ്ചയിച്ചിരിക്കുന്നതു്.

ബട്— എന്തിനാ മാത്തച്ചാ, അതു സാധാരണ മാത്തച്ചനുള്ളതല്ലേ. എനിക്കു വല്ല ചില്ലറയുമുണ്ടെങ്കിൽ തന്നാൽമതി.

മാ— (ഇളിഭ്യനാകുന്നു) നിനക്കു പിന്നെത്തരാം ഇപ്പോൾ പോകൂ.

രവി— (ചിരിച്ചുകൊണ്ട്) മാതൃവിനു കിട്ടേണ്ടതുകിട്ടി ഇല്ലേ? ഇനി നാക്കു വായിൽകിടക്കുമല്ലോ.

ചന്ദ്ര— അച്ചന്മാരൊക്കെ എങ്ങനെയിരിക്കുന്നു.

ജോ— റെക്ടറച്ചൻ സാധുവാണ്. എല്ലാവരും നല്ലവരാണെന്നാണ് ആ ശുദ്ധഗതിക്കാരൻെറ വിചാരം. പക്ഷേ ചിലകൊമ്പന്മാരും വിക്രമികളും ഇല്ലാതില്ല. അവരിൽ ചിലർക്കൊക്കെ എന്നെ കുറച്ചൊക്കെ സംശയവുമുണ്ട്. അതിനാൽ നമ്മുടെ പരിപാടികൾ വേഗം തയ്യാറാക്കണം. എൻെറ ഈ യാത്രയെത്തന്നെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നവരും ഇല്ലാതില്ല.

ചന്ദ്ര— നമ്മുടെ പ്രവർത്തനം വിജയിക്കണമെങ്കിൽ നാമ കത്തനാരന്മാരോട്ട് എങ്ങനെയാണ് പെരുമാറേണ്ടതു്. അവരാണ് നമ്മുടെ പ്രവർത്തനങ്ങൾക്കെല്ലാം വിലങ്ങുതടി.

മാ— കുറച്ചുപേർ അവരുടെ ഓത്തുകേൾക്കാനും ഉണ്ട്. അവരാണ് വളമിട്ടുകൊടുക്കുന്നതു്. കത്തനാരന്മാരുപറയും "ദുഃഖം സഹിക്കണം, പണിമുടക്കു നടത്തരുതു് ..." അവരില്ലായിരുന്നുവെങ്കിൽ നമുക്കു ആളുകളെ വരച്ചവരേൽ നിത്താമായിരുന്നു. അതിനാൽ ഒന്നാമതായി അവരുടെ സ്വാധീനം കുറയ്ക്കണം.

ചന്ദ്ര— അതിനല്ലേ നമുക്കു സ. ജോർജ്ജ് ഉള്ളതു്. വൈദികരെ ഒന്നടങ്കം കുററം പറഞ്ഞാൽ ആരും വകവയ്ക്കുകയില്ല. ക്രിസ്തുവിൻെറ പ്രതിപുരുഷനായ വൈദികൻെറ അസൽ മാതൃകയായി നമുക്ക് സ. ജോർജ്ജിനെ കാണിച്ചുകൊടുക്കണം. മററുവൈദികരെ വ്യക്തിപരമായി താറടിക്കുവാൻ നോക്കിയാൽമതി. അവർ വെറും മൂരാച്ചികളും മുതലാളികളുടെ മൂടുതാങ്ങികളുമാണെന്നു താറടിക്കണം. പിന്നെ എല്ലാവരും ഒരു കാര്യം ഓർമ്മവേണം. നമ്മുടെ പാർട്ടിയുടെ അംഗങ്ങളെല്ലാം ഒന്നുതന്നെ ഉറപ്പിച്ചു പറയണം. കള്ളമായാലും എല്ലാവരും ഒന്നുതന്നെ പറയുമ്പോൾ ജനങ്ങൾ വിശ്വസിക്കും. ഇന്നുകാണുന്ന വൈദികർ ക്രിസ്തുവിൻെറ യഥാർത്ഥ അനുയായികളല്ലെന്നും വെറും പണസമ്പാദനത്തിനുള്ള ഒരു മാർഗ്ഗമായി മാത്രമെ അവർ വൈദികാന്തസ്സിനെ കണക്കാക്കുന്നുള്ളുവെന്നും ജനങ്ങളോട്ടു തുറന്നു പറയണം. അങ്ങനെ ജനങ്ങളിലുള്ള വൈദികരുടെ സ്വാധീനശക്തി കുറയ്ക്കണം. ഇതു

സംബന്ധിച്ച് സ. ജോർജ്ജ് എഴുതിയിട്ടുള്ള ഒരു ലേഖനം മീററിം
ഗിലുംമററും വിതരണം ചെയ്യുന്നതു് വളരെ നന്നായിരിക്കും.

മാ— അതിനൊന്നാന്തരം പണി ഇടവകകളിലുള്ള പള്ളി
വഴക്കിൽ വികാരിക്കെതിരായുള്ള കക്ഷിയിൽ നാം ചേരുവാൻ
നോക്കണം. അങ്ങനെ വഴക്കില്ലാത്തിടത്തു് ചില രസക്കേടുക
ളെല്ലാം ഉണ്ടാക്കി നമുക്കു കാര്യം നേടുവാൻ സാധിക്കും.

രവി— മതം അടിയോടെ പിഴുതുകളയുകയല്ലേ നല്ലതു്.

ജോ— അതല്ല, മതം ഒന്നായി പിഴുതുകളയുവാൻ നോക്കി
യാൽ നടക്കുകയില്ല. ജനങ്ങളിൽ ഭൂരിഭാഗവും മതഭക്തരാണു്.
അതിനാൽ മതത്തിനെതിരായി ഒരു പ്രത്യക്ഷസമരംകൊണ്ടു്
ഒരുഗുണവും ഉണ്ടാകുവാൻ പോകുന്നില്ല. നമ്മുടെ പാർട്ടിഅംഗ
ങ്ങൾ എല്ലാവരും പള്ളിയിലും അമ്പലങ്ങളിലും പോകണം. അ
ങ്ങനെ അകത്തുനിന്നുതന്നെ പിളർപ്പുണ്ടാക്കിയാലെ ഫലമുള്ളു. ഈ
നയം എടുത്തില്ലായിരുന്നെങ്കിൽ പണ്ടേ തന്നെ അവർ പിടികൂടി
യേനേ. എന്നെ ഒരിക്കൽ ഒരാൾ ഒററിക്കൊടുത്തു. ആ വക്കൻ
സാറിന്റെ മകൻ. അവൻ ഏതായാലും ളോവ ഊരി പുറത്തു
ചാടി.

മാ— അവൻ ഈയിടെ ഒരു വിരുദ്ധനായി തീർന്നിരിക്കുക
യാ. ഊണും ഉറക്കവും ഇല്ലാതെ പ്രവർത്തനമാണു്.

ചന്ദ്ര— പണ്ടൊരു പെടകൊടുത്തതല്ലേ. ഇനീം പുറകെപുറ
കെ ആവശ്യത്തിനു കൊടുത്തുകളയാം.

ജോ— ഏതായാലും അവനോടു പകരംചോദിക്കണം. പ
ക്ഷേ അന്നു ഞാൻ രക്ഷപെട്ടു. ചില പുസ്തകങ്ങളിൽ കണ്ടതു്
പറഞ്ഞേ ഉള്ളൂ എന്നു പറഞ്ഞു. അതിൽപ്പിന്നെ ഭക്തിമാർഗ്ഗമാണു്
അവലംബിച്ചിരിക്കുന്നതു്. ആളുകളെ വശീകരിക്കുവാൻ ഈ
ഭക്തിപോലെ പററിയ പണിയില്ല; കേട്ടോ.

ചന്ദ്ര— സ. ജോർജ്ജിന്റെ പുറപ്പാടു് ഒരു ബോംബാണു്.
അതു നമുക്കു നല്ലനേരത്തെ പൊട്ടിക്കാവൂ. അതു് അടുത്തമാസം
'പ്ലീന'ത്തിന്റെ അനുമതി. അന്നു് ഒരു പ്രസ്താവനതന്നെ ഇറ
ക്കിക്കളയാം.

ജോ— അതിനുള്ള സാഹചര്യം ഞാൻ ഒരുക്കുന്നുണ്ടു്. നമ്മു
ടെ ചങ്കുവിനെ പിരികയററിയിട്ടുണ്ടു്. അവൻ അടുത്തുതന്നെ കൂ
ടുതൽ കൂലി ആവശ്യപ്പെടും; ഒന്നുകിൽ കൂലി കിട്ടുകയില്ല അ

ല്ലെങ്കിൽ പിരിച്ചുവിടും. എന്തായാലും സത്യാഗ്രഹം തുടങ്ങുവാൻ ഏർപ്പാടുചെയ്തിട്ടുണ്ട്. സത്യാഗ്രഹം തുടങ്ങി രണ്ടുദിവസം കഴിയു മ്പോൾ ഞാൻ അവനുവേണ്ടി വാദിച്ച് പ്രതിഷേധിച്ച് പുറ ത്തു ചാടിക്കൊള്ളാം.

എല്ലാവരും—ബലേഭേഷ്!!

ചന്ദ്ര— അന്നു സഖാവു ജോർജ്ജിനു് ഒരു വൻപിച്ച സ്വീ കരണം നൽകുന്നതാണു്. പക്ഷെ ഇതൊരാരംഭം മാത്രമാണു്. ജാഥയും മീററിംഗും മാത്രംപോരാ. ആളുകളെ പാട്ടിലാക്കണമെ ങ്കിൽ അവരുടെ വീട്ടുകൾതോറും നാം കയറി ഇറങ്ങണം. പ ക്ഷെ നമ്മുടെ പരിപാടികളനുസരിച്ച് ഓരോ പാർട്ടി പ്രവർത്ത കനും അവൻെറ ജോലി വളരെ കൃത്യമായി ചെയ്യണം.

മാ— നമുക്ക് ഇനിയും വളരെ ഊർജ്ജിതമായി പ്രവർത്തി ക്കണം.

ചന്ദ്ര— സഖാവു ജോർജ്ജ് ഒരു കമ്യൂണിസ്‌ററുകാരനാണെ ന്നു അറിയിക്കേണ്ട. പാവങ്ങളോട്ട് അനുഭാവമുള്ള ഒരു വൈദി കനായിമാത്രം മററുള്ളവർ മനസ്സിലാക്കിയാൽ മതി.

ജോ— അങ്ങനെതന്നെയാണുവേണ്ടതു്. എന്നാൽ സഖാക്ക ളെ നമുക്കു തല്ക്കാലം പിരിയാം. സമയം വളരെയധികമായി. പക്ഷേ ഈ നിശ്ചയങ്ങൾ മററാരും അറിയരുതു്.

മാ— എന്നാൽ ഞാനും രവിയും ഉടനെ പോകയാണു്. (എ ഴുന്നേൽക്കുന്നു.) ഞങ്ങൾക്കു പോയിട്ടു് ഒരത്യാവശ്യമുണ്ടു്.

(അവർ പോകുന്നു)

(ചന്ദ്രനും ജോർജ്ജുംകൂടി സ്റ്റേജിൻെറ ഒരു വശത്തേയ്ക്കു മാറി രഹസ്യമായി സംസാരിക്കുന്നു. അപ്പോൾ ജോണും ബേ ബിയും പൊട്ടിച്ചിരിച്ചുകൊണ്ടു പ്രവേശിക്കുന്നു.)

ജോൺ— ജോർജ്ജച്ചോ ഇങ്ങനെയാണോ ഭാവിപരിപാടി. ഇ തിനാണോ ഡൻറിസ്റ്റിനെ കാണുവാനെന്നും പറഞ്ഞു് സെ മിനാരിയിൽനിന്നും പോന്നതു്. ഞങ്ങൾ കഴുതകളൊന്നുമല്ല കേ ട്ടോ. (ജോർജ്ജ് തിരിഞ്ഞുനോക്കുന്നു. ഭയവിഹ്വലനായിത്തീരുന്നു. ചന്ദ്രനു് അരിശംകൊള്ളുന്നു.)

ബേബി— അച്ചോ ഇതെന്താണു്? അങ്ങു് പൗരോഹിത്യ ത്തെ ചെളിവാരി എറിയരുതെ.

ജോൺ— ഇതു തീർച്ചയായും നാളത്തെ പേപ്പറിൽകാണും. ഇനിയും വൈദികരെ വഞ്ചിക്കാമെന്നു് അങ്ങു് ഒരുനാളും കരു

തേണ്ട. പണ്ടേതന്നെ ഞങ്ങൾക്കു സംശയമുണ്ടായിരുന്നു. അതു കൊണ്ടാണു പിൻതുടന്നതു്. ഞങ്ങൾ നിങ്ങളുടെ സംഭാഷണം മുഴവൻ അടുത്ത മുറിയിലിരുന്നു കേൾക്കുകയായിരുന്നു. ഇതാ ഞങ്ങൾ പോകുന്നു. അങ്ങു വരുന്നതിനുമുൻപു് ഞങ്ങൾ സെമ്മിനാരിയിൽ ഉണ്ടായിരിക്കും.

(അവർ പോകുന്നു.)

ജോർജ്ജ്— ചന്ദ്രാ, പണിയെല്ലാം അവതാളത്തിലായല്ലോ. അവർ എന്നെ പിൻതുടരുമെന്നു് ഒരറിവും ഇല്ലായിരുന്നു. സർവ്വ പ്ലാനും അങ്ങനെ തകന്നു. കഷ്ടം! ഇതെല്ലാം അവിടുള്ള ഒരു കത്തനാരുടെ പണിയാണു്.

ചന്ദ്രു— ഒന്നുമില്ല ജോർജ്ജ്. താങ്കൾ ഇനിയും തിരിച്ചു പോകയേവേണ്ട. ഇന്നുതന്നെ നമുക്കു പ്രവൎത്തനം ആരംഭിക്കാം.

ജോ— (ചിന്താവിഷ്ടനാകുന്നു.— മുഖം ബീഭത്സമാകുന്നു) പക്ഷേ .. പക്ഷേ ...

ചന്ദ്രു— എന്തുപക്ഷേ ... ആണായാൽ കുറെ ധൈര്യമൊക്കെ വേണം. ഇതിനോളം പററിയ അവസരം ഇനിയും പുറത്തുചാടാൻ ഏതാണു്?

ജോ— (വീണ്ടും മൗനം— ചിന്തിക്കുന്നു. മുഖം വികൃതമാകുന്നു.)

ചന്ദ്രു— ഹോ കഷ്ടം! ഞാനോൎത്തു കുറെ ഒക്കെ ആണത്തമുണ്ടെന്നു്. പക്ഷേ ...

ജോ— ശരിയാണു് ... ഇതിൽ നല്ല ഒരവസരം ഇനിയും ലഭിക്കയില്ല. (ളോഹ ഊരി വലിച്ചെറിയുന്നു. പൈശാചിക ഭാവത്തിൽ അട്ടഹസിക്കുന്നു) ഹ .. ഹ ... ഹാ .. ചന്ദ്രാ, നാസ്തോലം കെട്ടിയാൽ കുരസ്സുണം. ഇതാ ഞാൻ നനച്ചിറങ്ങുകയാണു് ... ഹ ... ഹാ ... ഹാ .. സഖാവെ നമുക്കു പോകാം .. വരൂ, നമുക്കു് പ്രവൎത്തനം ആരംഭിക്കാം ... (പോകുന്നു.)

കർട്ടൻ.

# രംഗം 5

(ബേബിയുടെ വീട്ട്. വക്കൻസാർ ഒരു കസേരയിലിരു ന്നു പത്രം വായിക്കുന്നു. അല്പനേരം വായിച്ചശേഷം.)

വ:– എടാ മോനെ, വേവിച്ചാ, എടാ.

ബേ– (അണിയറയിൽ) എന്തോ.

വ– നീ ഇങ്ങോട്ടൊന്നു വന്നേടാ.

ബേ– (വരുന്നു) എന്തിനാ അച്ചാച്ചാ എന്നെ വിളിച്ചതു്. ഞാൻ അകത്തൊരു ജോലി ചെയ്യുകയായിരുന്നു.

വ– നെനക്കെപ്പോഴും ജോലിതന്നെ ജോലി. എടാ കൊച്ചെ നിന്നെ കോളേജി വിട്ടതുതന്നെ എൻെറ കുററം. എടാ മോനേ! നിനക്കു വല്ല സൂക്കേടും പിടിച്ചാലോ.

ബേ– ഇല്ലച്ചാച്ചാ, ബുദ്ധിമുട്ടാതെ വല്ലതും നടക്കുമോ. അ ച്ചാച്ചനെന്തിനാ എന്നെ വിളിച്ചതു്.

വ– നീയൊന്നു നോക്കിക്കെ, ഇതിൻെറ അകത്തു് ഒത്തിരി അക്കങ്ങളു കാണുന്നുണ്ടല്ലോ ഇതെല്ലാം എന്തോന്നാടാ.

ബേ– ഹോ! ഞാനാക്കാര്യമങ്ങു മറന്നുപോയി. ഇന്നു റിസ ൾട്ടു് അറിയുന്ന ദിവസമാ അച്ചായാ. അതു പരീക്ഷയിൽ ജയി ച്ചവരുടെ നമ്പറുകളാ.

വ– (ധൃതിയിൽ) എൻെറ മോൻേറതുണ്ടോന്നു നോക്കിക്കെ.

ബേ– (പേപ്പർ തിരിച്ചും മറിച്ചും നോക്കുന്നു.) ഇതാ അ ച്ചായാ ഉണ്ടു് 1574.

വ– (സന്തോഷഭരിതനായി) എൻെറ മോനേ നീ മിടു ക്കൻ. ദൈവത്തിനു സ്തുതിയായിരിക്കട്ടെ. (സൂക്ഷിച്ചു നോക്കി യിട്ടു്) ഇതെന്താടാ മോനെ ആ നമ്പറിൻെറ മോളിൽ ഒരു ചന്ദ്രക്കല.

ബേ– അതച്ചായാ ഒന്നാമതായി ജയിച്ചവരുടെ നമ്പറുക ളാണു്.

വ– അപ്പോ എൻെറ മോൻ ഒന്നാമതായിട്ടു ജയിച്ചു; ഇല്ലേ. (ബേബിയെ വാത്സല്യപൂർവ്വം തഴുകുന്നു.) അല്ലേലും നീയെ ൻെറയല്ലേ മോൻ. നീ ഒന്നാമനായിട്ടു ജയിച്ചാപ്പോരാ അതിലും കൂടുതൽ വേണം. എടാ മോനെ വേവിച്ചാ, ഇന്നുതന്നെ നീ പള്ളിയിൽ ചെന്നു് മാതാവിനു രണ്ടു തിരി കത്തിച്ചേക്കണം

കേട്ടോ. നിന്റെ പരീക്ഷേടന്നു ഞാൻ നേർന്നിരുന്നതാ. കുഞ്ഞു ചെന്നു നിന്റെ അമ്മച്ചിയേക്കൂടെയൊന്നു വിളിച്ചോണ്ടു വന്നേ. (ബേബി പോകുന്നു. വക്കൻസാർ ആത്മഗതം) ഇനീ ഞാനാരാ... എന്റെ മോൻ അങ്ങനെ ബി. ഏ. പാസ്സായി. അവനൊരുദ്യോഗം കിട്ടും. എഡ്മാസ്റ്ററുദ്യോഗം... ഹ...ഹ...ഹ... അന്നു ഞാൻ എഡ്മാസ്റ്ററുടെ അപ്പൻ. ഒടനെതന്നെ അവനെക്കൊണ്ടൊരു പെണ്ണു കെട്ടിക്കണം. രൂഭാ പത്തുപതിനായിരം അങ്ങു ചോദിക്കണം... അല്ല ബി. ഏ. പഠിപ്പിച്ചിട്ടല്ലേ... അങ്ങനെ ഞാൻ... (ബേബി പ്രവേശിക്കുന്നു.)

ബേ— അച്ചാച്ചാ അമ്മച്ചി അകത്തില്ല. പുറത്തേക്കെങ്ങാണ്ടിറങ്ങിയതാ.

വ— എടാ മോനെ അന്നു നീ സെമ്മിനാരിയിൽനിന്നു പോന്നതുതന്നെ നന്നായി. അതു നമ്മടെ ഭാക്യം. കേട്ടോ വേവിച്ചാ നീ നാളെത്തന്നെ സർക്കാരിലേക്കു് ഒരപേക്ഷ അയയ്ക്കണം, ഒരുദ്യോഗത്തിനു്.

ബേ— അച്ചാച്ചാ അതിനെന്നാ ഇത്ര ധൃതി. അതെല്ലാം നമുക്കു സാവധാനത്തിലാകാമല്ലോ. പിന്നെ... എനിക്കൊരു കാര്യം പറയാനുണ്ടു്.

വ— എന്റെ മോനെന്തു വേണേ പറയാമല്ലോ. എന്നാ വേഗമാകട്ടെ.

ബേ— ഞാൻ പോന്ന സെമ്മിനാരിയിൽ ജോർജ്ജെന്നൊരാളുണ്ടായിരുന്നു. അയാൾ ഒരു കമ്യൂണിസ്റ്റു ചാരനായിരുന്നു. വൈദികനായശേഷം അയാൾ പുറത്തുചാടി കമ്യൂണിസ്റ്റു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണു്.

വ— അയ്ശോ— അതു വളരെ മോശമായിപ്പോയി.

ബേ— അതു നമ്മുടെ സഭയ്ക്കും സമുദായത്തിനും ഇടിവുവരുത്തുന്ന ഒരു സംഗതിയാണു്.

വ— അതിനു ഞാനിപ്പം എന്നായെടുക്കണം മോനെ.

ബേ— അച്ചാച്ചൻ ഒന്നും ചെയ്യണ്ട. ഒരനുവാദം തന്നാൽ മതി.

വ— എന്തിനാമോനെ, അയാളെ ചെന്നു കാണാനാണോ?

ബേ— അല്ല... ആ സംഭവം കേട്ടതിൽപ്പിന്നെ എന്റെ മനസ്സിനു് ഒരു വിഷമം. അദ്ദേഹം ധരിച്ചിരുന്ന ളോഹ ഊരി ദൂരത്തെറിഞ്ഞപ്പോൾ എന്റെ ഹൃദയം വല്ലാതെ ഇടിക്കുന്നുണ്ടായിരുന്നു. ഹോ! എത്ര നീചമായ ഒരു കൃത്യം.

വ— ഹ! ഇതു കളി. എൻെറ മോനെന്തിനാ വെഷമിക്കുന്നെ.

ബേ— അദ്ദേഹത്തെ കത്തോലിക്കാസഭയിലേയ്ക്കു തിരിച്ചു കൊണ്ടുവരണമെന്നാണെൻെറ ആഗ്രഹം. ഞാൻ കുറെ ദിവസമായിട്ട് അതേപ്പററി ആലോചിക്കുകയായിരുന്നു. പിന്നെ റിസൾട്ടറിഞ്ഞിട്ട് അച്ചാച്ചനോടിക്കാര്യം പറഞ്ഞാൽ മതിയല്ലോ എന്നു വിചാരിച്ചു. അതും അറിഞ്ഞു.

വ— എൻെറ മോനേ! അയാളെ തിരിച്ചുകൊണ്ടുവരാൻ കുഞ്ഞിനെങ്ങനെ സാധിക്കും.

ബേ— ഞാനതിനു ആലോചിച്ചു കണ്ടുപിടിച്ച മാർഗ്ഗം ഒരു വൈദികനാകണം എന്നാണ്. അതായതു് വീണ്ടും സെമ്മിനാരിയിൽ പോകണമെന്നു്.

വ— ഇതിനാരുന്നോ ഈ പ്രസംഗമെല്ലാം. നല്ല കൂത്ത്. ഇനീം ഇവിടെ ഒരക്ഷരം മിണ്ടിപ്പോകരുതു് ഹും! അവനച്ചനാകണോന്നു്.

ബേ— അതെ അച്ചാച്ചാ എനിക്കൊരച്ചനാകണം. എനിക്കു സെമ്മിനാരിയിലേയ്ക്കു തിരിച്ചുപോകണം. ആ കമ്യൂണിസ്ററുചാരനെ മാനസാന്തരപ്പെടുത്തണം.

വ— എടാ കൊച്ചേ, വല്ലവനുമൊക്കെ വല്ലോം കാണിച്ചതിനു് നീ കെടന്നു പെടച്ചാൽ കാര്യമായോ? നീ പോയി നിൻെറ കാര്യം നോക്ക്.

ബേ— അച്ചാച്ചാ, നാം മിശിഹായുടെ മൗതികശരീരത്തിൻെറ അംഗങ്ങളാണ്. അതിൽ ഒരവയവം മോശമായിപ്പോയാൽ ശരീരം മുഴുവനും അതിൻെറ പരിണിതഫലം അനുഭവിക്കണം. മററുള്ളവർ ചെയ്യുന്ന തെററുകൾക്ക് നാം പരിഹാരം ചെയ്യണം. അതിനാൽ പിഴച്ചുപോയ ഒരവയവത്തിൻെറ സ്ഥാനം മറെറാരവയവം സ്വീകരിച്ച് അതിനെ തിരിച്ചുകൊണ്ടുവരുവാൻ നോക്കണം. അതിനാൽ എനിക്കു പോകുകതന്നെ വേണം. അല്ലാതെ ഒരു ഗത്യന്തരവുമില്ല. കഷ്ടം! അയാൾ ഇത്ര വഞ്ചകനായല്ലോ. അയാളുടെ വഞ്ചനയ്ക്കു പ്രതികാരം ചെയ്യുക! അതാണെൻെറ ജീവിതലക്ഷ്യം.

വ— (അരിശപ്പെടുന്നു) എടാ മറിച്ചേ, ഇതെന്നാക്കൂത്താ. എങ്ങാണ്ടൊരു കത്തനാരു കമ്യൂണിസ്ററുകാരനായതിന് ഇവിടത്തെ ചെറുക്കനാ നിക്കപ്പൊറുതിയില്ലാത്തതു്. നീ ചെന്നു വേറെ വല്ല പണീംനോക്ക്. പോ ശല്യപ്പെടുത്താതെ.

ബേ— അല്ല, അച്ചായാ എനിക്കു തിരിച്ചുപോകണം. എന്റെ ദൈവം എനിക്കുതന്ന ദിവ്യാനുഗ്രഹങ്ങളെ നഷ്ടമാക്കിക്കളഞ്ഞ ഞാൻ അതിനു പരിഹാരം ചെയ്യണം.

വ— എടാ ഇതെന്തൊരു ശല്യമാണെടാ. സെമ്മിനാരിയിലായിരുന്നപ്പം അവനു വീട്ടിൽ പോരണം. വീട്ടിൽ വന്നപ്പം അവനു സെമ്മിനാരിപ്പോകണം. കേട്ടോ എന്നെ ദേഷ്യപ്പെടുത്തരുതു്. ഞാൻ ഒള്ളകാര്യമങ്ങു പറഞ്ഞേക്കാം.

ബേ— അച്ചാച്ചാ ഇനി അച്ചാച്ചന്റെ ബേബിച്ചൻ മറിച്ചില്ല. ഞാൻ തീരുമാനിച്ചുകഴിഞ്ഞു. അയാളെ തിരിച്ചുകൊണ്ടുവരിക; അതിനായി എന്റെ ജീവിതം ഞാൻ ഉഴിഞ്ഞുവയ്ക്കും. ഇല്ല എനിക്കു പോകണം. എനിക്കൊരു വൈദികനാകണം. വൈദികാന്തസ്സിനു് അയാൾ വരുത്തിയ കളങ്കം ഒരു വൈദികനായിക്കൊണ്ടു് ഞാൻ മായിച്ചുകളയും. തിരുസ്സഭാമാതാവിനു് അയാൾ വരുത്തിയ അപമാനം അവളുടെ അയോഗ്യപുത്രനായ എന്നാൽ പരിഹൃതമാകണം.

വ— എടാ കൊച്ചനെ നിനക്കു കിറുക്കാ. മുഴക്കിറുക്കു്. നീ ഒന്നു ചെന്നു് ഉറങ്ങിയിട്ടുവാ. ഒള്ളരാത്രിയെല്ലാം ചെന്നിരുന്നു പഠിച്ചിട്ടു് ഇപ്പം കോളെടുത്തിരിക്കുവാ.

ബേ— അച്ചാച്ചാ! ഇതച്ചാച്ചൻ വിചാരിക്കുന്നമാതിരി കോളൊന്നുമല്ല. മനുഷ്യക്കു വേണ്ടി ലോകത്തിന്റെ മുന്നിൽ ഭ്രാന്തനായിത്തീർന്ന ക്രിസ്തുവിനുവേണ്ടി ഞാനൊരു ഭ്രാന്തനായിത്തീർന്നിരിക്കുകയാണു്.

വ— സെമ്മിനാരീന്നു തള്ളിക്കളഞ്ഞ കൊച്ചനെ ഇനീം അവരെടുക്കുമോ? നല്ലക്കൂത്താ. അന്നു് ആ അച്ചൻ പറഞ്ഞതാണു് എടാ കുഞ്ഞേ നീ പോകേണ്ടാന്നു്. ഇപ്പം പിന്നെ തൊടങ്ങീരിക്കുവാ ...അവനെ എടുക്കാനിരിക്കുന്നു...

ബേ— തീർച്ചയായും റെക്ടറച്ചനെന്നെ സ്വീകരിക്കും.

വ— പിന്നെ റെക്ടറു നിന്നെ സ്വീകരിക്കും.

ബേ— ഞാൻ പല പ്രാവശ്യം റെക്ടറച്ചനെ കണ്ടു സംസാരിച്ചു... പക്ഷെ വളരെ വിഷമമാണെന്നാ പറഞ്ഞതു്.

വ— അതല്ലേ ഞാനും പറഞ്ഞതു്. ശുദ്ധമാന മാർപ്പാപ്പായുടെ അനുവാദോം മറ്റും വേണം; എറങ്ങിപ്പോയവനെ തിരിച്ചെടുക്കാൻ.

ബേ— റെക്ടറച്ചൻ എനിക്കുവേണ്ടി റോമിലേയ്ക്കെഴുതിയിട്ടുണ്ടു്. തീർച്ചയായും മറുപടി എനിക്കനുകൂല......

വ— എന്തിനാ ഇക്കാര്യമൊക്കെ പറേന്നെ റോമീന്നനുവദിച്ചാലും ഞാൻ അനുവദിച്ചിട്ടു വേണ്ടെ ഈ വീട്ടിന്നെറങ്ങാൻ.

ബേ— തീർച്ചയായും അച്ചാച്ചൻ അനുവദിക്കുമെന്നെനിക്കറിയാം. എൻെറ നന്മയാണല്ലോ അച്ചാച്ചൻെറ ഏകചിന്ത....

വ— അപ്പം ഇതൊക്കെ അറിയാം, ഇല്ലേ. എന്നിട്ടാ ഈ വയസ്സുകാലത്തു് എന്നെ ഇട്ടേച്ചു പോകാനൊരുങ്ങുന്നതു്.

ബേ— എനിക്കേററം വലിയ സങ്കടമാണ് അച്ചാച്ചനെ ഉപേക്ഷിക്കുന്നതു്. പക്ഷെ··· ദൈവത്തിൻെറ ഇഷ്ടം...

വ— (അരിശം)··· ഭൃതെണ്ടീ .. ദൈവത്തിൻെറ··· ഇഷ്ടം···

ബേ— അച്ചാച്ചൻെറ അനുവാദം, അതുമാത്രം...

വ— എൻെറ അനുവാദത്തിനായി നിക്കേണ്ട. കുടുബത്തിനു പേരുദോഷം വരുത്തിയ ചൂലു്.

ബേ— ഞാൻ കുടുംബത്തിനു് ഒരപമാനവും വരുത്തിയില്ലല്ലോ.

വ— അല്ല അവൻ വിളഞ്ഞു വിളഞ്ഞു് അധികമായല്ലോ. നീ ഇനീം എൻെറ പോട്ട വാങ്ങിക്കും അല്ലെങ്കിൽ പോ അകത്തു്. (അരിശപ്പെട്ടുകൊണ്ടെഴുന്നേററു് സ്റ്റേജിൽ അങ്ങോട്ടുമിങ്ങോട്ടും നടനുകൊണ്ടു് പറയുന്നു.) ഞാൻ പത്തുരണ്ടായിരം രൂപാ പിന്നെം ചെലവാക്കി പഠിപ്പിച്ചതു പോരാ, ഇപ്പം അവനു് അച്ചനാകണം.

ബേ— അച്ചാച്ചനെന്തിനാ അരിശപ്പെടുന്നെ.

വ— ഞാനെന്തിനരിശപ്പെടുന്നെന്നു്. നീയൊന്നു പോകുന്നതു കാണട്ടെ.

ബേ— അച്ചായാ എനിക്കു പോകണം. എൻെറ ദൈവവിളിയുടെ മുന്നിൽ അച്ചാച്ചനും അമ്മച്ചിയും സമ്പത്തും സഹോദരങ്ങളും ആരും ഒരു വിലങ്ങുതടിയല്ല.

വ— ബല— ബേഷ്— ഒന്നാംതരം പള്ളിപ്രസംഗം അപ്പം നീ പോകും ഇല്ലേ.

ബേ— എനിക്കു പോകണം.

വ— എന്നാ അതൊന്നു കണ്ടിട്ടേ ഉള്ളൂ. നീ പോകു....ഹ... ഹ···ഹ... അവൻ പോകും (പല്ലു കടിക്കുന്നു).

ബേ— അച്ചായാ ദൈവാഹ്വാനത്തിനെതിരായി നിന്നു് അവിടുന്നു് ദൈവശാപത്തെ കുടുംബത്തിൻെറമേൽ വരുത്തിവയ്ക്കരുതേ.

വ— എടാ നീ ഇത്രയ്ക്കായോ?... പഠിച്ചു പഠിച്ചു് ഇപ്പം അവനെന്നെ പഠിപ്പിക്കാറായി... നീ പോകുമെന്നല്ലെ പറഞ്ഞതു്... നിൻെറ പൊക്കൊന്നു കാണട്ടെ.

ബേ— അല്ലാതെ ഞാനെന്തു ചെയ്യണം. ദൈവതിരുമനസ്സു നിറവേററണമോ അതോ അച്ചാച്ചൻ ...... (തീരുന്നതിനു മുൻപു്.)

വ— ഭ്ര— തെണ്ടീ— നീയാരെയാ ഉപദേശിക്കുന്നെ. നീ പോകും ഇല്ലേ. (അടിക്കുന്നു) എന്നാൽ നീ ഒന്നു ചെല്ല്. ഇനി എങ്ങാനും എൻെറ വീട്ടിൽ കാലുകുത്തിയാൽ! പോടാ വേഗം ഇറങ്ങി. ഈ മുററത്തു നീ കാലുകുത്തിപ്പോകരുതു്. (കലിതുള്ളിപ്പോകുന്നു. പോകുന്നവഴിക്കു തിരിഞ്ഞു്) എടാ ചൂലേ ഇന്നുതൊട്ടു് നീ ഈ വക്കൻെറ മോനല്ല— നീ പോ— തെണ്ടി— ചെന്നു വല്ലവൻെറ ആട്ടു കൊള്ളു് (പോകുന്നു)

ബേ— (കരയുന്നു, ആത്മഗതം) ഏശുനാഥാ, പാപികളുടെ ഏക ആശ്രയമേ, ഈ ധൂർത്തനായ മകനെ വീണ്ടും അങ്ങു സ്വീകരിക്കണമെ. അങ്ങെനിക്കുതന്ന ദൈവാനുഗ്രഹത്തെ വെറും വികാരത്തള്ളലാൽ ഞാൻ നശിപ്പിച്ചു. നാഥാ അതിൻെറ ഫലമായിരിക്കുകയില്ലേ ഈ ഭയാനകമായ സംഭവം!..... എന്തു്.. ഒരു വൈദികൻ കമ്യൂണിസ്ററു ചേരിയിൽ നിന്നുകൊണ്ടു് അങ്ങേയ്ക്കെതിരായി പോരാടുക ...... ജീവനാഥാ ... ഇതെത്രമാത്രം അങ്ങെ വ്യസനിപ്പിക്കയില്ല... ഞാൻ എൻെറ ദൈവവിളിക്കനുസരണം അവിടെ ജീവിച്ചിരുന്നെങ്കിൽ ... ഹാ... ഒരുപക്ഷെ... ഇപ്രകാരം സംഭവിക്കയില്ലായിരുന്നു...നാഥാ... പാപിയായ ഞാൻ ഇതിനു പരിഹാരം ചെയ്യും... അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരുവാൻവേണ്ടി ഞാനെൻെറ ജീവനെ ആഹുതിചെയ്യും. എൻെറ രക്തത്തിൻെറ ഓരോ തുള്ളിയും എൻെറ ഓരോ മാംസപേശികളും ഇതിനായി ഞാൻ ബലിചെയ്യും. എൻെറ നിശ്ചയത്തിൻെറ മുന്നിൽ വിലങ്ങടിച്ചുനില്ക്കുന്ന എല്ലാവരേയും നീ നീക്കിയരുളേണമെ ...... എൻെറ പ്രിയപ്പെട്ട പിതാവു് ... ഈശോ... അദ്ദേഹത്തിനു് നല്ലബുദ്ധി നൽകണമേ··· അമ്മേ... പരിശുദ്ധ കന്യകയേ നിൻെറ കുഞ്ഞിനെ താങ്ങിക്കൊള്ളണമേ...

(അണിയറയിൽ) എടാ കുഞ്ഞേ—വേവിച്ചാ

ബേ— എന്താ അമ്മച്ചീ

അമ്മ— നീയിങ്ങോട്ടൊന്നു വന്നേ. എന്നെ ഇവിടെ കെടത്തിപ്പൊറുപ്പിക്കുന്നില്ലല്ലോ.

ബേ— വരുന്നമ്മച്ചീ— (പോകുന്നു)

കർട്ടൻ.

## രംഗം 6

(സെമിനാരിയിൽ റെക്ടറിൻെറമുറി. അദ്ദേഹം നമസ്കാരം എത്തിച്ചുകൊണ്ടിരിക്കുന്നു. ആരൊ വാതുക്കൽ മുട്ടുന്നു.)

റെക്ടർ— അകത്തുവരൂ.

(ബേബി പ്രവേശിക്കുന്നു. കയ്യിൽ ഒരു ബായ്ഗ് ഉണ്ട്.)

റെ— എന്താബേബീ സുഖമായിരുന്നോ.

ബേബി— പിതാവെ, ഈ ധൂർത്തപുത്രനോടു ക്ഷമിക്കേണമെ. (കരഞ്ഞുകൊണ്ട് കാല്ക്കൽ വീഴുന്നു.)

റെ— (പിടിച്ചെഴുന്നേല്പിക്കുന്നു.) ഇതിനാണോ ഇപ്പോൾ ഇങ്ങോട്ടു വന്നത്.

ബേ— (മൗനം)

റെ— വക്കൻസാറ് എന്തുപറഞ്ഞു.

ബേ— ഒടുവിൽ അമ്മച്ചിയുടെ ശുപാശ്കൊണ്ട് ഒരു വിധത്തിൽ സമ്മതിച്ചു. ഇനിയും അങ്ങോട്ടു ചെന്നേയ്ക്കരുതെന്ന് ഒരു വാണിങ്ങ്കൂടി തന്നിട്ടുണ്ട്.

റെ— (ചിരിച്ചുകൊണ്ട്) എന്താ ഇനിയും തിരിച്ചുപോകുവാൻ വല്ല പ്ലാനുമുണ്ടോ.

ബേ— (നിശ്ചലനായി താഴോട്ടു കുനിഞ്ഞു നില്ക്കുന്നു. രണ്ടുതുള്ളി കണ്ണുനീർ കണ്ണിൽനിന്നും ഉരുണ്ടു താഴെ വീഴുന്നു.)

റെ— ഞാൻ താമശുപറഞ്ഞതല്ലെ. അതു കാര്യമാക്കിയല്ലൊ. കരയാതെ. (ബേബിയെ ആലിംഗനം ചെയ്യുന്നു.)

ബേ— പിതാവെ, എൻെറ അറിവില്ലായ്മകൊണ്ട് അങ്ങനെ ഒരബദ്ധംപററി. അതിനിയും ആവത്തിക്കാതിരുപ്പാൻ ഞാൻ സൂക്ഷിച്ചുകൊള്ളാം. പിന്നെ മററെ സംഭവം .. (മൗനം) .. (അല്പം കഴിഞ്ഞ്) കേട്ടതിൽപ്പിന്നെ എനിക്കു യാതൊരു സമാധാനവുമില്ലായിരുന്നു. അതെൻെറ പാപത്തിൻെറ ശിക്ഷയായി ഞാൻ കണക്കാക്കുന്നു. തീരെ കുറഞ്ഞത് വീണ്ടും എന്നെ വൈദികാന്തസ്സിലേയ്ക്കു വിളിക്കുവാൻ ദൈവമെടുത്ത ഒരു സൂത്രമായിരിക്കും അത്.

റെ— മകനെ, എന്തു ചെയ്യാം. അങ്ങനെയെല്ലാം അങ്ങ സംഭവിച്ചു. പട്ടം കഴിഞ്ഞ അദ്ദേഹത്തെ ഉടനെ സെമിനാരിയിൽനിന്നും വിടേണ്ടതായിരുന്നു. എന്നാൽ ഒരുകൊല്ലം ഇവിടെ

പഠിപ്പിക്കട്ടെയെന്നു ഞാൻ കരുതി. ... (ദീർഘനിശ്വാസം) ആ അപ്പായിയും ഇങ്ങനെ തലതിരിഞ്ഞു പോകുമെന്ന് ആർ വിചാരിച്ചു.

ബേ— പിതാവേ, തീർച്ചയായും അദ്ദേഹം തിരിച്ചുവരും എന്നാണെൻെറ വിശ്വാസം. അതിനുവേണ്ടിയാണിനിയും ഞാൻ ജീവിക്കുന്നതു്.

റെ— വളരെ നല്ലകാര്യം.

ബേ— ഞാൻതന്നെ തിരിച്ചുവരുമെന്ന് വല്ലവരും വിചാരിച്ചിരുന്നുവോ. എത്രയെത്ര പ്രതിബന്ധങ്ങൾ ഇതിനിടയ്ക്കുണ്ടായി. പക്ഷെ ദൈവാനുഗ്രഹത്താൽ എല്ലാം തകർക്കപ്പെട്ടു.

റെ— നിൻെറ തിരിച്ചുവരവു് പണ്ടേതന്നെ ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. അതേക്കുറിച്ച് പലരോടും ഞാൻ പറയുകയുണ്ടായി. വളരെയധികം പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നു. ബ. റോബർട്ടച്ചൻെറ പരിശ്രമഫലമായാണ് കാര്യം ഇത്രവേഗം നടന്നതു്. ഒരിക്കൽ സ്വമനസ്സാ ദൈവവിളി ഇല്ലെന്നു ബോദ്ധ്യമായി പോകുന്നയാളെ തിരിച്ചെടുക്കാറില്ല. നിൻെറ കാര്യത്തിൽ അവസാനംവരെ ആശങ്കയ്ക്കു വഴിയുണ്ടായിരുന്നുള്ളു. അതിനാലാണ് നിന്നെ പലപ്രാവശ്യം കണ്ടെങ്കിലും എന്തെങ്കിലും കാര്യമായി സംസാരിക്കാതിരുന്നതു്.

ബേ— അങ്ങു് ജോൺവഴി കൊടുത്തയച്ച എഴുത്തും റോമിൽനിന്നും ലഭിച്ച മറുപടിയും രണ്ടു ദിവസം മുൻപു കിട്ടിയതാണ്. ഉടനെ പുറപ്പെടണമെന്നു വിചാരിച്ചു. പക്ഷേ, ചില അസൗകര്യങ്ങളെല്ലാം ഉണ്ടായി. അതിനാലാണ് താമസിച്ചതു്.

റെ— ഈസമയംകൊണ്ടു് ബി. ഏ. പൂർത്തിയാക്കിയെന്നു കേട്ടല്ലൊ.

ബേ— പണ്ടുതന്നെ ഇൻറർ പാസായിരുന്നതുകൊണ്ടു് 'കംബ്ലീററു' ചെയ്യാൻ അച്ചായനു വല്ല്യ നിർബ്ബന്ധമായിരുന്നു. പിന്നെ പ്രത്യേകജോലിയൊന്നുമില്ലായിരുന്നു.

റെ— വക്കൻസാറു വല്യപുള്ളിയാ. ഈ സമയംകൊണ്ടു് കാര്യമുണ്ടാക്കാൻ വേറെ പണിനോക്കിയെന്നു കേട്ടു. ഉദ്യോഗത്തിൻെറ ആപ്ലിക്കേഷനു മറുപടി ലഭിച്ചുവോ.

ബേ— എന്നോടെഴുതുവാൻ പറഞ്ഞതാണ്. പക്ഷേ ഞാനത്ര കാര്യമായി എടുത്തില്ല. അതിനാൽ തന്നെ അയച്ചതായിരിക്കും. മറുപടി ലഭിച്ചുകാണുകയില്ല.

റെ— ദൈവം നൽകിയ ഈ അനുഗ്രഹം ഒരുനാളും മറന്നുപോകരുതു്. എന്നും ദൈവത്തോടു കൃതജ്ഞത ഉള്ളവനായിരിക്കണം. നിൻെറ മരണംവരെ ഈ സംഗതി മറന്നുപോകരുതു്.

ബേ— തീർച്ചയായും. മാത്രമല്ല എൻെറ ജീവിതം ജോർജ്ജിൻെറ തിരിച്ചുവരവിനായി ഞാൻ ബലികഴിക്കും. അദ്ദേഹം വൈദികാന്തസ്സിനു വരുത്തിയ കളങ്കം അങ്ങനെ മായിച്ചുകളയണം.

റെ— നമുക്കതിനായി പ്രാർത്ഥിക്കാം. ഇനിയും മുകളിലേയ്ക്കു ചെല്ലു്. കൂട്ടുകാരിൽ പലരും അങ്ങനെ പ്രതീക്ഷിച്ചിരിക്കുകയാണു്. ചിലരെല്ലാം വന്നുചോദിച്ചു എപ്പോൾ വരുമെന്നു്.

ബേ— അങ്ങുംകൂടി വരികില്ലയോ. നമുക്കൊരുമിച്ചു മുകളിലേയ്ക്കു പോകാം.

റെ— തനിച്ചുപോകുവാൻ വഴി അറിയുവാൻ പാടില്ലെ. അതോ കൂട്ടുകാരു കളിയാക്കുമെന്നു പേടിച്ചോ . . . ഞാൻകൂടിവരാം.

(രണ്ടുപേരുംകൂടിപോകുന്നു.)

(കർട്ടൻ.)

---

## രംഗം 7

(സെമിനാരിയിലെ കാഴ്ചമുറി. ജോണും തങ്കച്ചനും ആരെയോ പ്രതീക്ഷിച്ചിരിക്കുന്നു. ഉടനെ ബേബി വൈദീക വേഷത്തിൽ പ്രവേശിക്കുന്നു.)

ബേബി— എന്താ ജോൺ, വളരെനാളായല്ലോ കണ്ടിട്ടു്.

ജോൺ— പലമാസങ്ങൾതന്നെയായി ഇങ്ങോട്ടൊന്നു കയറി ബേബിച്ചനെ കാണണമെന്നു വിചാരിച്ചിട്ടു്. പലപ്പോഴും ഇവിടെ വരുന്നുണ്ടെങ്കിലും സൗകര്യം കിട്ടണ്ടെ.

ബേ— (തങ്കച്ചനെനോക്കിയിട്ടു്) അപ്പോൾ ഇദ്ദേഹം?

ജോൺ— എൻെറ ഒരു പരിചയക്കാരൻ. തങ്കച്ചൻ എന്നാണു പേരു്.

ബേ— എന്താ തങ്കച്ചാ പതിവില്ലാതെ.

തങ്കച്ചൻ— ജോൺ ബേബിച്ചനെ കാണുവാൻ പോരുന്നെന്നു പറഞ്ഞു. കൂടെ ഞാനും പോന്നുവെന്നുമാത്രം.

ബേ— ജോൺ, നമ്മുടെ പ്രവർത്തനങ്ങളെല്ലാം ഇന്നും തുടരുന്നുണ്ടല്ലോ. റോബർട്ടച്ചനിൽനിന്നും വിവരങ്ങളെല്ലാം അറിയുന്നുണ്ട്.

ജോൺ— ബേബിച്ചൻ അവധിക്കുവരുന്ന കാലങ്ങളിൽ ഒരു കൂട്ടെങ്കിലുമുണ്ട്. ഞാൻ തനിച്ചെന്തുചെയ്യുവാനാണ്.

ബേ— മററുള്ളവരെല്ലാം എവിടെ?

ജോൺ— അവരെല്ലാവരും ഉണ്ട്. പക്ഷേ ഒരേ അഭിപ്രായവും ഒരേ ചിന്താഗതിയും ഉള്ള ഒരാളെ കിട്ടുവാൻ വല്യപ്രയാസം.

തങ്ക— നാം എല്ലാവരും മനുഷ്യരല്ലെ. എല്ലാവർക്കും ഒരേ ചിന്താഗതി ഉണ്ടാകുക സാധാരണയല്ലല്ലോ. ഓരോരുത്തർക്കും അവനവൻെറ വ്യക്തിത്വമുണ്ട്. ആ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്നതായിരിക്കും. അയാളുടെ ചിന്താശകലങ്ങളും.

ബേ— തീർച്ചയായും. മനുഷ്യന് സ്വാതന്ത്ര്യമുണ്ട് ഇഷ്ടംപോലെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും. പക്ഷേ, വിവിധങ്ങളായ അഭിപ്രായങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നതിലാണ് സംഘാത പ്രവർത്തനത്തിൻെറ വിജയം സ്ഥിതിചെയ്യുന്നതു്. നല്ല ആശയം ആരിൽനിന്നായാലും നാം സ്വീകരിക്കണമല്ലൊ.

തങ്ക— അല്ലെങ്കിൽ ജീവിതം ഒരു ഭാരമായേ അനുഭവപ്പെടുകയുള്ളു.

ബേ— എല്ലാ അഭിപ്രായങ്ങളും എല്ലാപ്പോഴും പ്രാവർത്തികമാക്കുവാൻ സാധിക്കുമോയെന്നുള്ളതു് ഒരു പ്രശ്നമാണ്.

ജോൺ— വൈദികരെപ്പോലെയോ, വൈദിക വിദ്യാർത്ഥികളെപ്പോലെയോ ഞങ്ങൾക്കു വല്ലതും സാധിക്കുമോ? നിങ്ങൾക്കു പറയത്തക്ക ജോലിയൊന്നുമില്ല. ഞങ്ങൾക്ക് വീട്ടുകാര്യം നോക്കേണ്ടതായുണ്ട്. അതുകഴിഞ്ഞുള്ള സമയം മാത്രമെ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി മാററിവയ്ക്കുവാൻ നിവൃത്തിയുള്ളു.

ബേ— (കളിയാക്കിക്കൊണ്ടു്) ഇത്രയുംനാൾ സെമിനാരിയുമായി ഇടപഴകിയ ഒരാളുടെ ആശയം കണ്ടില്ലേ?

ജോൺ— ഇടപഴകിയെങ്കിലും അകത്തെ ഉള്ളുകള്ളി വല്ലതും പുറത്തു വിടുമോ . . . എല്ലാം മഹാരഹസ്യം . . .

തങ്ക— അതുപറ. അപ്പോൾ ജോൺ കാര്യം മനസ്സിലാക്കാതെയാണ് സംസാരിക്കുന്നതു്.

ബേ— സെമിനാരിയെന്തെന്നും സെമിനാരി ജീവിതമെന്തെന്നും ജോണിനറിവില്ല.

ജോൺ— (ചിരിച്ചുകൊണ്ട്) നമുക്ക വിളിപ്പ് വേറേയാ ...

ബ്രേ— എങ്കിലും . . .

തങ്ക— സംഗതികൾ അറിയുന്നതു് എപ്പോഴും നല്ലതാണ ല്ലൊ. മേലാൽ അബദ്ധമധികം പിണയുകയില്ല.

ബ്രേ— ഒരു സെമിനരിസ്റ്റിൻെറ ജീവിതം കൃത്യബഹുലത നിറഞ്ഞതാണ്; ക്രമീകൃതമാണ്. അല്പസമയംപോലും നിശ്ചയിക്കപ്പെടാത്തതായി അയാൾക്കില്ല.

ജോൺ— എല്ലാവക്കും അങ്ങനെതന്നെയാ. എപ്പോഴും ഓരോ ജോലികാണും.

ബ്രേ— സെമിനാരിയിൽ ഏതെങ്കിലും ഒരു ജോലിയല്ല; നിശ്ചിത ജോലിയാണ്. ചിലസമയം പ്രാത്ഥിക്കുവാൻ; മററു ചില സമയം പഠിക്കുവാൻ; ഇനിയും കുറെ കളിക്കുവാൻ. ഇങ്ങനെ പോകുന്നു ആ പട്ടിക. ഇവിടെയുള്ള വ്യത്യാസം, നിശ്ചിതജോലി നിശ്ചിതസമയം ചെയ്യണം എന്നുള്ളതാണ്. ഒരാൾക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അതു ചെയ്യേതീരൂ. ഇവിടെയാണ് ക്രമാനുസൃതമായ ജീവിതത്തിൻെറ വൈശിഷ്ട്യം.

തങ്ക— നമുക്ക വല്ലതും ഇപ്രകാരമുണ്ടോ. തോന്നുമ്പോൾ തോന്നുന്നതുപോലെ ചെയ്യാം. ഇഷ്ടമില്ലേൽ ചെയ്യുകയേവേണ്ട.

ബ്രേ— അപ്പണി ഇവിടെ നടപ്പില്ല. ജീവിതത്തിലെ സുഖസൗകര്യങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ മിശിഹായ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചുകൊണ്ടു് ഇഷ്ടമില്ലാത്തതു തിരഞ്ഞെടുക്കുകയാണ് ഓരോ വൈദികവിദ്യാത്ഥിയും ചെയ്യുക. പക്ഷെ, അവനതിഷ്ടമാണ്, സന്തോഷമാണ്.

ജോൺ— അതെ. അതെ ... നിർബന്ധിച്ചാൽ എന്താണ് ചെയ്യിക്കുവാൻ പാടില്ലാത്തതു്.

ബ്രേ— ഒരു നിർബന്ധവുമില്ല. ജോണിനെ വല്ലവരും ഇതിനു നിർബന്ധിക്കുന്നുണ്ടോ. സ്കൂൾ കുട്ടികളെയൊ, കോളേജു സ്ററുഡൻസിനെയൊ വളത്തുന്നതുപോലെയല്ല ഇവിടെ ഞങ്ങളെ വളത്തുന്നതു്. അധികാരികളുടെ സമ്മർദ്ദമൊ നിർബന്ധമൊ ഇവിടെയില്ല. എല്ലാം സ്വാതന്ത്ര്യത്തോടെ തിരഞ്ഞെടുത്തതാണ്. ആ പ്രവത്തനപദ്ധതി തുടൻകൊണ്ടുപോകുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക മാത്രമെ മേലധികാരികൾ ചെയ്യുന്നുള്ളു.

തങ്ക— അപ്പോൾ ഈ മതിൽക്കെട്ടിനുള്ളിലെ ജീവിതം സുഖപ്രദമാണല്ലൊ.

ബേ— തീർച്ചയായും. എന്നാൽ ഒരയഞ്ഞ ജീവിതമായി ധരിക്കരുതു്. ഓരോ വൈദിക വിദ്യാത്ഥിയും ഓരോ ക്രിസ്തുവായി രൂപം കൊള്ളുവാൻ പരിശ്രമിക്കുകയാണു്. ക്രിസ്തു പലസ്തീനായിൽ തുടങ്ങിവച്ച സ്നേഹത്തിൻെറ പ്രേഷിതവൃത്തി തുടൎന്നുകൊണ്ടുപോകുവാനാണു് ഓരോരുത്തരും പരിശ്രമിക്കുന്നതു്. ആനന്ദപൂൎണ്ണമായ ഈ ജീവിതത്തിൻെറ മാധുൎയ്യം അനുഭവിച്ചറിഞ്ഞവൎക്കേ അതിൻെറ യാഥാൎത്ഥ്യം മനസ്സിലാക്കുവാൻ സാധിക്കയുള്ളു.

ജോൺ— ക്രിസ്തുവിൻെറ പ്രേഷിതവൃത്തി തുടരുവാൻ ഈ വേഷംകെട്ടണോ ബേബിച്ചാ. വൈദികനാകുന്നവൻ, കഷ്ടപ്പെടുന്ന അനേകായിരങ്ങളെ ത്യാജ്യകോടിയിൽ തള്ളിക്കൊണ്ടു് സ്വന്തം കാൎയ്യംമാത്രം അന്വേഷിക്കുകയല്ലെ ചെയ്യുന്നതു്.

ബേ— ഒരുനാളുമല്ല! ജോണിലുള്ള ഒരു തെററായ ധാരണയാണിപ്പോൾ പുറത്തുവന്നതു്.

തങ്ക— തെറെറാന്നുമല്ല. ലോകത്തിൻെറ കഷ്ടതയെന്തെന്നു് നിങ്ങൾ ശരിയായി അറിയുന്നില്ല.

ബേ— അതൊരു തെററായ ധാരണയാണു്. ആൎക്കുവേണ്ടിയാണു് അനേകവൎഷത്തെ കഠിനാദ്ധ്വാനത്തിനു് തന്നെത്തന്നെ കീഴ്പ്പെടുത്തിക്കൊണ്ടു് ഒരുവൻ വൈദികനാകുവാൻ ഒരുങ്ങിപ്പുറപ്പെടുന്നതു്.

ജോൺ— അവരവൎക്കുവേണ്ടിത്തന്നെ.

ബേ— അവിടെയാണു തെററു്. ഓരോ വൈദികനും സഹജീവികൾക്കുവേണ്ടിയാണു്. ലോകത്തിൽ കഷ്ടത അനുഭവിക്കുന്ന ആയിരങ്ങളെ കൈകൊടുത്തുയൎത്തുന്നതിനാണു്, അവരുടെ കണ്ണുനീർക്കണങ്ങൾ ഒപ്പിയെടുക്കുന്നതിനാണു് ഓരോ വ്യക്തിയും വൈദികനാകുന്നതു്.

തങ്ക— കുറേയൊക്കെ ശരിയാണു്.

ബേ— മുഴുവനും ശരിയാണു്. ഞാൻ മനസ്സിലാക്കിത്തരാം. ഒരു വൈദികൻ ആകുകയെന്നുവെച്ചാലെന്താണു്. തന്നെത്തന്നെ മുഴുവനും ദൈവത്തിനും സഹജീവികൾക്കുമായി നൽകുകയെന്നാണു്. ഒരു കത്തോലിക്കാ വൈദികൻ തന്നെത്തന്നെ മുഴുവനും ദൈവത്തിനു സമൎപ്പിക്കുന്നതു് ബ്രഹ്മചൎയ്യം അനുഷ്ഠിച്ചുകൊണ്ടും സ്വന്തരൂപതാദ്ധ്യക്ഷനു് അനുസരണം വാഗ്ദാനം ചെയ്തുകൊണ്ടും ലോകസമ്പത്തുകളിൽനിന്നു വേർപെട്ടുകൊണ്ടുമാണു്. ബ്രഹ്മചൎയ്യാനുഷ്ഠാനിയായ ഒരു വൈദികനു് കുടുംബഭാരം പേറേണ്ട ആവശ്യമി

ല്ല. ഒരാകുലചിന്തയും അവൻെറ പ്രവൎത്തനത്തിന് വിലങ്ങുതടിയാകുന്നില്ല. അവൻ സ്വതന്ത്രസ്വതന്ത്രനായി രൂപംകൊള്ളുകയാണ്. (അവരോടായി) ആൎക്കുവേണ്ടി . . ? . . ?

ജോൺ– (മൗനം)

തങ്ക– അച്ചൻതന്നെ പറയൂ.

ബേ– സ്വസഹോദരങ്ങൾക്കുവേണ്ടി. സഹജീവികളുടെ ഉൽക്കൎഷത്തിനായുള്ള അവൻെറ പ്രവൎത്തനങ്ങളിൽ ഭാൎയ്യയും കുട്ടികളും പ്രതിബന്ധമായി നിലകൊള്ളുന്നില്ല. അങ്ങിനെ സ്വസഹോദരങ്ങൾക്കായി തന്നെ മുഴുവൻ ബലികഴിക്കുകയാണ് ഓരോ പുരോഹിതനും ചെയ്യുന്നതു്. കത്തോലിക്കാ പൗരോഹിത്യത്തിൻെറ നിലയും വിലയും സ്ഥിതിചെയ്യുന്നതു് ഇവിടെയാണ്.

ജോൺ– ബേബിച്ചൻ പറഞ്ഞുവല്ലൊ നിങ്ങളെല്ലാം സ്വതന്ത്രസ്വതന്ത്രരാണെന്നുംമററും. സ്വാതന്ത്ര്യത്തിൻെറ അവശ്യഫലമല്ലെ സന്തോഷവും ആനന്ദവും. പക്ഷെ . . .

ബേ– എന്തുപക്ഷെ.

തങ്ക– എങ്ങനെയൊക്കെ ആയാലും ഈ വൈദിക വിദ്യാൎത്ഥികൾ, പ്രത്യേകിച്ചു് സന്യാസ വൈദികവിദ്യാൎത്ഥികൾ ഉമ്മ പിടിച്ചിരിക്കുന്നവരാണെന്നാ കേട്ടിരിക്കുന്നതു്. എനിക്കാരീക്കൂട്ടരുമായി വല്ല്യപരിചയമൊന്നുമില്ല.

ബേ– തങ്കച്ചാ, നോക്കൂ (ഒരുവശത്തേയ്ക്കു കൈചൂണ്ടിക്കാണിച്ചുകൊണ്ട്.) വാനംപാടികളേപ്പോലെ ആത്തുല്ലസിച്ചു പാറിപ്പറക്കുന്ന വൈദികവിദ്യാൎത്ഥികളെ. അവരിൽ ആരാണ് മ്ലാനവദനരായി കാണപ്പെടുന്നതു്. സന്യാസസഹോദരങ്ങളും ഇപ്രകാരംതന്നെയാണ്. എവിടെയും ആനന്ദവും ആഹ്ലാദവും തിരതല്ലുകയാണ്. കാരണം, അവരെല്ലാം ദൈവത്തെ സ്നേഹിക്കുന്നവരാണ്, ദൈവമക്കളാണ്. ദൈവമക്കളുടെ സ്വാതന്ത്ര്യമുണ്ടവൎക്ക്. പക്ഷേ, സന്യാസികൾക്കും വൈദികൎക്കും അവരുടെ അവസ്ഥയ്ക്കു് യോജിച്ച വിനയം അവശ്യമാണല്ലൊ. വിനയവും അടക്കവുമില്ലാത്ത ഒരു സന്യാസിയേയൊ, വൈദികനേയൊ ലോകമിന്നു് ഇഷ്ടപ്പെടുകയില്ല.

തങ്ക– തീൎച്ചയായും.

ബേ– പക്ഷേ ... എന്നും ഈ സന്തോഷവും ആഹ്ലാദവും ആണെന്നു വിചാരിക്കരുതു്. ചിലപ്പോൾ കാൎമേഘങ്ങളും കൊടുങ്കാററുകളും ഒരു വൈദിക വിദ്യാൎത്ഥിയുടെമേൽ വന്നടിച്ചു

റുണ്ട്: ആ നേരത്തു് ദൈവത്തെ കാണുവാൻപോലും സാധിച്ചി ല്ലെന്നുവരും. ഇതെല്ലാം വലിച്ചെറിഞ്ഞിട്ട് ലോകത്തിന്റെ മായാ മോഹങ്ങളിലേയ്ക്കു് എടുത്തുചാടിയാലൊ എന്നുപോലും തോന്നിപ്പോ കും. ജീവിതം ഒരു രസവുമില്ലാത്തതായി തോന്നും എങ്കിലും . . .

ജോൺ– എങ്കിലും . . . ?

തങ്ക– അവരങ്ങനെ ജീവിച്ചുപോകുന്നു. ആരുടെ ജീവിത ത്തിലാണു് ബുദ്ധിമുട്ടും പ്രയാസങ്ങളും ഇല്ലാത്തതു്?

ബേ– . . . എങ്കിലും അവർക്കേററം ആനന്ദാനുഭൂതിയുളവാ ക്കുന്ന ഒരു സംഗതിയുണ്ടു്.

തങ്ക– അതെന്താണു്?

ബേ– സക്രാരിയിൽ പള്ളികൊള്ളുന്ന ദിവ്യനാഥൻ. അവി ടെ അവരുടെ ഹൃദയഭാരങ്ങളെ തുറന്നുവയ്ക്കും. ദുഃഖിതർക്കും ഭാരം വഹിക്കുന്നവർക്കും ശാശ്വത ശാന്തിയരുളുന്ന ആ പ്രേമസ്വരൂപൻ ആശ്വാസത്തിന്റെ മകരന്ദം അവരുടെ ഹൃദയചഷകങ്ങളിലേ യ്ക്കൊഴുക്കും . . . അങ്ങനെ അവർ ആത്മസംതൃപ്തിയടയും.

ജോൺ– ഇതെല്ലാം ഞങ്ങൾക്കുമുണ്ടു്.

ബേ– നിങ്ങൾക്കുമുണ്ടു്. പക്ഷേ ഇത്ര സൗകര്യമായി ഇല്ല ല്ലോ. ഒരു മുറിയിൽ മിശിഹായും മറെറാരുമുറിയിൽ ഞങ്ങളും ... വ. കുർബാനയാണു് സെമിനാരി ജീവിതത്തെയും വൈദിക ജീ വിതത്തെയും ഭൂമിക പറുദീസയായി മാററുന്നതു്.

തങ്ക– നിങ്ങൾ ഈ നാളുകളെല്ലാം പഠിക്കുന്നതെന്താണു്?

ബേ– തത്വശാസ്ത്രത്തിനും ദൈവശാസ്ത്രത്തിനും പുറമെ ആധുനിക മനുഷ്യൻ അറിഞ്ഞിരിക്കേണ്ട എല്ലാ സംഗതികളും വൈദികൻ പഠിച്ചിരിക്കണം. മറെറാരുവാക്കിൽ വൈദികൻ ഒരു വിജ്ഞാനകോശമായിരിക്കണം.

തങ്ക– ഈ പഠനമെല്ലാം കുറെ ബുദ്ധിമുട്ടുള്ളവയാണു്; അല്ലേ?

ജോൺ– വൃഥായാണോ അധികംപേരു് ഈ പണിക്കു് ഇറ ങ്ങിത്തിരിക്കാത്തതു്.

ബേ– വിളിക്കപ്പെട്ടവർ മാത്രമേ വരികയുള്ളൂ. എല്ലാവരു ടെയും വിളി ഒന്നല്ലെന്നു ജോൺതന്നെ പറഞ്ഞുവല്ലൊ. (എല്ലാ വരും ചിരിക്കുന്നു.)

തങ്ക– സാമാന്യജനങ്ങൾ നിങ്ങളെക്കുറിച്ചു വേണ്ടവിധം

അറിയാത്തതിനാലാണ് തെററിദ്ധാരണകൾക്കു വശംവദരാകുന്നതു്. ആ തെററിദ്ധാരണകൾ നീക്കേണ്ടസമയം വളരെയതിക്രമിച്ചിരിക്കുന്നു.

ബേ— വീട്ടിലെ കാര്യമൊക്കെ എങ്ങനെയിരിക്കുന്നു. അച്ചാച്ചനുമൊക്കെ സുഖമല്ലേ.

ജോൺ— പൊടിപൊടിച്ചു പുത്തൻകുർബ്ബാനയ്ക്കൊരുക്കുകയാ.

ബേ— ഞാൻ പുറത്തുവന്നാലുടനെ നമ്മുടെ പ്രവർത്തനങ്ങൾ സജീവമാക്കണം. ജോർജ്ജുംമററും വലിയ 'പ്രൊപ്പഗാന്താ' ആണെന്നു കേട്ടല്ലൊ.

ജോൺ— അവർക്കാളുണ്ടു്. പോരെങ്കിൽ പണവും.

ബേ— ശരിയാണ്. എങ്കിലും സത്യം എന്നും ജയിക്കതന്നെചെയ്യും. എത്രനാൾ അവർക്കു കള്ളപ്രചരണം നടത്തുവാൻ സാധിക്കും.

ജോൺ— (വാച്ചുനോക്കിയിട്ടു്) സമയം വളരെയായി. വന്ന കാര്യം പറഞ്ഞില്ല.

ബേ— എന്താണ്?

ജോൺ— ഈ തങ്കച്ചനു് വല്ല ജോലിയും കിട്ടിയാൽ . . .

ബേ— ജോലിയോ . . . (ഓർത്തുനോക്കിയിട്ടു്) എന്തുമാത്രം പഠിച്ചിട്ടുണ്ടു്.

തങ്ക— ഫിഫ്ത്തു ഫോറംവരെ.

ബേ— പിന്നെ പഠനം തുടരാഞ്ഞതു് . . . ?

തങ്ക— സാമ്പത്തികമായി . . .

ബേ— എന്തുജോലിചെയ്യാൻ സാധിക്കും.

തങ്ക— ഇന്നജോലിയെന്നില്ല. എന്തും. ഒരു ജോലിയന്വേഷിച്ചു നടന്നുമടുത്തു. പഠനമില്ലാത്തതു് ഒരു കുററം. പഠിച്ചവർക്കുപോലും ജോലിയില്ലെന്നുള്ളതു് മറെറാരു വാസ്തവം.

ജോൺ— അച്ചൻ പുറത്തുവരുമ്പോൾ ഒരാളുവേണമെന്നു പറഞ്ഞിരുന്നല്ലൊ.

ബേ— ആ ജോലി തങ്കച്ചനു് . . . !

ജോൺ— ഞാൻ തങ്കച്ചനോടു കാര്യം പറഞ്ഞതാണ്.

തങ്ക— ജോലി ഏതായാലെന്താ . . . മരിക്കുന്നതുവരെ ജോലിചെയ്യുക . . . അഭിമാനവുംകൊണ്ടു നടന്നാൽ കാര്യമായില്ലല്ലൊ . . . പിന്നെ ആട്ടും ചീററം കൊള്ളരുതെന്നൊരു . . .

ബേ— ശരി. പക്ഷേ അതുവരെ.

ജോൺ– കഷ്ടിച്ചു് ഒരുമാസം കൂടിയെ ഉള്ളല്ലോ.

ബേ– (ആലോചിച്ചിട്ടു്) ജോൺ ഒരുകാര്യം ചെയ്യു്. തങ്കച്ചനെ വീട്ടിൽ കൊണ്ടുചെന്നു് അച്ചാച്ചനെ പരിചയപ്പെടുത്തു. ഈ ഒരുമാസം തങ്കച്ചൻ അവിടെനിന്നു് അച്ചാച്ചനെ സഹായിക്കട്ടെ.

ജോൺ– വക്കൻസാർ . . .

ബേ– ഞാൻ പറഞ്ഞുവെന്നു പറയൂ. പോരെങ്കിൽ അച്ചാച്ചനു് സഹായമായി മററാരും വീട്ടിൽ ഇല്ലല്ലൊ. (തങ്കച്ചനോടു്) എന്താ തങ്കച്ചാ ഒരുക്കമല്ലെ?

തങ്ക– ബേബിച്ചൻെറ ഇഷ്ടംപോലെ.

ബേ– പട്ടംകഴിഞ്ഞു് തങ്കച്ചൻ എൻെറകൂടെ. തങ്കച്ചനെ ഞങ്ങളുടെ ഒരു സഹപ്രവത്തകനായി സ്വീകരിച്ചുകൊള്ളാം.

ജോൺ– പററിയപ്ലാൻ; ഞാനും അക്കാര്യം ഓക്കാതിരുന്നില്ല.

തങ്ക– ബേബിച്ചൻെറ ഈ വിശാല ഹൃദയത്തിനു് ഞാൻ എന്നെന്നും കൃതജ്ഞനായിരിക്കും.

ജോൺ– തങ്കച്ചൻെറ ശമ്പളം.

ബേ– അതൊക്കെപ്പിന്നെ നിശ്ചയിക്കാം. ഒരു നല്ലതുക ശമ്പളമായി നൽകണം. തങ്കച്ചനോടു്) വീട്ടിൽ ആരെല്ലാമുണ്ടു്.

ത– മാതാപിതാക്കന്മാരും ഒരു സഹോദരിയും.

ബേ– സഹോദരിക്കു പ്രായം...?

ത– അവൾ പഠിക്കുകയാണു്.

ജോൺ– സഹോദരി തങ്കച്ചൻെറ ഇളയതാണു്.

ബേ– അപ്പോൾ ജോൺ, നീ അച്ചാച്ചനോടു പറഞ്ഞു് കുറെ രൂപാ ഉടനെ തങ്കച്ചനു വാങ്ങി കൊടുപ്പിക്കണം.

ത– ബേബിച്ചൻെറ ഈ കാരുണ്യത്തിനു് ഞാനെന്നും കൃതജ്ഞനായിരിക്കും. അങ്ങനെ, പട്ടിണിയിലാണ്ടു കിടന്ന ഒരു കുടുംബത്തെ അങ്ങു കരയ്ക്കുകയററി.

ബേ– തങ്കച്ചാ ഇതൊരുപകാരം മാത്രമല്ലെ ആയുള്ളു. ഇതു് ക്രൈസ്തവരുടെതന്നെ ധമ്മമായിരിക്കെ, ക്രിസ്തുവിൻെറ പുരോഹിതനാകുവാൻ പോകുന്ന ഞാൻ ചെയ്തതിൽ എന്തത്ഭുതമാണുള്ളതു്

ജോൺ– അടുത്തുതന്നെ നമുക്കു കാണാമല്ലൊ.

ബേ– ഒട്ടും നിരാശനാകാതെ പ്രവത്തനം തുടരൂ. അടുത്തമാസംതന്നെ ഞാൻ വന്നുചേരും. വഷകാലം അടുക്കാറായി.

സാധുക്കളുടെ പുരകൾ ചിലതെങ്കിലും മേയുവാൻ ഓർമ്മ വേണം. കുറെ നഷ്ടം സഹിച്ചാലും സാരമില്ല.

ജോൺ— എന്നാൽ ഞങ്ങളിറങ്ങട്ടെ. സമയം വളരെയായി. എനിക്കാണെങ്കിൽ ഇന്നു പലരെയും അത്യാവശ്യമായി കാണേണ്ടതുണ്ട്.

ത— ഇനിയും പിന്നെ കാണാം.

ബേ— എന്നാൽ അങ്ങനെയാകട്ടെ.

(പരസ്പരം കൈക്കൂപ്പി യാത്ര പറയുന്നു.)

കർട്ടൻ

---

# രംഗം 8

(വിജനമായ ഒരു വഴിവക്ക്. കർട്ടനുപിന്നിൽ അടിയുടെ സ്വരം.)

തോമ്മാ— അമ്മോ! ഓടി വായോ— തല്ലിക്കൊല്ലുന്നേ.

മാത്യു— എടാ കഴുതേ ശെത്തം മിണ്ടല്ലെ. നിൻെറ കഥ ഇന്നു ഞങ്ങൾ കഴിക്കും. കരിങ്കാലി. നീ ഞങ്ങളെ ഒററിക്കൊടുക്കുവാൻ തുടങ്ങുന്നു ഇല്ലെ. (പിന്നെയും അടിയുടെ സ്വരവും തോമ്മായുടെ നിലവിളിയും)

തോ— അമ്മോ തല്ലിക്കൊല്ലുന്നേ— നാട്ടുകാരേ ഓടീ വായോ... എൻെറ ദൈവമേ...തല്ലിക്കൊല്ലുന്നേ.

ര— ഹ...ഹ...ഹ... ദൈവം......വിളിയെടാ ··· വിളി നിൻെറ ദൈവം വരുന്നു. (വീണ്ടും അടിയുടെ സ്വരം തളർന്നുള്ള രോദനം)

സ്റ്റേജിൻെറ മുന്നിൽ ബേബിയും തങ്കച്ചനും ജോണുംകൂടി പ്രവേശിക്കുന്നു.)

ബേ— എവിടെയാണ് വേഗം ചെല്ലൂ.

തങ്ക— അതു തോമ്മാച്ചേട്ടൻെറ സ്വരമാണല്ലോ.

ജോൺ— അവന്മാരെ വിടരുതു്.

(മൂന്നുപേരുംകൂടി അകത്തേയ്ക്കോടുന്നു. ആരെയോ പിടിക്കുന്ന സ്വരം. രവി കർട്ടൻെറ മുന്നിൽക്കൂടി ഓടി രക്ഷപെടുന്നു. ബോധര

ഹിതനായി രക്തമൊലിച്ചുകിടക്കുന്ന തോമ്മായെ ബേബിയും തങ്കച്ചനുംകൂടി എടുത്തുകൊണ്ടു പോകുന്നു. ഉടനെ പിൻകർട്ടൻ പൊങ്ങുന്നു. ബേബിയുടെ മുറി. അവിടെ ഒരു കട്ടിലിൽ തോമ്മായെ കിടത്തി പരിചരിക്കുന്നു. ജോൺ മാത്യുവിനെ വലിച്ചിഴച്ചു കൊണ്ടു പ്രവേശിക്കുന്നു.)

ജോ— ഒന്നിനെയേ പിടികിട്ടിയുള്ളു. മററവൻ രക്ഷപെട്ടു പോയി. എടാ (മാത്യുവിനോട്) തെണ്ടി, ചുണയുണ്ടേ നമുക്ക് അരക്കൈ നോക്കിക്കളയാം. പാവപ്പെട്ടവനോടാണോ എടാ പട്ടീ നിൻെറ ചുണ കാണിക്കുന്നത്.

ബേ— ഇതെന്താണു ജോൺ. അവനെ വിടൂ.

ജോ— അല്ലച്ചോ, അവനീരക്തം കുറെ കുടിച്ചോട്ടെ. പാവങ്ങളുടെ രക്തം ഊററിക്കുടിക്കുവാൻ നടക്കുന്ന നാരകീയ ജന്തുക്കൾ! ഇവനൊക്കെയാണ് പാവങ്ങളെ രക്ഷിക്കാൻ നടക്കുന്ന പതിതപ്രേമികൾ. അമ്പോ— അവൻെറ മൈതാനപ്രസംഗം!

തങ്ക— കുടിയടാ. നീയെന്തേ ചുമ്മാതെ നില്ക്കുന്നു. അല്ലെ നിന്നെ കുടിപ്പിക്കും. ആ പാവത്തിൻെറ അസ്ഥികളെല്ലാം അവർ ഞെരിച്ചു. മൂന്നുനാലു കൊല്ലം ഇവൻെറയൊക്കെ പുറകെ പട്ടിപോലെ നടന്നതിനുള്ള കൂലി.

ബേ— മാത്യു, എന്തിനാണ് ഈ പാവത്തിനെ ഇങ്ങനെ ഉപദ്രവിച്ചത്. ഇതാണോ നിങ്ങളുടെ സ്നേഹം.

മാ— അച്ചാ ക്ഷമിക്കു— സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ഞാൻ അവരുടെകൂടെ കൂടിയെന്നേയുള്ളു.

ജോ— അച്ചോ, ഇവനെ വിടാൻ പാടില്ല. പോലീസിലേല്പിക്കണം.

(തോമ്മാസ്സു പതുക്കെ ബോധംവീഴുന്നു.)

ബേ— ജോൺ, നിങ്ങൾ തോമ്മാച്ചേട്ടനെ എടുത്ത് അകത്തു കൊണ്ടുപോയി കിടത്തൂ. ജോൺ പോയി ഡോക്ടറെ വിളിച്ചു കൊണ്ടുവരൂ.

(ജോണും തങ്കച്ചനും തോമ്മായെ എടുത്ത് അകത്തു കൊണ്ടുപോയി കിടത്തുന്നു.)

ബേ— മാത്യു, നിങ്ങൾ കാണിച്ച അക്രമം നോക്കൂ. ഇപ്പോൾ വേണമെങ്കിൽ എനിക്കു നിന്നെ പോലീസിലേല്പിക്കാം. എങ്കിലും ഇപ്രാവശ്യം ഞാൻ ക്ഷമിക്കുന്നു. എന്നാൽ ഒരു കാര്യം മനസ്സിലാക്കണം. അക്രമംകൊണ്ട് ആരും ഒന്നും നേടുവാൻ പോ

കുന്നില്ല. നിങ്ങളുടെ ഭീഷണിയും മററും മററും കൊണ്ടു് ചൂളിപ്പോകുവാൻ മനുഷ്യർ ഇന്നു വെറും കഴുതകളല്ല. മനസ്സിലാക്കിക്കോ. നിങ്ങൾ ഈ ചെയ്യുന്ന മാരകീയമായ പ്രവൎത്തനങ്ങൾ ഒരിക്കൽ നിങ്ങൾക്കെതിരായി ആഞ്ഞടിക്കും.

മാ— അച്ചാ ക്ഷമിക്കണം. ഇനിയും ഞാൻ ഇവരുടെകൂടെ കൂട്ടുകയില്ല. കാലക്ഷേപത്തിനു മാൎഗ്ഗമായി ഞാൻ ഒരു കമ്യൂണിസ്ററുകാരനായി, അത്രമാത്രം. ഇവരുടെകൂടെ നടന്നാൽ എങ്ങിനെയായാലും മൂന്നുനാലു രൂപാ കൈയിൽ വരും.

ബേ— അവർ വരുന്നതിനു മുമ്പു വേഗം ഓടി രക്ഷപെട്ടുകൊള്ളൂ. തോമ്മായെ രക്ഷിക്കേണ്ടതു് നിന്റെ കടമയാണെന്നു് നീ ഓൎത്തുകൊള്ളണം.

(മാത്യു പോകുന്നു. തങ്കച്ചൻ പ്രവേശിക്കുന്നു.)

തങ്ക— അല്പം പനിയുണ്ടു്. ജോൺ ഡോക്ടറേ വിളിക്കുവാൻ പോയി. മാത്യു എവിടെ?

ബേ— ഞാൻ അവനെ വൃഥാ വിട്ടു.

തങ്ക— അയ്യോ കൈയിൽ കിട്ടിയ പാമ്പിനെ വെറുതേ വിട്ടോ?

ബേ— തങ്കച്ചാ, നമ്മുടെ ചൈതന്യം പ്രതികാരത്തിന്റേതല്ല. തിന്മയെ തിന്മകൊണ്ടു് എതിൎക്കരുതു്. തിന്മയേ നന്മകൊണ്ടുവേണം നാം ജയിക്കുവാൻ. ചില ഹൃദയവ്രണങ്ങളും പട്ടിണിയുമാണു് മാത്യുവിനെ കമ്യൂണിസ്റ്റാക്കിയതു്. നമ്മുടെ ഈ സ്നേഹജന്യമായ വൎത്തനം അവന്റെ ഹൃദയത്തെ സ്പൎശിക്കുകയില്ലെന്നാരറിഞ്ഞു. അല്ല, സ്പൎശിച്ചു കഴിഞ്ഞു.

തങ്ക— മററുള്ളവൎക്കു ഇനിയും ലോകത്തിൽ കിടന്നു ചൊറുക്കേണ്ടേ. സാധുക്കൾക്കു മാനവും മൎയ്യാദയുമായി ജീവിക്കേണ്ടേ.

ബേ— ഒരാൾക്കു മറെറാരാളെ ഉപദ്രവിക്കണമെന്നു വിചാരിച്ചാൽ എന്താണു ചെയ്യാൻ പാടില്ലാത്തതു് അക്രമത്തിനു് അക്രമം ഒരു നാളും പ്രതിവിധിയല്ല. നമ്മൾ കമ്യൂണിസത്തിനെതിരായി പ്രസംഗിക്കുന്നുണ്ടു്; ടൺ കണക്കിനു കടലാസും കളയുന്നുണ്ടു്. എന്നാൽ രക്തം ചൊരിഞ്ഞിട്ടില്ല. രക്തവും ജീവാൎപ്പണവുമേ രക്ഷ നേടിത്തരുകയുള്ളു.

(അകത്തു് തോമ്മാ കൈയും കാലുമിട്ടടിക്കുകയും വേദനകൊണ്ടു് ഞരങ്ങുകയും ചെയ്യുന്നു.)

ബേ— തങ്കച്ചാ, നീയൊന്നു് അകത്തോട്ടു ചെന്നു നോക്കു്. തോമ്മായ്ക്കു് എന്തു വേണമെന്നു ചോദിക്കു്.

തങ്ക— പാവത്തിനു നല്ല കണക്കിനു പററിയിട്ടുണ്ട്. (പോകുന്നു.)

ബേ— ദൈവമേ, അന്ധമായ ഈ ലോകം, രക്തച്ചൊരിച്ചിലിൻെറയും സഹോദരഹത്യയുടെയും ക്രൂരതരങ്ങായ ഈ ലോകം, എത്രനാൾ ഈ അന്ധതയിൽ കഴിഞ്ഞുകൂട്ടും. പാപപങ്കിലമായ ഈലോകത്തിൽ ഹൃദയഐക്യത്തിൻെറയും സ്നേഹത്തിൻെറയും ദീപനാളം അങ്ങു കത്തിക്കേണമെ. 'ഞാൻ ഭൂമിയിൽ തീ ഇടുവാൻ വന്നു. അതു കത്തി എരിയണമെന്നല്ലാതെ എന്താണു ഞാൻ ആഗ്രഹിക്കുന്നതെന്നു' തിരുവാമൊഴിഞ്ഞ ദൈവസൂനോ അങ്ങയുടെ സ്നേഹാഗ്നി ഇവിടെ കത്തിക്കേണമെ. (കടലാസെടുത്തു് എന്തോ എഴുതുന്നു.)

(തങ്കച്ചൻ പ്രവേശിക്കുന്നു.)

തങ്ക— അച്ചോ, ഇനിയെങ്കിലും ഒന്നാശ്വസിച്ചേ, നടന്നു വല്ലാതെ ക്ഷീണിച്ചിരിക്കുകയല്ലേ. എഴുത്തും കുത്തുമൊക്കെ പിന്നാകാം. മണി 2 ആയി. ഇതുവരെ ആയിട്ടും ഊണു കഴിച്ചില്ലല്ലോ. ഇതു നല്ല കളിയാ.

ബേ— തങ്കച്ചാ, എപ്പോൾ വേണമെങ്കിലും ഉണ്ണാമല്ലോ. ആദ്യം മററുള്ളവരുടെ കാര്യങ്ങൾ നടക്കട്ടെ. മാത്രമല്ല ക്രിസ്തുനാഥൻ പറഞ്ഞിട്ടില്ലേ "എൻെറ പിതാവിൻെറ ഇഷ്ടം നിറവേററുന്നതാണു് എൻെറ ഭക്ഷണമെന്നു്."

തങ്ക— ഇതും പറഞ്ഞുകൊണ്ടിരുന്നാൽ കാര്യമായില്ലല്ലോ. പട്ടമേററിട്ടു ഇറങ്ങിയേയുള്ളു. മൂന്നുനാലു മാസംകൊണ്ടു് ആളു പകുതിയായി. ഇങ്ങനെയായാൽ എവിടെച്ചെന്നു നില്ക്കും?

ബേ— തങ്കച്ചാ, ഒരു കത്തോലിക്കാ പുരോഹിതൻ ജീവിക്കുന്നതു് മററുള്ളവർക്കുവേണ്ടിയാണു്. മററുള്ളവർക്കുവേണ്ടി വേല ചെയ്തു് അവൻെറ ശരീരം പകുതി നഷ്ടപ്പെട്ടാലും, അല്ല ജീവൻതന്നെ ബലികഴിക്കേണ്ടിവന്നാലും അതൊരു നഷ്ടമല്ല. അതൊരു ലാഭംമാത്രമാണു്. കത്തോലിക്കാ വൈദികൻെറ ചുമതല എന്താണെന്നു് തങ്കച്ചാ, നീ നല്ലവണ്ണം മനസ്സിലാക്കിയിട്ടില്ല.

ത— എന്നാലും ഇങ്ങനെയുണ്ടോ? ഊണില്ല, ഉറക്കമില്ല, പ്രസംഗതന്നെ പ്രസംഗം. എല്ലാത്തിനും ഒരറുതി വേണ്ടേ. പട്ടമേററയുടനെ ചത്താൽ അച്ചനായിട്ടു കാര്യമില്ലായിരുന്നു

ബേ— (ക്ഷീണസ്വരത്തിൽ) തീർച്ചയായിട്ടും എല്ലാത്തിനും

ഒരറുതിയുണ്ടാകും. എന്നു് ഞാനെന്റെ അന്ത്യശ്വാസം വലിക്കുമോ അന്നു മാത്രമേ എന്റെ ജോലി അവസാനിക്കുകയുള്ളൂ. ഒരു വൈദികനു വിശ്രമം മരണശേഷം മാത്രമെയുള്ളൂ. ദൈവത്തിന്റെ മക്കൾ നശിക്കുന്നതു കണ്ടുകൊണ്ടു് എപ്രകാരം ഒരു വൈദികനു വിശ്രമിക്കുവാൻ സാധിക്കും. അവരെല്ലാം പിതാവായ ദൈവത്തിന്റെ തിരുമടിയിൽ ചെന്നു വിശ്രമിക്കുന്നതു കാണുന്നതുവരെ, തങ്കച്ചാ, എനിക്കു വിശ്രമിക്കുവാൻ സാധിക്കുകയില്ല. സാധുക്കളായ ജനങ്ങൾ ഈ കമ്യൂണിസ്റ്റുകാരുടെ വലയിൽപ്പെട്ടു് വിശ്വാസത്തെ സന്ത്യജിച്ചു ദൈവദ്രോഹികളായി, ധൂർത്തപുത്രരായി നടക്കുമ്പോൾ അവരെ സത്യം ഗ്രഹിപ്പിച്ചു് തിരിച്ചുകൊണ്ടുവരേണ്ടതു് വൈദികരുടെ കടമയല്ലെങ്കിൽ പിന്നെ ആരുടേതാണു്.

ത— അച്ചോ, അധികം പ്രസംഗമൊന്നും വേണ്ട. എപ്പോൾ അച്ചനെ തട്ടണമെന്നുംകണ്ടാണു് കമ്യൂണിസ്റ്റുകാർ നടക്കുന്നതു്. ഇന്നാളു് അച്ചനെ അവർ ഉപദ്രവിക്കാൻ വട്ടംക്കൂട്ടിയ കാര്യം അങ്ങു മറന്നുപോയോ.

ബേ— നാം പേടിച്ചു് അകത്തിരിക്കുകയോ? അതൊരിക്കലും പാടില്ല. ദൈവം തിരുമനസ്സാകുമ്പോൾ മാത്രമെ നമ്മുടെ ജീവനിൽ കൈവയ്ക്കുവാൻ അവർക്കു സാധിക്കുകയുള്ളൂ. അത്രയുംനാൾ നാം അങ്ങേയ്ക്കുവേണ്ടി പ്രയത്നിക്കുകതന്നെ വേണം. "സഹോദരനുവേണ്ടി ജീവൻ ഹോമിക്കുന്നതിൽപരം സ്നേഹമില്ല" എന്നു മിശിഹാതന്നെ അരുളിച്ചെയ്തിട്ടില്ലേ. സാധുക്കൾ!! അവരെ രക്ഷിക്കുവാൻ ഈ രക്തധമനികളിൽ തിളച്ചുമറിയുന്ന ഓരോ തുള്ളി രക്തവും ഞാൻ ചൊരിയുകതന്നെ ചെയ്യും. തൊഴിലാളികളുടെ ഒരു വൈദികൻ!! തങ്കച്ചാ, അതിൽ കൂടുതലൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല.

ത— അച്ചോ, ആ ജോർജ്ജുണ്ടല്ലൊ; അച്ചനെക്കണ്ടാൽ വിടൂല്ല. അയാളാണു് അച്ചനെതിരായി ഈ ബഹളമെല്ലാമൊപ്പിക്കുന്നതു്. അങ്ങയുടെ പ്രസംഗവും പ്രവർത്തനവും മററും മററും അവന്റെ ഉയർച്ചയ്ക്കു ഒരു കീറാമുട്ടിയാണുപോലും. അതുകൊണ്ടു് അച്ചൻ വേണ്ടാത്തിടത്തൊന്നും തലവച്ചുകൊടുക്കരുതെന്നൊരപേക്ഷ. വട്ടത്തിന്റെ ദിവസത്തെ ബഹളംതന്നെ അച്ചൻ കണ്ടതല്ലേ.

ബേ— (മൗനം, ദീർഘമായൊന്നു നിശ്വസിച്ചുകൊണ്ടു്.)

ഹ... ജോർജ്ജ്! തങ്കച്ചാ, അദ്ദേഹം ആരാണെന്ന് നീ അറിയുന്നില്ല. പിന്നെ അതൊരിക്കൽ അറിയുവാനുള്ള സന്ദർഭം നിനക്കുണ്ടാകും. ഞാൻ പട്ടമേല്ക്കുന്നതിനു കുറേക്കൊല്ലം മുമ്പ് അദ്ദേഹം... (മൗനം... വീണ്ടും) അദ്ദേഹത്തിന്റെ തിരിച്ചുവരവാണ്, മാനസാന്തരമാണ് എന്റെ ജീവിതത്തിന്റെ ഏക ഉദ്ദേശം. അയാൾ തിരിച്ചുവരണം. അതിനായി അയാൾക്ക് എന്റെ ജീവൻ വേണമെങ്കിൽ അതും എടുത്തുകൊള്ളട്ടെ. നിസ്സാരമായ എന്റെ ജീവിതത്തിന്റെ വില കൊടുത്ത് അനശ്വരമായ ഒരാത്മാവിനെ വാങ്ങുവാൻ സാധിച്ചെങ്കിൽ ഒരു വൈദികന്റെ ജീവിതം ധന്യധന്യമായി. തങ്കച്ചാ ഞാൻ വീണ്ടും പറയുന്നു, വൈദികന്റെ ജീവിതം ആത്മാക്കൾക്കുവേണ്ടിയാണ്. ആത്മാക്കളെ രക്ഷിക്കുന്നതിനായി എത്രയെല്ലാം കായക്ലേശങ്ങളും കഷ്ടാരിഷ്ടതകളും സഹിച്ചാലും പോരാ അങ്ങനെ സഹിക്കുകയെന്നുള്ളത് ഒരു വൈദികന്റെ ഭാഗധേയമാണ്. കത്തോലിക്കാ തിരുസ്സഭയുടെ ജീവനാഡിയാണ് പൗരോഹിത്യം. അതു ബഹുമാന്യമാണ്, പരിശുദ്ധമാണ്, പരിപാവനമാണ്.

ത— ഇതെല്ലാം അച്ചനു മാത്രമേയുള്ളോ? വേറെ എത്ര അച്ചന്മാരുണ്ട്. അവരും ഇങ്ങനെ ചെയ്തിരുന്നെങ്കിൽ!

ബേ— തീർച്ചയായും അവരെല്ലാം ഇപ്രകാരമാണ് ചെയ്യുന്നത്. ലോകത്തിൽ സുഖസമൃദ്ധമായി ജീവിക്കുവാൻ ഒരു പ്രയാസവുമില്ലാത്ത അവർ എല്ലാം ഉപേക്ഷിച്ചുകൊണ്ട് വെറും ദരിദ്രരായി ക്രിസ്തുനാഥനെ അനുകരിക്കുന്നത് ചില്ലറ കാര്യമാണോ? മാത്രമോ, സ്വയം പട്ടിണികിടന്നുകൊണ്ട് തന്റെ ഭക്ഷണം സാധുക്കൾക്കായി വീതിച്ചുകൊടുക്കുന്ന ഒരു വൈദികന്റെ പിതൃഹൃദയത്തെ വെല്ലുവാൻ വേറെ ആർക്കു സാധിക്കും? മരണത്തിന്റെ ചുടുകാട്ടിൽ കിടന്നു പിടയുന്ന പ്രാണങ്ങൾക്ക് ആശ്വാസത്തിന്റെയും ആലംബത്തിന്റെയും അമൃതധാര പകരുന്ന ഒരു വൈദികനെക്കാൾ കാരുണ്യമൂർത്തിയായി പരസ്നേഹിയായി മററാരുണ്ട്. യാതനയുടെ ഇടനാഴിയിൽ കിടന്നു എരിപിരികൊള്ളുന്ന ബഹുജീവികൾക്ക് സഹായഹസ്തം നീട്ടിക്കൊടുത്തുകൊണ്ട് അവരെ ആനന്ദതുന്ദിലരാക്കുന്ന ഒരു വൈദികനെക്കാൾ വലിയ പതിതപ്രേമി മററാരാണ്. സകലർക്കും നന്മ ചെയ്തുകൊണ്ടു കടന്നുപോയ മിശിഹായുടെ സ്ഥാനപതിയായ ഒരു വൈദികൻ മിശി

ഹായെപ്പോലെ, വഞ്ചകനെന്നും ജനദ്രോഹിയെന്നും താറടിക്കപ്പെട്ടുന്നവെങ്കിൽ ഇതിൽ വലിയ ഭാഗ്യം മററെന്താണ്.

ത— ഇതെല്ലാം ശരിയാണ്. എനിക്കു വിശക്കുന്നു. ഇനിയും ഉണ്ടിട്ട് പിന്നത്തെക്കാര്യം. അച്ഛോ മണി രണ്ടരയായി. ഇനി എപ്പോഴാ നാലുമണിക്കു കാപ്പി കുടിക്കുന്നതു്.

ബേ— തങ്കച്ചാ, എനിക്കു 4 മണിക്കു കാപ്പിവേണ്ട. അതെല്ലാം വല്ല സാധുവിനും കൊടുത്തേയ്ക്കു്. എന്നാൽ നമുക്ക് ഉണ്ണാൻ പോകാം (ഉണ്ണാൻ പോകാൻ എഴുന്നേല്ക്കുന്നു. ആരോ വാതിലിൽ മുട്ടുന്നു.)

ബേ— തങ്കച്ചാ, അതാരാണെന്നു നോക്കു.

(തങ്കച്ചൻ പോയി നോക്കുന്നു. തിരിച്ചുവന്നു്)

ത— ഒരു വയസ്സനാണ്. അവിടെ ഇരിക്കുവാൻ ഞാൻ പറഞ്ഞു. അച്ഛൻ ഉണ്ണാൻ പോവുകയാണ്. അതിനാൽ അല്പം താമസിച്ചേ കാണുവാൻ സാധിക്കുകയുള്ളുവെന്നും പറഞ്ഞു.

ബേ— എന്തിനാ അങ്ങനെ പറഞ്ഞതു്. അയാളിങ്ങു വരാൻ പറയൂ. എന്നിട്ട് നീ അകത്തേയ്ക്കുപോയി ഉണ്ണാൻ ഇരുന്നോ, ഞാൻ ഉടനെതന്നെ വന്നേക്കാം. (തങ്കച്ചൻചെന്നു പറയുന്നു. അതിൻെറശേഷം അയാൾ അകത്തേക്കു പോകുന്നു. അപ്പായി പ്രവേശിക്കുന്നു. മുഷിഞ്ഞു് കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ. ആളറിയുവാൻ പാടില്ലാത്തവിധം ക്ഷീണിച്ചിരിക്കുന്നു.)

അ— ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

ബേ— എന്താ വല്ല്യപ്പാ പതിവില്ലാതെ ഇങ്ങോട്ടൊക്കെ ഇറങ്ങിയതു്. അവിടെ ആ കസേരയിൽ ഇരിക്കു.

അ— അച്ചോ ഞാനിവിടെ നിന്നോളാം.

ബേ— സാരമില്ല. അവിടെ ഇരിക്കു. (അപ്പായി ഇരിക്കുന്നു) പിന്നെ വല്ല്യപ്പൻെറ പേരു്? എവിടുന്നാ വരുന്നതു്?

അ— അച്ചനെന്നെ അറിയൂല്ലേ. എൻെറ പേരു് അ...

ബേ— പറയൂ വല്ല്യപ്പാ എന്താണിത്ര വിഷമം.

അ— അ...പ്പാ...യിന്നാ.

ബേ— (ആശ്ചര്യത്തോടെ) എന്തു് അപ്പായിച്ചേട്ടനോ? ആളറിഞ്ഞില്ലല്ലോ. എന്തുപിണഞ്ഞു; വളരെ ക്ഷീണിച്ചുപോയല്ലോ. (അപ്പായിയുടെ അടുത്തുചെന്നു് സൂക്ഷിച്ചു നോക്കുന്നു)

അ— എന്നാ പറയാനാച്ചാ (കരയുന്നു). അങ്ങനെ ഒരബദ്ധം പററി. ഞാനോറത്തു അച്ചനല്ലയോ എന്നു്.

ബേ— പിന്നെ എന്താണു വിശേഷം. ജീവിതമൊക്കെ സുഖമായിരുന്നോ?

അ— എന്തു സുഖമാണച്ചാ. കഷ്ടപ്പെട്ടുപോയില്ലേ. എന്നെ അങ്ങേരു ചതികല്ലാഞ്ഞോ. ഈ വയസ്സുകാലത്തു് ഇനി എന്നെ തഹായിക്കാൻ വല്ലോരും ഉണ്ടോ. (കണ്ണുനീർ തുടയ്ക്കുന്നു.)

ബേ— ഞങ്ങളൊക്കെയല്ലേ ഉള്ളതു്. അപ്പായിക്കെന്തിന്റെ കുറവാ.

അ— കേട്ടോള്ളൂ എന്നാത്തിന്റെ കുറവാണു്. ആ തെണ്ടി പറഞ്ഞടത്തെല്ലാം നടന്നു. അവൻ പറഞ്ഞതെല്ലാം ചെയ്തു. എന്നിട്ടു് അവന്റെ... (അരിശം വരുന്നു.)

ബേ— അയ്യോ അപ്പായി അങ്ങനെ പറയാതെ ജോർജ്ജ് ഒരച്ചനല്ലേ. അദ്ദേഹം എത്ര മോശക്കാരനായാലും അയാളിലുള്ള പൗരോഹിത്യം അന്യൂനം പാലിക്കപ്പെട്ടും. അദ്ദേഹത്തെ ബഹുമാനിക്കുവാൻ നാം കടപ്പെട്ടുകതന്നെ ചെയ്യുന്നു.

അ— അമ്പോ, അവനെ ബഹുമാനിക്കാൻ... കൊലപാതകി, കവർച്ചക്കാരൻ.

ബേ— അപ്പായി, അദ്ദേഹം ആരെയും കൊല്ലാതെ എങ്ങനെയാണു് കൊലപാതകിയാകുന്നതു്? അങ്ങനെയൊന്നും പറയരുതു്.

അ— അവൻ അച്ചനെക്കൊന്നു... (കരയുന്നു)

ബേ— (ചിരിച്ചുകൊണ്ടു്) എന്നെ കൊന്നെങ്കിൽ പിന്നെ ഞാനെങ്ങിനാ ഇവിടെ നില്ക്കുന്നതു്. ഇതു നല്ല രസമാണല്ലോ. അപ്പായി കരയാതെ കാര്യം പറ.

അ— അവൻ അച്ചനെക്കൊന്നു... (വീണ്ടും കരയുന്നു.)

ബേ— കരയുകയാണെങ്കിൽ ഞാൻ പോകുകയാ.

അ— അച്ചൻ എന്നോടു ക്ഷമിയ്ക്കണം:

ബേ— ക്ഷമിയ്ക്കുവാനായി അപ്പായി എന്നോടൊന്നും ചെയ്തിട്ടില്ലല്ലോ

അ— അവൻ അച്ചനെക്കൊന്നു . (കരയുന്നു.)

ബേ— അപ്പായി ഇവിടെ ഇരുന്നു് അല്പം ആശ്വസിയ്ക്കു്. പിന്നെ കാര്യം പറഞ്ഞാൽമതി. കരച്ചിലൊക്കെ നില്ക്കട്ടെ. ഞാൻ അകത്തോട്ടൊന്നു പോയിട്ടുവരാം. ആ നേരംകൊണ്ടു് അപ്പായിക്കു ഊണു കഴിക്കുകയും ചെയ്യാം. ചോറുടനെ കൊണ്ടുവരും.

അ— വേണ്ട വേണ്ട, അച്ചൻ പോകണ്ടാ. ഞാൻ പറയാം.

ബേ— എന്നാൽ കേൾക്കട്ടെ.

അ— (വളരെ വിഷമിച്ചു കടിച്ചു പിടിച്ചുകൊണ്ടു്) അവൻ അച്ചനെ കൊന്നുംവെച്ചു വരാനായിട്ടു് ഇന്നാളു് എന്നോടു പറഞ്ഞു. (കരയുന്നു.)

ബേ— ഇതായിരുന്നോ കാര്യം. അതിനെന്താ, അപ്പായി എന്നെ കൊന്നില്ലല്ലോ. ഇനിയും എന്തിനാ കരയുന്നതു്.

അ— അവൻ എനിക്കു അതിനായി നൂറുരൂപാതന്നു, എനിക്കെല്ലാണ്ടോ പുത്തിപോയി. ഞാൻ രൂപായും വാങ്ങി ഇവിടെ ഒരിക്കൽ വന്നിരുന്നു. എന്നാൽ അച്ചനെക്കണ്ടിട്ടു് എനിക്കു കൊല്ലാൻ തോന്നിയില്ല.

ബേ— എന്നിട്ടു പിന്നെന്തുണ്ടായി. കേൾക്കട്ടെ. (ചിരിക്കുന്നു)

അ— ഞാനവിടെച്ചെന്നപ്പം ജോർജ്ജുണ്ടല്ലൊ. ആ തെമ്മാടി! അവൻ പറേവാ. അച്ചനോടുള്ള സ്നേഹം കൊണ്ടാണു് ഞാൻ കൊല്ലാതെ പോന്നതെന്നു്.

ബേ— (ഉം, ചിന്തയിലാണ്ടിരിക്കുന്നു.)

അ— എന്നിട്ടെന്നാ, അവൻ അരിശംകൊണ്ടു് എൻെറ അപ്പുറമിപ്പുറം രണ്ടു കൊള. തേ പല്ലു രണ്ടെണ്ണം ഇപ്പം ഇല്ല. (വാപൊളിച്ചു കാണിക്കുന്നു)

ബേ— അതു കുറച്ചനീതിയായിപ്പോയല്ലോ.

അ— അനീതി… അച്ചോ അതേ അവക്കറിയാവൂ. ഞാനിങ്ങനെ ഒന്നും വിചാരിച്ചില്ല. ഒരച്ചനല്ലേന്നും കണ്ടു് അങ്ങേരു പറഞ്ഞതെല്ലാം ഞാൻ അപ്പടി അങ്ങു വിശ്വസിച്ചു. ഇപ്പം അവൻ എന്നെ അടിച്ചു പുറത്താക്കി. എത്ര ദിവസമായി ഞാനിങ്ങനെ തെണ്ടിത്തിരിയുന്നു. കഞ്ഞി കുടിച്ചിട്ടു് ദിവസം രണ്ടായി. എന്നെ സഹായിക്കാൻ വല്ലോരുമുണ്ടോ. എന്നാ പറയാനാ എൻെറ കഷ്ടകാലം. ഉടയതമ്പുരാനേ,അവനോടു ചോദിക്കണേ.

ബേ— അപ്പായി ജോർജ്ജിൻെറ കുശിനിക്കാരനായിട്ടു പോയതല്ലേ. ഇപ്പോൾ ആരുണ്ടു് അദ്ദേഹത്തിനു്.

അ— അതു ഞാനെങ്ങനെ അറിയാനാ. കണ്ടചോകനും നായക്കമൊക്കെ വച്ചു വിളമ്പിക്കൊടുക്കണം. എന്നിട്ടു കിട്ടുന്നതോ? ആട്ടും ചീറവും. പിന്നെ അച്ചനെന്നോടു ക്ഷമിക്കണം. എൻെറ പുത്തിമോശംകൊണ്ടു് അച്ചനെക്കൊല്ലാവന്നേററതാണു്.

ബേ— ഞാനെന്തുക്ഷമിക്കാനാണ്? ഒന്നും സാരമില്ല.

അ— അച്ചോ, അവർ അച്ചനെ കൊല്ലാനായി തരം നോക്കി നടക്കുകയാണ് ആ ചന്ദ്രനും എല്ലാം. ഒന്നു സൂക്ഷിച്ചോണേ.

ബേ— എന്നാൽ ഒരു കാര്യംചെയ്യ്. അപ്പായി എന്നെ കൊല്ലാൻ ഒരുങ്ങിയതല്ലേ. ഇനീം അപ്പായി എങ്ങും പോകേണ്ട. എൻെറകൂടെ താമസിച്ചുകൊള്ളൂ. ഇവിടെ നമ്മുടെ തങ്കച്ചനൊരു കൂട്ടായിരുന്നുകൊള്ളട്ടെ. പിന്നെ വയസ്സും പ്രായവുമൊക്കെ ആയില്ലേ.

അ— വേണ്ട വേണ്ട. അച്ചനെ ദ്രോഹിക്കാൻ കൂട്ടുനിന്ന ഞാൻ ഇനീം അച്ചൻെറ ചോറു തിന്നാനോ? അവരു തല്ലി ഇറക്കിയ എന്നെ എടുത്താ അവരുവന്ന് അച്ചനെ.........

ബേ— അതേക്കുറിച്ച് അപ്പായി പേടിക്കേണ്ട. അവരെന്നെ കൊല്ലുമെങ്കിൽ കൊന്നുകൊള്ളട്ടെ. അപ്പായിക്കു വേണ്ടി ഞാൻ മരിച്ചുകൊള്ളാം.

അ— എൻെറ പൊന്നച്ചനങ്ങനെ പറയാതെ. അച്ചനെ കൊല്ലാൻ വന്നോനുവേണ്ടി അച്ചൻ മരിക്കാനോ...ഹോ... ഇങ്ങനെ വല്ലോരുമുണ്ടോ.

ബേ— അപ്പായീ എല്ലാവരും ഇങ്ങനെ തന്നെയാണ്. ശത്രുവിനെ സ്നേഹിക്കുവാൻ പഠിപ്പിച്ച ക്രിസ്തുനാഥൻെറ ശിഷ്യരാണവർ. ശത്രുക്കൾക്കുവേണ്ടി ജീവനെത്തന്നെ ഹോമിക്കുവാൻ അവർ തയ്യാറാണ്. അതു ഭാഗ്യമായിട്ടാണ് അവർ കരുതുന്നതു്.

അ— അപ്പം അച്ചന്മാരെല്ലാം നല്ലോരാ ഇല്ലേ അച്ചോ. ആ ജോർജ്ജ് പറഞ്ഞു അവരെല്ലാം കള്ളന്മാരാണ്, പാവങ്ങളെ ചുററിക്കുവാന്ന്. അവൻ കാരണമല്ലേ എന്നെ സെമ്മനാരീന്ന് എറക്കി വിട്ടതു്. അവൻ പറഞ്ഞു കണക്കുപറഞ്ഞു ശ്രുഭാ മേടിക്കണം; തന്നില്ലേ അവൻെറകൂടെ ചെല്ലണം എന്നും മററും. അങ്ങനെ ഞാൻ ആ കള്ളൻെറകൂടെ പോയി. അവസാനം ഇങ്ങനെ ഒക്കെ ആയി.

ബേ— അച്ചന്മാരാരും കള്ളന്മാരല്ല. വൃഥാ കമ്യൂണിസ്റ്റുകാർ പറഞ്ഞു പാവങ്ങളെ കബളിപ്പിക്കുകയാണ ചെയ്യുന്നതു്.

അ— അതുപറയച്ചോ... അതുപറ. അന്നപ്പായിക്കു ആ പുത്തി പോയില്ല. അയ്യോ കഷ്ടം.

ബേ— വന്നതേക്കുറിച്ചൊന്നും വിഷമിക്കേണ്ട. ഇനിയും വരാതെ സൂക്ഷിച്ചാൽ മതി.

അ— ഇനീം ഭുക്ഷിച്ചോളാം അച്ഛോ. അമ്പേ അവന്മാരിഞ്ഞു വരട്ടെ. അവന്മാരേ ഈ ഈട്ടേൽ കേറമല്ല. അവൻെറ ഒക്കെ കാലും കൈയ്യും തല്ലിയൊടിക്കണം. നടക്കുന്നു. പാവങ്ങളെ നന്നാക്കാൻ!

ബേ— അപ്പായീ സമയം വളരെയായല്ലോ. ഇനീം നമുക്കു വല്ലതും കഴിയ്ക്കേണ്ടേ. വരൂ അകത്തേയ്ക്ക്. ഇനിയും ഭക്ഷണം കഴിഞ്ഞു നമുക്കു സംസാരിക്കാം. അപ്പായി ഇനീം എങ്ങും പോകേണ്ട.

അ— ഓ. എന്നാ അങ്ങനാട്ടച്ഛോ.

ബേ— എന്നാൽ ഊണു കഴിക്കാം; വരൂ.

(ബേബി മുന്നേയും അപ്പായി പുറകേയുമായി പോകുന്നു.)

കർട്ടൻ.

---

## രംഗം 9

(പാർട്ടി ഓഫീസ്. സ. ചന്ദ്രൻ ധൃതിയിൽ ഏതോ ഫയലുകൾ മറിച്ചുകൊണ്ടിരിക്കുന്നു. ഇടയ്ക്കിടയ്ക്കു ആരെയോ പ്രതീക്ഷിക്കുന്നതുപോലെ പുറത്തേയ്ക്കു നോക്കുന്നു. രവി പ്രവേശിക്കുന്നു.)

ചന്ദ്രൻ— (നീരസത്തോടെ) എവിടെയായിരുന്നു. എത്രനേരമായി നോക്കി ഇരിക്കുവാൻ തുടങ്ങിയിട്ട്.

രവി— ക്ഷമിക്കണം സഖാവേ. ഇപ്പോൾ പേടിച്ചാണ് നടക്കുന്നത്.

ച— ഉം ... എന്നാകാര്യം?

രവി— മറെറാന്നുമല്ല. ജീവനിലുള്ള പേടികൊണ്ട്.

ച— ജീവനിൽ പേടിച്ചിരുന്നാൽ പാർട്ടി പ്രവർത്തനങ്ങൾ എങ്ങിനെയാണ് നടക്കുക. ആണുങ്ങളായാൽ കുറെയൊക്കെ ചങ്കുറപ്പുവേണം . . . സഖാവാണെന്നും പറഞ്ഞു നടന്നാൽ പോരാ.

രവി— അടിയുള്ളിടത്ത് കരണം കാണിക്കുന്നത് നന്നല്ലല്ലോ . . ജോർജ്ജെവിടെ.

ച— (ഈൎഷ്യയോടെ) ജോർജ്ജിൻെറ മടിയിലാണോ ഇരിക്കുന്നതു്. വല്ലവനേയും മലത്താൻ പോയിരിക്കുകയായിരിക്കും.

രവി— ഇപ്പോൾ ആ പണിയും ഉണ്ടോ?

ച— എന്തിനു പറയുന്നു അക്കാൎയ്യമെല്ലാം . . . പണത്തിൻെറ കാൎയ്യം വരുമ്പോൾ എന്തു തിന്മയാണു് ചെയ്യുവാൻ പാടില്ലാത്തതു്. പോരെങ്കിൽ ഇലക്ഷനു് പൊട്ടി. രൂപാ പത്തിരുപതിനായിരം പോയില്ലേ.?

രവി— ആളിപ്പോൾ നമ്മളേയും തട്ടാനാണു് നോട്ടം.

ച— നമ്മളെത്തട്ടും . . . വളരെ സൂക്ഷിച്ചു നടന്നുകൊള്ളണം. പിന്നെ കഴിഞ്ഞ ആഴ്ചയിൽ സഖാവും മാത്യുവുംകൂടി പോയിട്ടുണ്ടു്.

രവി— (മൗനം)

ച— എന്താ ഒന്നും മിണ്ടാത്തതു്?

രവി— (മൌനം)

ച— കാൎയ്യം പറയൂ. തോമ്മായെ ശരിപ്പെടുത്തിയോ?

രവി— എങ്ങിനെ ശരിപ്പെടുത്താനാ?

ച— അതെന്താ?

രവി— നമ്മുടെ പഴേശത്രു . . .

ച— പഴേ ശത്രു?

രവി— ആ ബേബി . . .

ച— ആ കത്തനാരോ?

രവി— കത്തനാരുതന്നെ . . അന്നു് . . .

ച— അന്നു് . . . ?

രവി— അയാളും കൂട്ടുകാരുംകൂടി എന്നേയും മാത്യുവിനേയും പിടികൂടി ഞാൻ ഓടി രക്ഷപെട്ടു.

ച— തോമ്മാ . . . ?

രവി— അയാൾക്കു നല്ല കണക്കിനു് കൊടുത്തിട്ടുണ്ടു്. ശരിപ്പെടുത്തുന്നതിനു മുൻപു ബേബിയും കൂട്ടുകാരും വന്നുകഴിഞ്ഞിരുന്നു.

ച— ബേബി ഒരു ശല്യമായിത്തീൎന്നിരിക്കുകയാണല്ലോ. ജോർജ്ജ് ഇലക്ഷനു തോററതു് ബേബിയുടെ തലയിൽ ചാരിയാണു് ഞാൻ രക്ഷപെട്ടതു്.

രവി— പററിയ വിദ്യ. പിന്നെ ഇങ്ങനെ പോയാൽ . . .

ച— എങ്ങിനെ.

രവി— പാർട്ടിപ്രവത്തനങ്ങൾക്കു് ഒരു ജീവനും ഈയിടെയായിട്ടു് ഇല്ലല്ലോ.

ച— ലനിൻേറയും മാർക്സിൻേറയും തത്വമതാണു്. ചില അവസരങ്ങളിൽ എല്ലാം നാം കൈവെടിഞ്ഞതുപോലെ മററുള്ളവർക്കു് കാണപ്പെട്ടും. പക്ഷേ ... ഉള്ളിൽ വൻപ്രവത്തനങ്ങൾ നടക്കുകയായിരിക്കും.

രവി— എന്താണു് ഇപ്പോൾ നടക്കുന്ന പ്രവത്തനങ്ങൾ?

ച— രവീ, നീ ഇപ്പോഴും സാധുവാണോ? നിനക്കൊന്നും മനസ്സിലാകുന്നില്ലേ?

രവി— എനിക്കൊന്നും മനസ്സിലായില്ല.

ച— ബേബി! അവനാണു് നമ്മുടെ ആദ്യശത്രു.

രവി— അവൻ മാത്രമാണു് നമ്മുടെ ശത്രു.

ച— അതാണു് ഞാൻ പറഞ്ഞതു് നിനക്കൊന്നും മനസ്സിലാകത്തില്ല എന്നു് ... വീണ്ടും നമുക്കു ശത്രുവുണ്ടു് ... നമ്മുടെ ഇടയിൽ.

രവി— അതാരാണു്?

ച— അതു പിന്നെ പറയാം. നാം ആദ്യമായി ബേബിയെ തകക്കുക. നാം ഒന്നു ശ്രമിച്ചു. പക്ഷേ അതു നടന്നില്ല ... അതുകൊണ്ടു നമ്മുടെ പരിശ്രമം നിറുത്തുവാൻ സാധിക്കുമോ? നാം ആണത്തത്തോടുകൂടി ഫലപ്രാപ്തിവരെ പൊരുതുക. ഇതാണു് മാർക്സിൻെറ തത്വസംഹിത. പരാജയങ്ങളെ തൃണവൽഗണിച്ചുകൊണ്ടു് മുന്നേറുക.

രവി— ബേബിയെ നശിപ്പിക്കുവാൻ നമുക്കെങ്ങിനെ സാധിക്കും. അയാൾക്കാണെങ്കിൽ പല യുവാക്കന്മാരും കൂടെഉണ്ടു്.

ച— നമ്മുടെകൂടെയുള്ളതു് പിന്നെയാരാണു്. നമുക്കുമില്ലേ ആളുകൾ. നമുക്കുമില്ലേപണം. അവനെ നശിപ്പിക്കാതെ നമ്മുടെ ഭാവി പരിപാടി ആസൂത്രണം ചെയ്യുക വളരെ വിഷമമാണു്.

രവി— ജോർജ്ജും ബേബിയുമായി ചിലപ്പോഴെല്ലാം സംസാരിക്കുന്നതു കാണാം. എന്നാ വല്ല......

ച— അതുകളയൂ... അതെല്ലാം പിന്നാലെ. രവീ, നിനക്കെന്തുചെയ്യാൻ സാധിക്കും.

രവി— (മൌനം)

ച— മാർക്സിൻെറ അനുയായിയുടെ ധൈര്യം ഇവിടെയാണു് നീ കാണിക്കേണ്ടതു്.

രവി— ഞാൻ ഒററയ്ക്ക് എന്തു ചെയ്യാനാണ്!

ച— ഞാൻ പ്ലാനെല്ലാം പറഞ്ഞുതരാം.

രവി— കഴിഞ്ഞദിവസം ജോർജ്ജ് പറഞ്ഞതുപോലെയായിരിക്കും; അല്ലേ?

ച— എന്താണ്?

രവി— എന്നെയും മാത്യുവിനേയും കുഴിയിൽ ചാടിച്ചിട്ട് അയാൾ മാറിക്കളഞ്ഞു. ജീവൻ കിട്ടിയതു് ഭാഗ്യം!

ച— ഞാൻ ജോർജ്ജല്ല രവീ, ഇനിയെങ്കിലും മനസ്സിലാക്കൂ. ജോർജ്ജ് അധികാരം കവന്നെടുക്കുവാൻ നമ്മെ ഉപകരണമാക്കുന്നു. നമ്മുടെ രക്തംപോലും അയാൾ വേണ്ടിവന്നാൽ ചൊരിയും. പക്ഷേ......

രവി— പക്ഷേ...?

ച— എത്രനാൾ നാം ഇപ്രകാരം അയാളുടെ കൈക്കുരങ്ങുകളായി തുള്ളണം. നമുക്കും അഭിമാനമില്ലേ? നമുക്കും ആഗ്രഹങ്ങളില്ലേ?

രവി— എല്ലാം ഉണ്ട്. പറഞ്ഞതുകൊണ്ടു വല്ല ഫലവുമുണ്ടോ? അയാൾ ഇന്ന് പാർട്ടി സെക്രട്ടറിയാകുവാൻ പരിശ്രമിക്കുകയാണ്.

ച— അതാണ് ഞാൻ പറഞ്ഞതു്; നമ്മുടെ രക്തംപോലും അയാൾ അതിനുവേണ്ടി ചൊരിയും. പോരെങ്കിൽ ഇലക്ഷന്റെ കാര്യത്തിൽ അയാൾക്കു നമ്മെ സംശയവുമുണ്ട്.

രവി— ഹേ... അതൊന്നുമില്ല. അദ്ദേഹത്തിന്റെ പ്രവൎത്തനങ്ങൾ പഴയതുപോലെ തന്നെ.

ച— ശരിയാണ്... പക്ഷേ... തെററുമാണ്. അയാൾ അങ്ങനെ പെരുമാറുന്നെങ്കിൽ അതെന്റെ പ്രവൎത്തനമാഹാത്മ്യം കൊണ്ടാണ്. അയാൾക്ക് ഒരു സംശയവും നല്കുവാൻ ഞാൻ ഇടനല്കിയിട്ടില്ല. എന്നാൽ...

രവി— എന്നാൽ...?

ച— അയാളാണ് നമ്മുടെ ഉൽഗതിക്ക് തടസ്സമായി നില്ക്കുന്നതു്. നമുക്ക് ഉയരണമെങ്കിൽ അയാളെ നാം നശിപ്പിക്കണം— ഇവനാണ് നമ്മുടെ രണ്ടാമത്തെ ശത്രു.

രവി— പാർട്ടിയിൽ തന്നെ വളരെയധികം പിടിപാടുള്ള ഒരു വ്യക്തിയെ നമുക്ക് എങ്ങിനെ നശിപ്പിക്കുവാൻ സാധിക്കും.

ച– അതിനു പ്രയാസമില്ല. നാം സ്നേഹഭാവത്തിൽ തന്നെ അവസാനംവരെ പ്രവർത്തിക്കണം. നാം അയാളെ ചതിക്കുമെന്ന് ഒരു സൂചനപോലും കൊടുക്കരുത്.

രവി– എന്നിട്ട്...?

ച– (നാലു ചുററും നോക്കിയിട്ട്) ഇനിയുള്ള കാര്യം പരമ രഹസ്യം ... അവനെ തട്ടുക.

രവി– (മൌനം)

ച– എന്താണ് ഒന്നും മിണ്ടാത്തതു്?

രവി– ഞാൻ പിന്നീട്ടുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുകയായിരുന്നു.

ച– ഇത്രമാത്രം ആലോചിക്കുവാനുണ്ടോ? സംഭവം നടന്നാലുടനെ നാമൊരു രഹസ്യപ്രചരണം നടത്തണം. ബേബിയും കൂട്ടുകാരുംകൂടി സ. ജോർജ്ജിനെ കൊലപ്പെടുത്തിയിരിക്കുന്നുവെന്ന്. പോരെങ്കിൽ ചില അനുശോചനയോഗങ്ങളും പലയിടത്തും സംഘടിപ്പിക്കണം.

രവി– പററിയ പ്ലാൻ.

ച– ഒരു വെടിക്ക് അങ്ങിനെ രണ്ടു പക്ഷി.

രവി– അങ്ങനെ ബേബിയെ ജയിലിൽ കേററാം അല്ലേ?

ച– ജയിലിൽ കയററുക മാത്രമല്ല. തൂക്കിക്കൊല്ലുവാൻ വിധി എഴുതിക്കണം. കേസു നല്ല ഉഷാറിൽ നടത്തിയാൽ കാര്യം നേടി.

രവി– അപ്പോൾ നമ്മെ ആരും സംശയിക്കുകയുമില്ല. പിന്നെ അതിൻെറ പ്ലാൻ.

ച– രവിക്കെന്തു തോന്നുന്നു?

രവി– (ആലോചനയിൽ നിമഗ്നനായി കാണപ്പെടുന്നു.)

ച– എനിക്കൊരു പ്ലാൻ തോന്നുന്നുണ്ട്. എതാണ്ട് 10 മണി രാത്രിയോടുകൂടിയാണല്ലോ ജോർജ്ജ് ഓഫീസിൽനിന്ന് വീട്ടിലേയ്ക്കു മടങ്ങുന്നതു്.

രവി– ഉം.

ച– വഴിയ്ക്കുള്ള കാവിൻെറ ഉള്ളിൽ നമ്മിൽ ആരെങ്കിലും പതിയിരിക്കുക. അതും ഒരു ളോവ ധരിച്ചുകൊണ്ട്.

രവി– (തല കുലുക്കുന്നു)

ച– ജോർജ്ജ് പോകുമ്പോൾ, പുറകിൽ ചെന്ന് ... ...

രവി– വളരെ പററിയ പണി.

ച— അതിൻെറ മെച്ചം, ജോർജ്ജിൻെറ ഒരു 50000 രൂപാ കൂടി നമ്മുടെ കയ്യിലാകും എന്നുള്ളതാണ്. ചെക്കബുക്ക് അദ്ദേഹം സാമാന്യം ഇവിടെ വെച്ചിട്ടാണ് പോകുന്നതു്.

രവി— (ദൂരേയ്ക്കു് നോക്കിയിട്ടു്) ഇതാ, ജോർജ്ജ് വരുന്നു. അങ്ങു റോഡിൽ ആയിട്ടേ ഉള്ളൂ.

(ചന്ദ്രൻ ഫയലുകൾ പരിശോധിക്കുന്നു. രവി എഴുതുന്നു. അല്പം കഴിഞ്ഞു ജോർജ്ജ് പ്രവേശിക്കുന്നു.)

ജോ— രണ്ടുപേരും വലിയ തിരക്കിലാണല്ലോ.

ച— (ഒന്നുമറിഞ്ഞില്ലെന്ന മട്ടിൽ തല ഉയർത്തി നോക്കുന്നു) സ. ജോർജ്ജ്, ഞങ്ങൾ അങ്ങയെ നോക്കി നോക്കി ഇരിക്കുകയായിരുന്നു.

ജോ— ഇന്നു് അത്യാവശ്യമായി കത്തുകൾ രജിസ്റ്റർ ചെയ്യാനുണ്ടായിരുന്നു.

ച— എന്താ വല്ല കോളുമുണ്ടോ?

രവി— (ചിരിച്ചുകൊണ്ടു്) വല്ലതുമുണ്ടായിരുന്നെങ്കിൽ നമ്മോടു പറയാതിരിക്കുമോ?

ജോ— മററൊന്നുമല്ല. പാർട്ടി സംബന്ധമായ ചില ആലോചനകൾ മാത്രമാണ്. കൂടാതെ പാർട്ടിക്കുവേണ്ടി ചില ധനാഭ്യർത്ഥനകളും.

ച— സഖാവേ, അതു പറയണമോ. പാർട്ടിക്കുവേണ്ടി അങ്ങയുടെ ജീവൻ ഉഴിഞ്ഞുവച്ചിരിക്കുകയാണെന്നു് ഞങ്ങൾക്കു് അറിയാവുന്നതല്ലേ.

രവി— പോരെങ്കിൽ ഇപ്പോൾ പാർട്ടി സെക്രട്ടറി ആകുവാനും പോകയല്ലേ. അന്നു് ഈയുള്ളവരെക്കൂടി ഓർക്കുമോ ആവോ!

ച— അതു വല്ലതും പറയാനുണ്ടോ? അദ്ദേഹത്തേക്കൂടാതെ നമുക്കോ, നമ്മേക്കൂടാതെ അദ്ദേഹത്തിനോ ജീവനുണ്ടോ? നാം അത്ര ഐക്യത്തിലും സൌഹാർദ്ദത്തിലും കഴിയുന്നവരല്ലേ. ജോർജ്ജു പോയാൽ നമുക്കു പോയി. ജോർജ്ജിനുണ്ടായാൽ നമുക്കുണ്ടു്.

ജോ— ഇത്രയധികം സ്തുതിക്കുവാനായി ഞാൻ ഒന്നും നിങ്ങൾക്കുവേണ്ടി ചെയ്തിട്ടില്ല. നാം എല്ലാം സഹപ്രവർത്തകർ.

ച— വെറും സഹപ്രവർത്തകർ മാത്രമോ?

രവി— ആത്മസ്നേഹിതർ.

ജോ— തീർച്ചയായും. നിങ്ങൾക്കു് എന്നോടുള്ള സ്നേഹം

പല പ്രാവശ്യം നിങ്ങൾ പ്രത്യക്ഷമാക്കിയിട്ടുണ്ട്. ഇനിയും അതു തുടൻുപോകുമെന്നു വിശ്വസിക്കുന്നു.

ച— അതു പറയാനുണ്ടോ.

രവി— ഇതാ ഞങ്ങളുടെ ജീവിതം അങ്ങയുടെ ഉന്നതിയ്ക്കു വേണ്ടി ഞങ്ങൾ അപ്പിച്ചുകൊള്ളുന്നു.

ജോ— ഇനിയും നമ്മുടെ പ്രവത്തനം ഒന്നുകൂടി ഊജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

ച— പ്രവത്തനം ഊജ്ജിതപ്പെടുത്തുന്നതൊക്കെ കൊള്ളാം. ജീവൻ സൂക്ഷിച്ചുകൊള്ളണം.

ജോ— ഉം. അതെന്താ?

രവി— അതു വല്ലതും പറയാനുണ്ടോ. ശത്രു നമുക്ക് വാനം തോണ്ടുന്നുണ്ട്.

ജോ— ഹോ. ഇപ്പോഴല്ലെ മനസ്സിലായതു്. ആ കത്തനാരല്ലേ... പാവം! അയാൾക്ക് എന്തു ചെയ്യാൻ സാധിക്കും.

ച— സ. രവിയോടു ചോദിക്കു. കഴിഞ്ഞ ദിവസങ്ങളിലെ സംഭവം!

ജോ— എല്ലാം ഞാനറിഞ്ഞു.

ച— അടുത്തതു് അങ്ങയുടെ ജീവൻ എടുക്കാനാണ് ബേബിയുടെ ......

ജോ— അദ്ദേഹത്തിനെന്തു സാധിക്കും. ഈ ജോർജ്ജിൻെറ ജീവനിൽ കൈവെയ്ക്കുവാൻ ഒരു കത്തനാക്ക് കരുത്തുണ്ടോ? പോരെങ്കിൽ ആത്മപ്രിയരായ നിങ്ങൾ എൻെറകൂടെ ഉള്ളപ്പോൾ. മാത്രമല്ല, ഞങ്ങൾ ഇടയ്ക്കിടയ്ക്കു കണ്ടുമുട്ടുകയും സംസാരിക്കയും ചെയ്യാറുണ്ട്. എന്നെ തിരിച്ചെടുക്കാനുള്ള വെറും പ്ലാൻ.

ച— അയാൾക്ക് ഒന്നും ചെയ്യാൻ സാധിക്കയില്ല ... പിന്നെ... കായ്യത്തിൻെറ ഇരുപ്പ് ഇങ്ങനെ ആണെന്നു് അങ്ങയെ ഒന്നറിയിച്ചെന്നു മാത്രം. അപ്പോൾ അങ്ങയെ വളച്ചെടുക്കാൻ പ്ലാനിടുന്നുണ്ടോ?

ജോ— പലപ്പോഴും വീട്ടിൽ വന്നു സംസാരിക്കാറുണ്ടെന്നു മാത്രം.

രവി— (വാച്ചു നോക്കിയിട്ടു്) മണി നാലു കഴിഞ്ഞു. ഇത്രയും നേരം ജോലി ചെയ്യുകയായിരുന്നല്ലോ, ഒന്നു ബീച്ചിൽ പോയിവരാം.

ജോ— ഞാൻ വന്നതേ ഉള്ളല്ലോ. നിങ്ങൾ രണ്ടുപേരുംകൂടി പോയി വരൂ.

ച— ജോർജ്ജ്കൂടി വരണം.

ജോ— ഇനിയും ഞാനല്പം ജോലി ചെയ്യട്ടെ. നാളെ പേപ്പറിലിടുവാനുള്ള ലേഖനം തീൎന്നില്ല.

ച— എങ്കിൽ ഞങ്ങൾ ബുദ്ധിമുട്ടിക്കുന്നില്ല.

രവി— എന്നാൽ ഞങ്ങൾ ഇറങ്ങട്ടെ.

(ചന്ദ്രനും രവിയും ഇറങ്ങി നടക്കുന്നു. സംതൃപ്തിയുടെ ഒരു നിഴൽവീശൽ അവരുടെ മുഖങ്ങളിൽ കളിയാടുന്നു.)

ജോ— വേഗം വരുമല്ലോ.

ച— തീർച്ചയായും.

(ജോർജ്ജ് ഫയലിൽ ഇരുന്ന ലേഖനം എടുത്ത് തുടരെഴുതുന്നു.)

കർട്ടൻ.

---

# രംഗം 10

(സ. ജോർജ്ജിൻെറ ഭവനം. മേശപ്പുറത്തു കമ്യൂ. ഗ്രന്ഥങ്ങൾ നിരത്തി വച്ചിരിക്കുന്നു. ജോർജ്ജും ചന്ദ്രനുംകൂടി സംസാരിച്ചുകൊണ്ടിരിക്കുന്നു.)

ജോർജ്ജ്— സഖാവേ, ചന്ദ്രാ, ഇതാ ഒരു ഫോൺ കിട്ടിയിരിക്കുന്നു, ഉടനെതന്നെ തിരുവനന്തപുരത്തിന് ചെല്ലണമെന്ന്. അതിനാൽ ഞാൻ വരുന്നതുവരെ ഓഫീസിൽ ഉണ്ടായിരിക്കണം. ഞാൻ അങ്ങോട്ടു വരുവാനിരുന്നതാണ്.

ചന്ദ്ര— ഇത്ര ധൃതിയിലാണോ? നാളെ രാവിലത്തെ വണ്ടിയ്ക്കു പോയാൽ പോരേ. അതായിരിക്കും നല്ലതെന്നെനിക്കു തോന്നുന്നു. ഇനിയും അവിടെ എത്തുമ്പോൾ 12 മണി രാത്രിയാകും.

ജോ— അതു മതിയായിരുന്നു. എന്നാലും വേഗം ചെല്ലണമെന്ന് പറഞ്ഞതിനാൽ വല്ല കാര്യവും ഉണ്ടായിരിക്കും.

ചന്ദ്ര— എനിക്ക് നമ്മുടെ മീററിംഗിൽ പ്രസംഗിക്കുവാനു

ണ്ടല്ലോ. തന്മൂലം ഓഫീസിൽചെന്ന് ജോലി ചെയ്യുവാൻ പിന്നെ സമയം കിട്ടുമെന്നു തോന്നുന്നില്ല.

ജോ– നാളത്തെ പേപ്പറിലിടുവാനുള്ള ലേഖനം ഉടനെ തന്നെ തീരണം, ഈ കത്തനാരന്മാരെക്കൊണ്ടു മടുത്തു. പ്രത്യേകിച്ച് ആ ബേബി. അവന്മാരില്ലായിരുന്നേൽ ഇത്രയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുമായിരുന്നില്ല. പോരേൽ അവരു പഠിച്ച പുള്ളികളാ.

ചന്ദ്ര– നമ്മുടെ പ്രവർത്തനങ്ങൾക്കു കണ്ടാകോടാലിയായിരിക്കുന്നതു് ഈ കത്തനാരന്മാരാണ്. അവർ പാവങ്ങളെ നശിപ്പിക്കുകയാണ്. തരം കിട്ടിയിരുന്നേൽ രണ്ടു കൊടുക്കാമായിരുന്നു. ഏതായാലും ആ ബേബിയെ നശിപ്പിക്കാൻ നോക്കിയിട്ടു ഇതുവരെയും സാധിച്ചില്ലല്ലോ... വൃത്തികെട്ട ശവം... ആ അപ്പായി... അയാൾ ചെന്ന് അങ്ങേരെ കൂട്ടുപിടിച്ചിരിക്കുകയാണ്. ഇവന്മാരെയൊക്കെ തീററിയതിന് നമ്മെ വല്ലവരും ചവിട്ടാഞ്ഞാൽ ഭാഗ്യം.

ജോ– ബേബി പഠിച്ചപണിയെല്ലാം നോക്കുന്നുണ്ട്, നമ്മെ തകക്കാൻ. യുവാക്കന്മാരെയെല്ലാം അവൻ പിടിച്ചെടുക്കുകയാണ്. എത്ര ജാഥകൾതന്നെ അയാൾ സംഘടിപ്പിച്ചു. കഴിഞ്ഞ ഞായറാഴ്ചത്തെ മീററിംഗിനു് മൈതാനം നിറയെ ആളുണ്ടായിരുന്നു.

ചന്ദ്ര– അതുകൊണ്ടും നമുക്കു പേടിക്കാനില്ല. പാവങ്ങളും പട്ടിണിയും തൊഴിലില്ലായ്മയും ഉള്ളിടത്തോളംകാലം നമുക്കു ഭയപ്പാടിനു് വകയില്ല. മൂക്കിൽക്കൂടി ഉണ്ടാൽ വയറുനിറയുമോ? ഇവരുടെ വിൻസെൻറ്ഡി പോളും ഭൂദാനവും എല്ലാംകൊണ്ടു് എത്ര പേരാണ് പണക്കാരാകുവാൻ പോകുന്നതു്? ഒന്നരലക്ഷമാണ് ഇവിടെ തൊഴിലില്ലാത്തവരുള്ളതു്.

ജോ– നാം അവരെക്കാൾ മെച്ചമായി ഒന്നും ചെയ്യുന്നില്ലെങ്കിൽ കത്തി തിരിഞ്ഞുപായുകയില്ലേ? നമ്മൾക്ക് എന്തു ചെയ്യുവാൻ കഴിയും; എന്തു പരിഹാരമാർഗ്ഗമാണ് കാണുവാൻ കഴിയുന്നതു്.

ചന്ദ്ര– പരിഹാരമോ? സഖാവു് ഇതുവരെയും കമ്യൂണിസ്ററാദർശം ശരിയായി മനസ്സിലാക്കിയിട്ടില്ലായെന്നു കാണുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. നാം വിപ്ലവകാരികളാണ്; വിപ്ലവം തൊഴിലാക്കിയിരിക്കുന്നവർ. വക്കീലന്മാർ എന്തിനാണ് 'സന്നദ്' എടുക്കുന്നതു്? കേസുകൾ തീർക്കുവാനാണോ? കേസു

തീന്നാൽ അവരുടെ പിഴപ്പ് മുട്ടി. നല്ല കൊലക്കേസുകൾതന്നെ ഉണ്ടാകുവാനാണ് അവർ ആഗ്രഹിക്കുന്നതു്. അതുപോലെ, പട്ടിണിയും തൊഴിലില്ലായ്മയും ഉണ്ടെങ്കിലേ നമുക്കും തൊഴിലുള്ളൂ. ലെനിൻ എടുത്തു വായിച്ചുനോക്കൂ. എങ്ങിനെ വിപ്ലവം സൃഷ്ടിക്കണമെന്നാണ് അദ്ദേഹം ആരംഭംമുതൽ പഠിപ്പിച്ചതു്. വിപ്ലവത്തിൻെറ മനഃശാസ്ത്രമാണ് ഈ അര നൂററാണ്ടായി റഷ്യയിൽ വികസിപ്പിച്ചതു്. പട്ടിണിയും തൊഴിലില്ലായ്മയും നമ്മുടെ ആയുധമാണ്. അതു ശരിയായി ഉപയോഗിക്കുകയാണു വേണ്ടതു്.

ജോ– എന്നാലും വാഗ്ദാനങ്ങൾകൊണ്ടു് എത്രനാളാണ് കഴിയുക.

ചന്ദ്ര– എത്രനാളെന്നോ? വിപ്ലവം വിജയിക്കുന്നതുവരെ... അധികാരം മുഴവൻ കയ്യടക്കുന്നതുവരെ... മുതലാളികളെ അടിച്ചമർത്തി സ്വത്തുക്കളെല്ലാം പൊതുവാക്കുന്നതുവരെ പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നു പറയണം. അതിന് വിപരീതമായി നില്ക്കുന്നതു് ഈ മതവും കത്തനാരന്മാരും നമ്മുടെ മുരാച്ചിഭരണഘടനയും ആണെന്നു് നാം വാദിക്കണം. നാം എന്തെങ്കിലും നന്മ ചെയ്യുന്നതിനു് മുൻപു്, കേരളത്തിൽനിന്നും, ഇറക്കിവിട്ടില്ലേ? ഇതാണ് കേന്ദ്രത്തിൻേറയും കത്തനാരന്മാരുടേയും അഴിമതികൾ. നോക്കൂ, ഞങ്ങൾക്കു് എന്തു ചെയ്യുവാൻ സാധിക്കും... ഈ വഴിക്കുവേണം നമ്മുടെ പ്രചരണമെല്ലാം. ഒററയടിപോലും ഉന്നംതെററി അടിക്കരുതു്! ഒററ നയാപൈസപോലും ഉന്നംതെററി ചെലവാക്കരുതു്.

ജോ– ഇതൊക്കെപ്പറഞ്ഞാലും പാവങ്ങളുടെ വിശക്കുന്ന വയറു സമ്മതിക്കുമോ?

ചന്ദ്ര– സഖാവു് ഇതുവരെ ലെനിനും മാർക്സും മുഴവൻ വായിച്ചിട്ടില്ലേ? അവരുടെ വിപ്ലവ തത്വങ്ങൾ ഉറപ്പുള്ള മനഃശാസ്ത്രത്തിൽ പടുത്തുയർത്തിയിട്ടുള്ളവയാണ്. വളരെയധികം വലിച്ചുനീട്ടാവുന്ന ഒന്നാണ് ആശ. വല്ലപ്പോഴും വല്ല 'പതിരും പാക്കായും' ഇട്ടുകൊടുത്താൽ മതി ആശയങ്ങ നീണ്ടു നീണ്ടു പൊയ്ക്കൊള്ളും. നമ്മുടെ ആയുധം വിദ്വേഷമാണ്; നാം വിദ്വേഷം വളർത്തണം. അതു് നമ്മുടെ ഉള്ളിലിരുന്നു് നീറനീറി നാം അറിയാതെതന്നെ വിപ്ലവം വളർത്തിക്കൊള്ളും.

ജോ– അതെല്ലാം എനിക്കറിയാം. മുതലാളിപ്പരിഷകളെ തകർക്കുക; പാവങ്ങളെ മൂകരാക്കി കെട്ടി ബന്ധിക്കുക; ഇതാണ്

നമ്മൾടെ പരിപാടിയെന്ന് എല്ലാവക്കും അറിയാം. പക്ഷേ, അധികാരം നമ്മുടെ കയ്യിൽ കിട്ടിയല്ലോ? കാൎയ്യമായി നമുക്ക് എന്തു ചെയ്യുവാൻ കഴിഞ്ഞു. ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. നാം കയറിയതുപോലെ ഇറങ്ങേണ്ടിവന്നില്ലേ. ജനങ്ങൾ നമ്മെ വലിച്ചു താഴെയെറിഞ്ഞില്ലേ.

ചന്ദ്രു— കേന്ദ്രഭരണം നമ്മുടെ കൈയിൽ ഒതുങ്ങുന്നതുവരെ ഈ സമരപരിപാടിതന്നെ തുടരണം. അതു കൈയിൽ കിട്ടിയാൽ സഖാവു് ജോർജ്ജ് ഇൻഡ്യൻ പ്രസിഡണ്ട്. കേന്ദ്രം ഇടപെട്ടതല്ലേ നമുക്ക് കേരളത്തിൽ സംഭവിച്ച നാശകാരണം. കേന്ദ്രം നമ്മുടെ പിടിയിൽ അമരുന്നതുവരെ നാം കാത്തിരിക്കാതെ ഗത്യന്തരമില്ല.

ജോ— എന്നാലോ?

ചന്ദ്രു— എന്നാലെന്നോ ഭരണവും പട്ടാളവും നമ്മുടെ കൈയിലായാൽ 35 കോടി ജനങ്ങളാണ് നമ്മുടെ ചൊൽപടിയ്ക്കു് നില്ക്കുന്നതു്. പിന്നെ നമുക്ക് എന്താണ് ചെയ്യുവാൻ പാടില്ലാത്തതു്?

ജോ— പക്ഷേ, ഈയിടെയായി നമ്മുടെ പല ആളുകളേയും അവർ പിടിച്ചെടുത്തു. ആ തോമ്മാ പോയില്ലേ. അയാൾക്കുവേണ്ടി നാം പത്തിരുപതു രൂപാ ചെലവാക്കിയില്ലേ? അതുപോലെ മാത്യുവും ഇപ്പോൾ അവരുടെ കൂട്ടത്തിലാണ്.

ചന്ദ്രു— തോമ്മാ പൊയ്ക്കൊള്ളട്ടെ. അവനുവേണ്ടി 20 രൂപാ ചെലവാക്കിയെങ്കിൽ 200—ന്റെ മുതലെടുത്തു. അയാളുടെ പരിശ്രമംകൊണ്ടല്ലെ ആ മാലിച്ചിറയിലെ പുലയരെയെല്ലാം നമുക്കു കിട്ടിയതു്. നമ്മൾ ഭഗീരഥപ്രയത്നം കഴിച്ചാലും അവരിൽ ഒററയൊരുത്തനെ കിട്ടുകയില്ലായിരുന്നു. അവൻ പൊയ്ക്കൊള്ളട്ടെ. അവനു് കണക്കിനു് കൊടുത്തിട്ടുണ്ട്. ഇനിയും എഴുന്നേററു നടപ്പുണ്ടാകയില്ല. അടുത്തപടി ആ ബേബിയെ കാച്ചണം. അങ്ങേരാണ് മാത്യുവിനേയും മററും പിടിച്ചെടുത്തതു്. അമ്പോ, അങ്ങേരുടെ ഒരു പ്രസംഗം!

ജോ— പലപ്രാവശ്യമായി എന്റെയടുത്തു് വേദമോതാൻ തുടങ്ങിയിട്ടു്. അദ്ദേഹത്തെ പരസ്യമായി ഉപദ്രവിക്കരുതു്. ഉപദ്രവിച്ചാൽ ജനരോഷം ശക്തിപ്പെടും. നമ്മുടെ പ്ലാൻ തകരും.

ചന്ദ്രു— തക്കത്തിനു കിട്ടിയാൽ കാച്ചണം. അങ്ങനെ രണ്ടു

മൂന്നെണ്ണത്തിൻെറ തല നുള്ളിയാൽ ബാക്കിയുള്ളതെല്ലാം അടങ്ങിക്കിടന്നോളും. ഭയപ്പെട്ടിരുന്നാൽ കാര്യം നടക്കുമോ?

ജോ— പക്ഷേ..... ................

(ആരോ വാതുക്കൽ മുട്ടുന്നു.)

ജോ— അകത്തു വരാം.

(ഫാദർ ബേബി പ്രവേശിക്കുന്നു. ചന്ദ്രൻ അത്ഭുതം അരിശം എന്നീ വികാരങ്ങൾക്കധീനനാകുന്നു. ഒരു പൈശാചിക ചിരിയോടെ.)

ചന്ദ്ര— ഹ...ഹ...ഹ......തേടിയവള്ളി കാലിൽ ചുററി.

ബേ— ക്ഷമിക്കണം. എൻെറ ആഗമനം നിങ്ങളുടെ സംസാരത്തിനു് ഒരു വലിയ പ്രതിബന്ധമായിരിക്കും.

ജോ— അതു സാരമില്ല.

ബേ— ഞാൻ വളരെ ദിവസങ്ങളായി ആഗ്രഹിച്ചിരിക്കുകയായിരുന്നു ഇവിടെവരെ ഒന്നു വരുവാൻ. പക്ഷേ സമയവും സാഹചര്യവും ഒക്കേണ്ടേ.

ചന്ദ്ര— അതെങ്ങനാ സമയം കിട്ടുന്നെ. പരോപദ്രവം പ്രവൎത്തനമാക്കിയിരിക്കുന്ന നിങ്ങൾക്കു് ഞങ്ങളെ നശിപ്പിക്കുവാനേ സമയം ഉള്ളല്ലോ. (അരിശം മുഖത്തു സ്ഫുരിക്കുന്നു.) അതെല്ലാം പോകട്ടെ. താങ്കൾ വന്ന കാര്യം? ഞങ്ങൾക്കു് കളയുവാൻ സമയമില്ല.

ബേ— ഞാൻ ജോർജ്ജിനെ കാണുവാനായി വന്നുവെന്നേയുള്ളു.

ചന്ദ്ര— ഹേ കത്തനാരുസാർ, പരിചയം പുതുക്കലൊക്കെ പിന്നെ. ഞങ്ങൾക്കു വേറെ പണിയുണ്ടു്.

ബേ— സഹോദരാ ക്ഷമിക്കണം. ഞാൻ ഈ നില്ക്കുന്ന ജോർജ്ജിനോടാണു് സംസാരിച്ചതു്.

ചന്ദ്ര— ഹ...ഹ...ഹ...ഹ... സഹോദരൻ!!! ഞാൻ തൻെറ സഹോദരനാണുപോലും! (അരിശം.) കഷ്ടം തനിക്കു ലജ്ജയില്ലല്ലോ. എടോ താനന്ത്യയ്ക്കു വളന്നോ? വഞ്ചകനായ തൻെറ ഒരു സഹോദരനായി എന്നെ എണ്ണുവാൻ ഞാൻ വഞ്ചകൻെറ കൂട്ടുകാരനാണുപോലും! എടോ, എൻെറ ജോലി സാധുസംരക്ഷണമാണു്, വഞ്ചനയല്ല. ഇനിമേലിൽ കരുതി സംസാരിക്കണം. ആരോടാണു് സംസാരിക്കുന്നതെന്നു് അറിയാമോ?

ബേ— താങ്കൾ എന്നെ എന്തിനു് അവഹേളിക്കുന്നു. ഞാൻ ഒരുപദ്രവവും താങ്കളോടു ചെയ്തില്ലല്ലോ.

ചന്ദ്ര—ഹ...ഹ...ഹ... ഒരുപദ്രവവും ചെയ്തില്ലെന്നു്; എടോ, താനില്ലായിരുന്നെങ്കിൽ ഇന്നു് ജോർജ്ജ് ഒരു മന്ത്രി ആയിരുന്നേനേ. തനിക്കു് അതറിയാമോ? അയാൾ ഉപദ്രവമൊന്നും ചെയ്തില്ലെന്നു്. ഛേ! കത്തനാർ, മതത്തിൻെറകാലം കഴിഞ്ഞുപോയി; അതെല്ലാം കഴിഞ്ഞ നൂററാണ്ടിലായിരുന്നു. ഇന്നതെല്ലാം വെറും പഴഞ്ചരക്കുകൾ. നിങ്ങളുടെ ആദ്ധ്യാത്മികത്വവുമായി ഇനിയും ജനങ്ങളെ വഞ്ചിയ്ക്കുവാൻ നിങ്ങൾ ഒരുങ്ങേണ്ട. മാനം വേണമെങ്കിൽ മിണ്ടാതെ നടന്നോ.

ബേ— ഞങ്ങൾ സനാതന സത്യങ്ങളുടെ പ്രബോധകരാണു്. അസത്യത്തിൻെറ മുന്നിൽ ഞങ്ങൾ തല കുനിയ്ക്കുകയില്ല. മാനത്തിനുവേണ്ടിയല്ല ഞങ്ങൾ ജീവിയ്ക്കുന്നതു്. പാവങ്ങൾക്കുവേണ്ടി സർവ്വസംഗപരിത്യാഗിയായിത്തീൎന്ന ക്രിസ്തുനാഥൻെറ പ്രേഷ്ഠശിഷ്യരാണു് ഞങ്ങൾ? ഞങ്ങൾ വഞ്ചകരല്ല. പ്രത്യുത, വഞ്ചിതരെ കരകേററാനുള്ള സമസ്തസൃഷ്ടസ്നേഹികളാണു്.

ചന്ദ്ര— ഹ...ഹ...ഹ... തൻെറ സമസ്തസൃഷ്ടസ്നേഹം. താനാണു് ഞങ്ങളുടെ ഏററം വലിയ ശത്രു. ഇത്രയുംനാൾ താൻ ഒഴിഞ്ഞുമാറി നടന്നു. ഇന്നിതാ ഞങ്ങളുടെ കയ്യിൽ അകപ്പെട്ടിരിക്കുന്നു.

ജോ— എനിക്കു് ഉടനെതന്നെ തിരുവനന്തപുരത്തിനു പോകണം. വല്ലതും പറയുവാനുണ്ടെങ്കിൽ വേഗമാകട്ടെ. ബസ്സിനു സമയമായി.

ബേ— സോദരാ, ഞാൻ ഇത്രയും സംസാരിച്ചതിൽനിന്നും, ഇതിനു മുൻപു് നാം തമ്മിൽ നടന്നിട്ടുള്ള സംസാരങ്ങളിൽനിന്നും എൻെറ ആഗമനോദ്ദേശം അങ്ങേയ്ക്കു മനസ്സിലായിക്കാണുമെന്നു വിശ്വസിക്കുന്നു.

ജോ— ഇല്ല. വല്ലതും പറയുവാനുണ്ടെങ്കിൽ തെളിച്ചു പറയൂ. എന്നാൽ ഞാൻ കേൾക്കാം.

ബേ— അങ്ങേയ്ക്കു് ആത്മാർത്ഥത അല്പമെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ അതു പ്രദർശിപ്പിക്കണമെന്നു പറയുവാനാണു് ഞാൻ വന്നതു്. അങ്ങേയ്ക്കു് ആത്മാർത്ഥത ഉണ്ടായിരുന്നുവെന്നു് നമ്മുടെ സെമിനാരി ജീവിതത്തിൽ നിന്നും എനിക്കു നല്ലവണ്ണം ഗ്രഹിക്കുവാൻ സാധിച്ചു. ആ തുറന്ന ഹൃദയം ഇന്നിത്ര ഇടുങ്ങിപ്പോകുവാൻ കാരണമെന്താണു്?

ജോ— പഴയ മൈത്രിയൊന്നും കുത്തിപ്പൊക്കേണ്ട. എൻെറ തുറന്ന ഹൃദയം എനിക്കു കാണിച്ചുതരുന്ന വഴിയിലൂടെയാണു ഞാൻ പോകുന്നതു്. പക്ഷെ നിങ്ങളുടെ ഹൃദയമാണു് ഇടുങ്ങിയതു്. ഒരിക്കൽ വലിച്ചെറിഞ്ഞ ഈ 'കുപ്പായം' വീണ്ടും നിങ്ങൾ കെട്ടിപ്പേറിയിരിക്കുകയല്ലെ. സെമിനാരിയുടെ മതിൽക്കെട്ടിനുള്ളിലുമന്ന് താങ്കളുടെ ഹൃദയം ചുരുങ്ങിപ്പോയി. നിങ്ങളെ സംബന്ധിച്ചിടത്തോളം മനുഷ്യസ്നേഹികളായ ഞങ്ങൾ ശത്രുക്കൾ! പിശാചിൻെറ ദൂതന്മാർ.

ച— അവരോ പുണ്യാളച്ചന്മാരു്......പാവങ്ങളുടെ പിച്ചപ്പാളയിൽ നിന്നും ദൈവാരാധനയുടെ പേരിൽ തുട്ടുകൾ അടിച്ചെടുക്കുന്ന വഞ്ചകർ! ഹ...ഹ...ഹ... പുതിയ തത്വസംഹിത. സ. ജോർജ്ജ്! അങ്ങയുടെ ഭവനത്തിൽ ഇപ്പോൾ എന്നെ പ്രതീക്ഷിച്ചിരുന്നില്ല. അതാണു് ഇവിടെ വന്നു സംസാരിക്കാൻ തീരുമാനിച്ചതു്.

ജോ— താങ്കളല്ലെ എൻെറ രഹസ്യങ്ങൾ പുറത്താക്കിയതു്. ഞാൻ ആത്മാർത്ഥമായി വെളിപ്പെടുത്തിയ ആശയങ്ങൾ വെളിക്കാക്കി അധികാരികളുടെ പ്രീതി സമ്പാദിച്ചു് എൻെറ പിന്നാലെ ചാരനായി വന്നു് എന്നെ വഞ്ചിച്ചു. വഞ്ചകനായ നിങ്ങളാണിപ്പോൾ മൈത്രിഭാവിക്കുന്നതു്...?... അല്ലെ...?

ബേ— അങ്ങെന്നെ തെററിദ്ധരിച്ചതാണു്. അങ്ങു വിഷമെടുത്തു ഭക്ഷിക്കുന്നതു കാണുമ്പോൾ അവശ്യം ഭിഷഗ്വരന്മാരെ അറിയിച്ചാൽ അതു വഞ്ചനയാണോ? ആ വിഷംതന്നെ മററുള്ളവൎക്ക് അങ്ങു പകുത്തു കൊടുക്കുമ്പോൾ മൈത്രിയുടെ പേരുംപറഞ്ഞു് ഞാൻ കൈയ്യുംകെട്ടി ഇരിക്കണമെന്നാണോ അങ്ങു പറയുന്നതു്. തക്കനേരത്തു മുന്നറിവു കൊടുത്തതുകൊണ്ടു് അനേകരുടെ നാശം എനിക്കു തടയുവാൻ സാധിച്ചു. അങ്ങും രക്ഷപെട്ടുവെന്നാണു് ഞാനും കരുതിയതു്. എന്നാൽ എല്ലാം വഞ്ചനയിൽ പൊതിഞ്ഞു പിടിച്ചുകൊണ്ടു് അങ്ങു് വൈദികപട്ടം കൈക്കലാക്കി. അന്നെനിക്കു് തടയുവാൻ കഴിയാതിരുന്നതു പരിഹരിക്കുവാനാണു് വീണ്ടും ഞാനീ കുപ്പായം അണിഞ്ഞിരിക്കുന്നതു്. ഇതു ഭാരമേറിയതാണു്, ത്യാഗങ്ങൾ നിറഞ്ഞതാണു്. ആ ത്യാഗങ്ങൾ ഭയന്നാണു് ഞാനൊരിക്കൽ കാൽവലിച്ചതു്. എന്നാൽ അങ്ങയെ വീണ്ടും അങ്ങയുടെ മഹനീയ പദത്തിലേയ്ക്കുയർത്തുവാനായി

വീണ്ടും ഞാനീ ഭാരം പേറിയേ തീരൂ എന്നെനിക്കു മനസ്സിലായി. അങ്ങേയ്ക്കുവേണ്ടി ഈ ജീവൻ അർപ്പിക്കപ്പെട്ടിരിക്കുകയാണു്.

ച— ഹൊ... അപ്പോൾ ജോർജ്ജിനെ വീണ്ടും ഒരു കത്തനാരാക്കാനാണു് പുറപ്പാടു്. ഹെ! ഇതൊന്നും ഇവിടെ വിലപ്പോകയില്ല. ജീവൻ വേണമെങ്കിൽ സ്ഥലം വിട്ടോ.

ബേ— എൻെറ ജീവനു് അത്ര വിലയൊന്നുമില്ല. നിങ്ങൾക്കു് അതുകൊണ്ടു് ഒരു ദിവസംകൂടെ കൂടുതൽ ജീവിക്കാമെങ്കിൽ എൻെറ ധമനികളിൽക്കൂടി പായുന്ന അവസാന തുള്ളിരക്തംകൂടി ഊററി കുടിച്ചുകൊള്ളു.

ജോ— എന്തു ദീനാനുകമ്പ. എത്ര വലിയ കാരുണ്യം. അനേകായിരങ്ങൾ പട്ടിണികിടക്കുന്നതിനെക്കുറിച്ചു് താങ്കൾക്കു വിചാരമില്ല. ഞാനാക്കുപ്പായം ഇടാത്തതിലാണു് അങ്ങേക്കു വിഷമം.

ബേ— ഇതു വെറും കുപ്പായത്തിൻെറ കാര്യമല്ലല്ലൊ സ്നേഹിതാ. അങ്ങു പറയുന്ന ആ അനേകായിരങ്ങളോടു കരുണ വേണമെന്നാണു ഞാനും പറയുന്നതു്. പട്ടിണി കിടക്കുന്ന പാവങ്ങളെ വിദ്വേഷം തീററി വയറുനിറയ്ക്കാമെന്നാണോ താങ്കൾ വിചാരിക്കുന്നതു്? മനുഷ്യൻെറ വയറിനേക്കാൾ വലുതു് അവൻെറ തലയായാണെന്നു മനസ്സിലാക്കൂ. മനുഷ്യനെ മുഴുവൻ വയറാക്കുന്ന കമ്മ്യൂണിസം ഇതുവരെയും ആരെയും ഉദ്ധരിച്ചിട്ടില്ല; ഉദ്ധരിക്കുകയുമില്ല. കുറെ പുതിയ മുതലാളികളെയും ദുഷ്പ്രഭുക്കളെയും സൃഷ്ടിച്ചിട്ടു്, ബാക്കിയുള്ളവരെയെല്ലാം അതടിമകളാക്കുകയാണു്. അങ്ങുതന്നെയൊന്നാലോചിച്ചു നോക്കൂ, കമ്മ്യൂണിസം എത്ര പാവങ്ങളെ പട്ടിണിയുടെ യാതനയിൽനിന്നും കര കയററിയിട്ടുണ്ടെന്നു്? അങ്ങയുടെ പാർട്ടി വിജയം വരിച്ചു് എതാണ്ടു് ഒന്നരക്കൊല്ലത്തോളം പാവങ്ങളെ വളർത്തിയില്ലെ ...? ...? ......പക്ഷെ ജീവരക്തം ഊററിക്കുടിച്ചിട്ടു് നിങ്ങൾ വലിച്ചെറിഞ്ഞ ജീവത്പ്രേതങ്ങൾ എത്രവേണമെങ്കിലും ഞാൻ കാണിച്ചുതരാം. അങ്കമാലിയിലും... പുല്ലുവിളയിലും... വെട്ടിക്കാട്ടും നിങ്ങൾ പാവങ്ങളെ വളർത്തിയില്ലെ......

ജോ— (ബേബി അവസാനിപ്പിക്കുന്നതിനു മുൻപു്) നിർത്തൂ. താങ്കളുടെ സംസാരം. എനിക്കു പറയുവാനുള്ളതു ഞാൻ പറഞ്ഞു കഴിഞ്ഞു ഇനിയും വഞ്ചകരായ നിങ്ങളോടുകൂടി ഞാനില്ല. സാധുസേവനമാണു് എൻെറ വ്രതം, അല്ലാതെ പരവഞ്ചനയല്ല. നിങ്ങളുടെ ഉള്ളുകള്ളികളെല്ലാം ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു.

കുടിലതനിറഞ്ഞ വൈദികലോകത്തോടുള്ള ഒരു വെല്ലുവിളി ആയിരിക്കും ഇനിയുമുള്ള എൻെറ ജീവിതം. ഫാദർ, നിങ്ങൾ സാധുക്കളെ വഞ്ചിക്കുകയാണ്. ദരിദ്രലക്ഷങ്ങളുടെ പണം പിടുങ്ങിയിട്ട് അവക്കു സ്വർഗ്ഗം വിലയ്ക്കു നൽകാമെന്നു പറയുന്നു. നിങ്ങളാണു സാക്ഷാൽ ഫരിസേയർ. നിങ്ങൾ പാവങ്ങളുടെ പിച്ചപ്പാളയിൽനിന്നും അവരുടെ രക്തത്തിൻെറ വിലയായ ചെമ്പുതുട്ടുകൾ തട്ടിയെടുക്കുന്നു.

ബേ— പരിപാവനമായ പൗരോഹിത്യത്തിനെതിരായി താങ്കൾ ചെയ്യുന്ന ആരോപണങ്ങളിൽ ഒററയെണ്ണത്തിനു തെളിവുതരാമോ? മാനത്തിൻെറയൊ മര്യാദയുടെയൊ ഒരു കണികയെങ്കിലും താങ്കളിൽ അവശേഷിച്ചിരുന്നെങ്കിൽ ഇപ്രകാരം ജല്പിക്കയില്ലായിരുന്നു.........വഞ്ചന......... വഞ്ചന...... ആതാരിലാണെന്നു ഞാൻ പറഞ്ഞുതരാം. പട്ടിണിപ്പാവങ്ങൾ രക്തം വെള്ളമാക്കി സമ്പാദിക്കുന്ന പണമപഹരിക്കുന്നവർ ആരാണ്? വിദ്വേഷത്തിൻെറ വിഷബീജം സാധുക്കളുടെ സിരാതന്തുക്കളിൽ കുത്തിവയ്ക്കുന്ന നിങ്ങളാണ് സ്നേഹമുപദേശിക്കുന്നതു്. പാവങ്ങളുടെ പിച്ചക്കാശുകൊണ്ടു് സുഖിമാന്മാരായി കഴിയുന്ന നിങ്ങളാണ് അവരുടെ ദയനീയസ്ഥിതിയിൽ കണ്ണുനീരൊഴുക്കുന്നതു്. ജോർജ്ജ്, നിങ്ങളുടെ ജീവിതരഹസ്യങ്ങൾ ആക്കും അറിവില്ലെന്നാണു നിങ്ങളുടെ വിചാരം. ചുണയുള്ള യുവാക്കന്മാർ ഇവിടെയുണ്ടെന്നു മനസ്സിലാക്കു. താങ്കളുടെ പതനം ഇതാ അടുത്തിരിക്കുന്നു. കമ്മ്യൂണിസ്ററു പാർട്ടി താങ്കളെ ചവച്ചുതുപ്പുമ്പോഴെങ്കിലും നിങ്ങൾ ഓക്കണം, നിങ്ങൾ ഉപേക്ഷിച്ചു പോന്ന അമ്മയെ, കത്തോലിക്കാതിരുസ്സഭയെ, എന്നും അവൾ താങ്കളെ കാത്തിരിക്കുന്നുവെന്നു്.

ചന്ദ്ര— ഹേ, കത്തനാർ നിത്തു തൻെറ ജല്പനങ്ങൾ. ആരോടാണു സംസാരിക്കുന്നതെന്നു മനസ്സിലാക്കിക്കൊള്ളണം. തൻെറ പിടലി കൊയ്യുവാൻപോലും ഇപ്പോൾ ഞങ്ങൾക്കു സാധിക്കും. താനതു മനസ്സിലാക്കിയ്ക്കോ.

ബേ— ചന്ദ്രൻ, താങ്കളുടെ കാപട്യമൊന്നും ആരും മനസ്സിലാക്കുന്നില്ലെന്നാണു വിചാരം. കഴിഞ്ഞദിവസം നിങ്ങൾ അമുക്കിയ, പാവങ്ങളുടെ ജീവരക്തമായ പതിനായിരം രൂപാ; ഇലക്ഷൻ പ്രചരണം എന്നുംപറഞ്ഞു് ജോർജ്ജിനോടുവാങ്ങിയ അയ്യായിരംരൂപാ; (ചന്ദ്രൻ ഞെട്ടുന്നു) ഇവയെല്ലാം എവിടെ? അതുമാത്രമല്ല; ജോർജ്ജിൻെറ എതിർസ്ഥാനാത്ഥിയുടെ കയ്യിൽനിന്നും

വാങ്ങിയ ആ തുക എവിടെ? ഇതിൻെറയെല്ലാം രേഖാപൂൎണ്ണമായ തെളിവുകൾ എൻെറ പക്കലുണ്ട്. ജോർജ്ജിനെതിരായി എതിർസ്ഥാനാൎത്ഥിയിൽനിന്നും പണംവാങ്ങി അദ്ദേഹത്തെ ഇലക്ഷനു തോല്പിച്ചിട്ട് ആ അപരാധം വൈദികൻെറമേൽ ചുമത്തിയ തൻെറ വഞ്ചന ലോകമൊരിക്കൽ മനസ്സിലാക്കും. (ചന്ദ്രൻെറ മുഖത്തു കോപവും പരിഭ്രമവും സ്ഫുരിക്കുന്നു.)

ചന്ദ്ര— ഹോ! പച്ചക്കള്ളം, ജോർജ്ജ് ഇവനെ വെറുതെ വിട്ടുവാൻ പാടില്ല. നമ്മുടെ പാർട്ടി രഹസ്യങ്ങൾ കണ്ടുപിടിക്കുവാൻ വന്ന ചാരനാണിവൻ. (ബേബിയോട്) എൻെറ ഒരു മിത്രത്തിൻെറ മുന്നിൽവച്ചു എന്നെ അവഹേളിച്ചതിനു് താങ്കൾ സമാധാനം പറയണം, ഭ്, തെണ്ടീ, താൻ കളിക്കുന്നോ, ഹ... ഹ... ഹ ... ബേബീ, നിൻെറ രക്തത്തിൽ ഈ കൈ മുക്കാതെ ചന്ദ്രൻ ആണായിട്ടിരിക്കുന്നില്ല. ഹ ... ഹ ... ഹ ...

ജോ— ഫാദർ മാന്യരായ ഞങ്ങളെ അവഹേളിച്ചതിനും അപമാനിച്ചതിനും താങ്കൾ സമാധാനം പറയണം. ഉം. വേഗം അല്ലെങ്കിൽ ...

ചന്ദ്ര— സഖാവെ, താങ്കൾക്കിതു വരണം. കണ്ട വലായെയെല്ലാം മുറിയിൽ കയററി സൽക്കരിച്ചതിനു് കിട്ടിയതുപോരെ? മനുഷ്യരായാൽ കുറെ ആണത്തമെല്ലാം വേണം. (ജോർജ്ജും ചന്ദ്രനും കലികൊള്ളുന്നു.)

ബേ— എന്നാൽ ഞാൻ പോകട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജോ— എന്തു്? താങ്കൾ പോവുകയോ, പറയൂ സമാധാനം. മാന്യന്മാരായ ഞങ്ങളെ അവമാനിച്ചതിനു് തന്നോടു പകരം ചോദിക്കാതെ വിട്ടുമെന്നോ? എടോ, മനസ്സിലായോ; കത്തനാരന്മാരുടെ ആട്ടും ചീററും കൊള്ളുവാനല്ല ഞങ്ങൾ ജീവിക്കുന്നതെന്നു്. പറയൂ സമാധാനം, ഉം. ഞാൻ എന്തു വഞ്ചനയാണു് ചെയ്തതു്.

ബേ— താങ്കൾ നന്നാ ക്ഷോഭിച്ചിരിക്കുന്നു. താങ്കളോട്ട് ഇപ്പോൾ മറുപടി പറയുവാൻ ഞാൻ ആളല്ല.

ജോ— എൻെറ ക്ഷോഭം തീൎക്കുവാൻ വന്നവൻ. തന്നോടാരു പറഞ്ഞു ഇവിടെ വരുവാൻ. ഞങ്ങളെ വഞ്ചിക്കുവാനല്ലയോ താങ്കൾ ഇവിടെ വന്നതു്? പറയൂ സത്യം. പലപ്രാവശ്യം ഞങ്ങളെ വഞ്ചിച്ചു. ഇനിയും അതു നടക്കുകയില്ല. എല്ലാത്തിനുംകൂടി ഇന്നു തരുന്നുണ്ട്.

ബേ— ജോര്‍ജ്ജ്, താങ്കള്‍ മര്യാദയായി സംസാരിക്കൂ.

ചന്ദ്ര— ഹ... ഹ... ഹ... മര്യാദ പഠിപ്പിക്കുവാന്‍ വന്ന പുണ്യാളച്ചന്‍.

ജോ— താന്‍ എന്നെ മര്യാദ പഠിപ്പിക്കും അല്ലേ? താങ്കള്‍ക്കു ജീവന്‍ വേണമെങ്കില്‍ സത്യം പറയൂ. എന്തിനായി ഇവിടെ വന്നു.

ബേ— ഞാന്‍ മുന്‍പേ പറഞ്ഞുവല്ലോ.

ജോ— (കലികൊള്ളുന്നു) ഫാദര്‍, താങ്കള്‍ മമ്പേ പറഞ്ഞു അല്ലേ?

ബേ— അതേ, ഇനിയും ഞാന്‍ പോകട്ടെ.

ജോ— (ളോവയ്ക്കു കയറി പിടിക്കുന്നു) അങ്ങനെയങ്ങു പോകാതെ, മാന്യന്മാരായ ഞങ്ങളെ അപമാനിച്ചതിനു് ഇതു കൂടിയിരിക്കട്ടെ. (അടിയ്ക്കുന്നു.)

ബേ— എന്നെ ഉപദ്രവിക്കരുതു്. ഞാന്‍ നിങ്ങള്‍ക്കു് ഒരുപദ്രവും ചെയ്തില്ലല്ലോ. ദയവായി എന്നെ വിടണം.

ചന്ദ്ര— തന്നെ ഇനിയും വിട്ടാല്‍ ഞങ്ങള്‍ക്കു ജീവിക്കേണ്ടേ. തന്നെ വിടുവാന്‍ നിശ്ചയിച്ചിട്ടില്ല. (അടിയ്ക്കുന്നു)

ബേ— ദൈവത്തെപ്രതി എന്നെ ഉപദ്രവിക്കരുതു്.

ജോ— ഛീ, മിണ്ടരുതു് ആ നാമം ഇവിടെ ശബ്ദിക്കരുതു്. ദൈവം, ഹ ... ഹ ... ഹ (പുച്ഛരസം)

ബേ— സഹോദരാ ദൈവം താങ്കളോടു ക്ഷമിക്കട്ടെ.

ജോ— തന്നോടല്ലെ പറഞ്ഞതു് മിണ്ടരുതെന്നു്. താങ്കളെ രക്ഷിക്കാന്‍ ദൈവം വരുമോയെന്നു കാണട്ടെ. ഇന്നാ ഇതുകൂടിയിരിക്കട്ടെ. (ജോര്‍ജ്ജ്, ഫാദര്‍ ബേബിയെ തൊഴിയ്ക്കുന്നു; അതോടെ ബേബി നിലംപതിക്കുന്നു, വീഴുന്ന വീഴ്ചയ്ക്കു് ചന്ദ്രന്‍ അദ്ദേഹത്തെ കഠാരികൊണ്ടു കുത്തുന്നു. ബോധമററു നിലത്തുവീണ അദ്ദേഹത്തിന്‍റെ ദേഹത്തുനിന്നു് രക്തം ഒഴുകുന്നു.)

ജോ— ചന്ദ്രാ, ഉടനെതന്നെ ഇതെടുത്തു് വല്ല വിജനസ്ഥലത്തും കൊണ്ടിട്ടേയ്ക്കൂ. ഇവിടെ കിടന്നാല്‍ ശല്യമാണു്. ഇനിയും ഞാന്‍ പോകട്ടെ. സംഗതിയെല്ലാം ഭദ്രമായിരിക്കണം. അങ്ങനെ ഒരു മഹാശല്യം അവസാനിച്ചു. ഇനിയും വിജയം നമ്മുടേതാണു്.

ചന്ദ്ര— തീര്‍ച്ചയായും. കഴിയുന്നതും വേഗം തിരിച്ചെത്തണം.

ജോ— ആകട്ടെ, (ജോര്‍ജ്ജ് പോകുന്നു)

ചന്ദ്ര— (കാലുകൊണ്ടു് നിലത്തു കിടക്കുന്ന ശരീരത്തെ ഒന്നു

തട്ടിയിട്ട് ആത്മഗതം) കഥകഴിഞ്ഞെന്നാണ് തോന്നുന്നതു് ചേന്നൻപറമ്പിലെ കുററിക്കാട്ട് നിനക്കാശ്രുപത്രി ··· ഇനിയും ജോർജ്ജ് ... അവൻ പുങ്കൻ ... ഉടനെതന്നെ പാർട്ടി സെക്രട്ടറിയാകാമെന്നാണ് അവൻെറ വിചാരം. ... നിൻെറ തല തെറിക്കുവാനുള്ള സകല പണികളും ഞാൻ ഇണക്കിയിട്ടുണ്ട് ഹ... ഹ... ഹ ... ഞാൻ തെമ്മാടി ആണെന്നു് നീ അറിഞ്ഞിട്ടില്ല ··· നീ എൻെറ പുരോഗമനത്തിനു് വിലങ്ങുതടിയായി നില്ക്കുക!! അതിനു്? ചന്ദ്രൻ ഈ യുഗത്തിൽ അനുവദിക്കുകയില്ല ··· നീ വിചാരിച്ച ചന്ദ്രൻ വെറും പട്ടിയാണെന്നു് ... ഇതാ നിനക്കെതിരായി ഒരു തൊണ്ടിയും ... ആയിരക്കണക്കിനു് രൂപാ ഇതിനു ഞാൻ വാങ്ങിക്കും ··· പണം!... ഹ... ഹ··· ഹ ... അതു് ചന്ദ്രൻെറ ദൈവമാണ് ... ജോർജ്ജ് നീ തരണം ... അല്ലെങ്കിൽ ··· ··· കാണിച്ചുതരാം ... ...

(കർട്ടൻ.)

---

## രംഗം 11

(സ. ജോർജ്ജിൻെറ വസതി. വികാരഭരിതനായി അദ്ദേഹം മുറിയിൽ നടക്കുന്നു.)

എന്തു് ... ഞാൻ ഇനിയും ജയിലറയിലേയ്ക്കു പോകണം പോലും ... ഹാ ചന്ദ്രാ,! വഞ്ചകാ! നീ ഇപ്രകാരം കുതികാലുവെട്ടുമെന്നു് ആർ വിചാരിച്ചു. നിൻെറ കൗടില്യങ്ങൾകൊണ്ടു് അങ്ങിനെ പാർട്ടിയിലെ എൻെറ സ്ഥാനവും നഷ്ടപ്പെട്ടു. (മൗനം. അല്പം കഴിഞ്ഞു്) ഇന്നലെ ... ഞാൻ പാർട്ടിയുടെ പ്രദശ്നവിഷയം ··· ഇന്നോ ··· ഉപയോഗശൂന്യമായി അവർ എന്നെ പുറത്തെറിഞ്ഞു. എൻെറ ജീവരക്തം അവർ ഊററിക്കുടിച്ചു ··· നിന്ദിതനും നിഷ്കാസിതനുമായി ലോകത്തിനൊരധികപ്പററായി ഞാൻ അവശേഷിച്ചിരിക്കുന്നു ··· ഹാ ··· ഹാ ... (കോപം) ചണ്ഡാ ... ദുരാഗ്രഹീ ... ദുർമ്മോഹീ ... നിനക്കു് 5000 രൂപാ തരണംപോലും ... അല്ല... അവനെന്നെപ്പോലിസിലേല്പിക്കും··· അല്ലോ ... ആ നീചൻ എന്നെ ഒററിക്കൊടുത്തിട്ടുണ്ടു്. ഇതാ ഇ

പ്പോൾ അവർ വരും ... അവരെന്നെ ബന്ധിക്കും ··· ഇന്നലെ ഞാനൊരു നേതാവു് ··· ഇന്നു് ... ഇന്നു് ഒരക്രമി ... അല്ല ··· അല്ല ... ഒരു കൊലപാതകി ... ഹാ ... നന്ദിഹീനത. (മൗനം.) നശ്വരലോകമെ··· എവിടെ നിൻെറ പ്രൗഢി...? (കോപം മുഖത്തു സ്ഫുരിക്കുന്നു.) അല്ല ... നിങ്ങളെന്നെ വഞ്ചിച്ചു··· ആക്കുവേണ്ടി ഞാനെൻെറ ദൈവത്തെ ഉപേക്ഷിച്ചുവോ, ആക്കുവേണ്ടി ഞാനെൻെറ വൈദികാന്തസ്സിനെ നിന്ദിച്ചുവോ, ··· ആ സഖാക്കൾ ... ഇന്നെൻെറ ജന്മശത്രുക്കൾ ... അവരെൻെറ ജീവൻ തേടുകയാണു്. ··· (ഏതോ ശബ്ദംകേട്ടു ഞെട്ടുന്നു) ··· പോലീസു് ... പോലീസു് ... അവർ വന്നുകഴിഞ്ഞു ... (നിരാശ) ... ഹാ ... ഞാൻ നശിച്ചു ... നശിച്ചു ... ... നരകമെ, ദൈവകോപത്തിൽനിന്നും എന്നെ നീ മറച്ചാലും ... (പുച്ഛരസത്തിൽ) ദൈവം ... ദൈവം ... അങ്ങനൊരു സത്വമുണ്ടോ? ജോർജ്ജ്... നീ അതു വിശ്വസിക്കുന്നുവോ ... അതെല്ലാം കത്തനാരുടെ... പൊള്ളപണികൾ ... (പെട്ടന്നു് ഭാവം പകരുന്നു) എന്തു്... വൈദികൻ ... വിശുദ്ധിയുടെ വിശ്വദീപം ... മത്ത്യരുടെ ഇടയിലെ സ്വർഗ്ഗദൂതൻ ··· (പെട്ടെന്നു് എന്തൊ ഓക്കുന്നു) ബേബി ... എൻെറ പൊന്നുബേബി ... നീയെന്നോടു ക്ഷമിക്കയില്ലെ? ... ബേബി ... നീയിപ്പൊഴെവിടെയാണു് ... ഹാ ··· ധൂത്തനെ രക്ഷിക്കുവാൻ വന്ന ... (കരയുന്നു) ... അന്നുമുതൽ സ്വർഗ്ഗീയ സൈന്യങ്ങൾ എനിക്കെതിരായി അണിനിരന്നു ··· അങ്ങയുടെ രക്തം പ്രതികാരത്തിനായി ദൈവത്തിൻെറ പക്കലേയ്ക്കു നിലവിളിച്ചു. (പെട്ടെന്നു ഞെട്ടി.) പോലീസു് ... പോലീസു് ··· അവർ വന്നുകഴിഞ്ഞു ... ഹാ ··· എന്തിനു ഞാൻ ജീവിക്കുന്നു··· (കരയുന്നു) മരണമെ നീ വന്നെന്നെ ഗ്രസിച്ചാലും ... (തുറിച്ചുനോക്കുന്നു) ആരു് ··· ? ജോർജ്ജോ ഈ കരയുന്നതു്? (ധൈര്യപൂർവ്വം) ഇല്ല ... ഇല്ല ··· ജോർജ്ജ് കരയുകയില്ല ··· സഖാക്കൾ (അരിശംകൊള്ളുന്നു) ... സഖാക്കൾ ... അവർ എവിടെ? വഞ്ചകന്മാർ ... സാധുക്കളുടെ ജീവരക്തം ഊററിക്കുടിക്കുന്ന ക്നാവല്ലികൾ ... (മൗനം) ... ജീവിക്കുക ... ജോർജ്ജ് അതു നിനക്കുള്ളതല്ല. പൗരോഹിത്യത്തെ ചെളിവാരി എറിഞ്ഞ നീ ··· സാധുക്കളെ നരകപാതാളത്തിലേയ്ക്കു് എറിഞ്ഞുവീഴ്ത്തിയ നീ... ദൈവത്തിൻെറ പുരോഹിതനെ മർദ്ദിച്ചു വീഴ്ത്തിയ നീ,

ഇതനുഭവിക്കണം ... നീ ഇനി ജീവിക്കയെവേണ്ട ... നീ നില്ക്കുന്നസ്ഥലം ... അതു ശാപഗ്രസ്ഥമാണു് ... നിനക്കു നാശം ... ജോർജ്ജ് ... ജോർജ്ജ് ... നീ നശിച്ചു...നിനക്കു രക്ഷയില്ല ... ജീവിക്കുക ... ജോർജ്ജ് അതു നിനക്കുള്ളതല്ല...ഞാൻ മരിക്കും... ഞാൻ മരിക്കും. (കഠാരിയെടുക്കുന്നു) ... ഹ... ഹ... ഹ...... കഠാരി (സൂക്ഷിച്ചുനോക്കുന്നു.) കഠാരി ... ഹോ ... എന്തൊരാശ്വാസം ... (അല്പം ഓർത്തിട്ടു്) ബേബി ... എന്റെ പൊന്നുബേബി ... എന്നോടു ക്ഷമിക്കു ... ഈ ധൂർത്തപുത്രനോടു ക്ഷമിക്കു ... (ധൈര്യപൂർവ്വം) എന്തു് ... ജോർജ്ജ് ... നീ ക്ഷമ ചോദിക്കുകയോ ... ഹ ... ഹ ... ഹ ... ഹ ... ആരോടു് ..., (ചിന്തിക്കുന്നു) പോലീസ് ... പോലീസ്... അവരിപ്പോൾ വരും... അഭിമാനം ... അതു സംരക്ഷിക്കുക... (വികൃതഭാവം) ഹ... ഹ... ഹ... ഞാൻ മരിക്കും ... ഞാൻ മരിക്കും... ഈ കഠാരി എന്റെ ചങ്കിൽ ഞാൻകുത്തിയിറക്കും... (കഠാരി ഉയർത്തി സ്വയം കുത്തുവാൻ ഓങ്ങുന്നു; ഓടിക്കിതച്ചു വന്നൊരാൾ പുറകിൽനിന്നും കഠാരിതട്ടി ദൂരെയിട്ടു് അതും എടുത്തുകൊണ്ടു മറയുന്നു. പോകുമ്പോൾ ഒരെഴുത്തു് മുറിയിലിടുന്നു. ജോർജ്ജ് ഭയചകിതനായി നിന്നനിലയ്ക്കുതന്നെ നില്ക്കുന്നു. അല്പസമയം കഴിഞ്ഞു് അയാൾ ചുററും കണ്ണോടിക്കുന്നു. എഴുത്തു കണ്ടിട്ടു് അതെടുത്തുപൊട്ടിച്ചു് രഹസ്യത്തിൽ വായിക്കുന്നു.)

ജോ— (പ്രകാശം) പോലീസ് അങ്ങയെ ഉപദ്രവിക്കയില്ല. കേസ്സു ഞാൻ ഡിസ്ചാർജ്ജ് ചെയ്യിച്ചു ... എന്തു്? ... ഇതു വാസ്തവമൊ ... ആരായിരിക്കാം ആ കാരുണ്യമൂർത്തി ...? അല്ല ... അദ്ദേഹം മരിക്കുവാൻ പോകുന്നുവോ ... ? തീർച്ചയായും ഞാൻ പോയിക്കാണണം ... പക്ഷേ സ്ഥലം (ജോർജ്ജ് വിറയ്ക്കുന്നു.) ഹോസ്പിററൽ ... റൂം നമ്പർ 14. ഒപ്പിട്ടിരിക്കുന്നതു് ... ആരു് (അതിശയം) ... എന്റെ കണ്ണുകൾ എന്നെ വഞ്ചിക്കുന്നുവോ ... അയ്യോ എന്റെ തലചുററുന്നു ... എന്തു് ... അയ്യോ ... ബേബി ... (ബോധംകെട്ടുവീഴുന്നു)

കർട്ടൻ.

# രംഗം 12

(ആസ്പത്രിയിലെ ഒരു മുറി. ഫാ. ബേബി രോഗശയ്യയിൽ ചാരി ഇരിക്കുന്നു. ശരീരം നന്നാ ക്ഷീണിച്ചിട്ടുണ്ട്. വളരെ ഗുരുതരമായ സ്ഥിതി. തങ്കച്ചൻ ഓടിക്കിതച്ച് പ്രവേശിക്കുന്നു.)

ബേ— (ക്ഷീണസ്വരത്തിൽ) തങ്കച്ചാ, കാര്യം എങ്ങിനെയായി. എന്താ, ആളെ കണ്ടുവോ?

തങ്ക— കണ്ടു. എഴുത്തു ഞാൻ മുറിയിലിട്ട് ഓടിപ്പോന്നു. ദൈവാനുഗ്രഹത്താൽ ആ നേരത്തു ചെന്നതു്...

ബേ— ഉം. അതെന്താ?

തങ്ക— അങ്ങിതു കണ്ടുവൊ? (കഠാരി ഉയർത്തിക്കാണിക്കുന്നു.)

ബേ— ഈശോ! എന്തു പററി.

ത— അനിഷ്ടം ഒന്നും സംഭവിച്ചില്ല. ഞാൻ ചെന്നപ്പോൾ ആത്മഹത്യ ചെയ്യുവാൻ തുനിയുകയായിരുന്നു.

ബേ— എന്നിട്ട്?

ത— ഉയർത്തിയ കഠാരി ഞാൻ തട്ടിത്താഴെയിട്ട് എടുത്തു കൊണ്ടുപോന്നു. പോന്നപ്പോൾ എഴുത്ത് മുറിയിൽ ഇടുകയുമുണ്ടായി.

ബേ— ഹാ··· ദൈവമെ, അങ്ങ് പാപികളായ ഞങ്ങളെ എത്ര അധികം സ്നേഹിക്കുന്നു. പക്ഷെ... അദ്ദേഹം എഴുത്തു കാണുമോ? (ചുമയ്ക്കുന്നു. വീണ്ടും കിടക്കുന്നു. കഠിന വേദന.)

ത— ഞാൻ അവിടെ ഒട്ടും നിന്നില്ല. വന്നില്ലെങ്കിൽ വീണ്ടും ഒന്നുകൂടി പോകാം.

ബേ— തങ്കച്ചാ, പോയി ഊണു കഴിയ്ക്കു. ഞാനല്പം വിശ്രമിക്കട്ടെ. (തങ്കച്ചൻ പോകുന്നു.)

ബേ— (സ്വഗതം) നാഥേ, പാപികളുടെ ആലംബമേ, അയോഗ്യനെങ്കിലും അങ്ങയുടെ ഈ എളിയ പുത്രൻെറ പ്രാത്ഥന കേട്ട് അദ്ദേഹത്തിനു് ആത്മപരിവത്തനം നൽകേണമെ. അമ്മെ, അങ്ങയുടെ ദിവ്യപുത്രൻെറ തിരുരക്തത്തിൻെറ വിലയാണ് അദ്ദേഹമെന്നു നീ ഓക്കേണമെ.

(മൗനം. അല്പം കഴിഞ്ഞു് തങ്കച്ചൻ പ്രവേശിക്കുന്നു.)

തങ്ക— അച്ഛോ, ഞാനൊന്നുകൂടിച്ചെന്ന് അദ്ദേഹത്തെ വിളിച്ചുകൊണ്ടുവരാം.

ബേ— തങ്കച്ചാ, നീ എത്രയധികം എനിക്കുവേണ്ടി ബുദ്ധിമുട്ടുന്നു. പക്ഷെ ഇനിയും . . . . . . (അല്പം കഴിഞ്ഞ്) ഇന്നെന്താണു ദിവസം.

ത— ശനിയാഴ്ച.

ബേ— ഇനിയും നീ അധികം കഷ്ടപ്പെടേണ്ടിവരികയില്ല.

ത— (പുറത്തോട്ടു നോക്കിയിട്ട്) അതാ, ആരോ ഒരാൾ ഓടിക്കിതച്ചുവരുന്നു. (സൂക്ഷിച്ചു നോക്കുന്നു.) അല്ല, അതദ്ദേഹമാണെന്നു തോന്നുന്നു.

ബേ— തങ്കച്ചാ, ദൈവം . . . . എത്ര നല്ലവൻ.

ത— എന്നാൽ ഞാൻ അകത്തു പൊയ്ക്കൊള്ളാം. നിങ്ങളുടെ സംസാരത്തിന് ഒരു പ്രതിബന്ധം ആകാതിരിക്കട്ടെ.

ബേ— ശരി.

(ജോർജ്ജ് ഓടിക്കിതച്ചു പ്രവേശിക്കുന്നു. ബേബിയെ ആലിംഗനം ചെയ്തുകൊണ്ട്)

ജോർജ്ജ്— പിതാവെ, പാപിയായ എന്നോടു ക്ഷമിക്കേണമെ.

ബേ— അച്ഛാ, ദൈവം എത്ര നല്ലവനാണ്. ഇനിയും എനിക്കു സമാധാനമായി മരിക്കാം. (വിഷമിച്ച് എഴുന്നേററിരിക്കുന്നു.)

ജോ— അങ്ങില്ലായിരുന്നെങ്കിൽ . . . ഹാ . . . ആത്മഹത്യ . . . എങ്കിൽ എൻെറ അന്ത്യം (ഏങ്ങിക്കരയുന്നു.)

ബേ— അച്ഛാ, കരയാതെ, നമുക്കിന്നു സന്തോഷത്തിൻെറ ദിനമാണ്. കാരണം ഇന്നു സ്വർഗ്ഗത്തിൽ വാനവദൂതർ സന്തോഷാരവം മുഴക്കുകയാണ്. അങ്ങയുടെ മാനസാന്തരത്തിൽ സ്വർഗ്ഗം അതിയായി സന്തോഷിക്കുന്നു. ഇന്നു ഞാൻ '**ജന്മസാഫല്യ**'മടയുകതന്നെ ചെയ്തു.

ജോ— അച്ഛാ, അങ്ങെപ്രകാരം ഇവിടെ വന്നെത്തി?

ബേ— അതെല്ലാം പിന്നെപ്പറയാം. അങ്ങ് ആ പെട്ടി തുറന്ന് ഒരു ളോവയെടുത്തു ധരിക്കൂ. അങ്ങനെ എൻെറ കണ്ണുകളുടെ പ്രതീക്ഷാവിഷയം എൻെറ മുന്നിൽ പ്രത്യക്ഷപ്പെടട്ടെ.

ജോ— പിതാവേ, ക്ഷമിച്ചാലും! ഞാനതിനു യോഗ്യനല്ല. പൗരോഹിത്യത്തെ ഒരജ്ഞാനിയുടെ മുന്നിൽവച്ച് അവഹേളി

ച്ച ഞാൻ, പരിശുദ്ധനായ അങ്ങയെ ഒരജ്ഞാനിയോടുകൂടി മർദ്ദിച്ച ഞാൻ, ഇനിയും പുരോഹിതവസ്ത്രം അണിയുകയോ ... ? ... ഒരിക്കലുമില്ല ...!...!

ബേ– വിശുദ്ധമായ ഈ വസ്ത്രമണിയുവാൻ നാമാരും യോഗ്യരല്ല. എല്ലാം ദൈവത്തിൻെറ അനുഗ്രഹമാണ്. അതിനാൽ അങ്ങതു ധരിക്കുകതന്നെ വേണം.

ജോ– പക്ഷെ......

ബേ– എന്തു പക്ഷെ......

ജോ– അതെനിക്കു പാടില്ല...... ഞാൻ......

ബേ– ഞാൻ പറയുന്നതു കേൾക്കൂ. ഉടനെ ധരിക്കണം.

ജോ– അങ്ങു നിർബന്ധിക്കുകയാണെങ്കിൽ.....

(ഉടുപ്പെടുത്തു ധരിക്കുന്നു.)

ബേ– ഇന്നു് എൻെറ ജീവിതം കൃതാർത്ഥതയാർന്നു. എൻെറ പ്രതിജ്ഞ ദൈവം സ്വീകരിച്ചു. നാഥാ, ഇനിയും അങ്ങയുടെ ദാസ്സനെ അങ്ങേപ്പക്കലേയ്ക്കു വിളിച്ചാലും.

ജോ– അച്ഛാ, അങ്ങ് എപ്രകാരമറിഞ്ഞു എന്നെ പോലീസ് അന്വേഷിക്കുന്നുവെന്നു്?

ബേ– തങ്കച്ചൻ പേപ്പറിൽനിന്നും അറിഞ്ഞു, സ. ചന്ദ്രൻ 500 രൂപാ സ്വീകരിച്ചുകൊണ്ടു് ജോർജ്ജിനെ പോലീസ്സിനു് ഒററിക്കൊടുത്തുവെന്നു്.

ജോ– ആ വഞ്ചകൻ എന്നെ ചതിച്ചു. എൻെറ സ്വന്തം സഹോദരനെപ്പോലെ ഞാനവനെ കരുതിയിരുന്നു. പക്ഷെ, അവനെന്നെ വഞ്ചിച്ചു. പോലീസ് എന്നെ അന്വേഷിക്കുന്നെന്നു് അറിഞ്ഞ ഉടനെ എല്ലാവരും എന്നെ വിട്ടുപിരിഞ്ഞു. എന്നാൽ പോലീസ് വരുന്നതിനു മുൻപു് എൻെറ അഭിമാനം എന്നെ ആത്മഹത്യയ്ക്കു പ്രേരിപ്പിച്ചു. പക്ഷെ ഞാനുയർത്തിയ കഠാര അങ്ങയുടെ എഴുത്തുകൊണ്ടുവന്നയാൾ തട്ടിയെടുത്തുകൊണ്ടുപോന്നു. അയാൾ ഇല്ലായിരുന്നെങ്കിൽ......

ബേ– (തലയിണയുടെ അടിയിൽനിന്നും കഠാര എടുത്തു കാണിച്ചുകൊണ്ടു്) കാര്യങ്ങളെല്ലാം ഞാനറിഞ്ഞു.

ജോ– അദ്ദേഹത്തെ ഒന്നു കണ്ടാൽ......

ബേ– തങ്കച്ചാ, ഇങ്ങോട്ടു വന്നെ.

(തങ്കച്ചൻ പ്രവേശിക്കുന്നു. ജോർജ്ജ് ഓടിച്ചെന്നു് ആലിംഗനം ചെയ്യുന്നു.)

ജോ— അങ്ങയുടെ ഉപകാരത്തിനു് എന്തു പ്രതിനന്ദിയാണു ചെയ്യേണ്ടതു്. അങ്ങില്ലായിരുന്നെങ്കിൽ!

ത— എല്ലാം ദൈവത്തിൻെറ കളികൾ.

ജോ— വൈദികാന്തസ്സിനു കളങ്കം ചാർത്തിയ വഞ്ചകനാണു ഞാൻ. ദൈവമേ, എൻെറ വഞ്ചന അങ്ങു ക്ഷമിക്കേണമെ. അച്ചാ, അങ്ങു് ഇത്ര നല്ലവനാണെന്നു് ഞാൻ അറിഞ്ഞിരുന്നില്ല. അങ്ങയുടെ എഴുത്തു വായിച്ച ഉടനെ ഞാൻ ബോധംകെട്ടു നിലംപതിച്ചു. എങ്ങനെ അവിടുത്തേയ്ക്കു് എന്നെ സ്നേഹിക്കുവാൻ സാധിച്ചു. അല്ലയോ, വിശപവശ്യമായ കത്തോലിക്കാ പൗരോഹിത്യമേ, നിൻെറ പ്രകീർത്തനങ്ങൾ ആചന്ദ്രതാരം മാറെറാലിക്കൊള്ളട്ടെ!! കത്തോലിക്കാ സാഹോദര്യമെ, നിൻെറ മഹിമാപ്രസരം ലോകത്തിൻെറ നാനാ ദിഗന്തങ്ങളിലും വിജയധാവള്യം പരത്തട്ടെ. അച്ചാ! അങ്ങെപ്രകാരം ഇവിടെ വന്നുചേൻറു. പറയൂ, ഈ വഞ്ചകനോടു്.

ബേ— അങ്ങയുടെ ആജ്ഞാനുസരണം ചന്ദ്രൻ എന്നെ കാറിൽ കയററി വിജനപ്രദേശത്തുള്ള ഒരു പടുകുഴിയിലേയ്ക്കെറിഞ്ഞു. (ജോർജ്ജ് ഞെട്ടുന്നു.) രക്തധാരയിൽ കുളിച്ചു കിടന്നിരുന്ന ഞാൻ എപ്രകാരം ഇവിടെ വന്നുചേൻറുവെന്നു് അറിവില്ല. ഏതോ ഒരു സാധുവാണു് അപ്രകാരം ചെയ്തതെന്നു് പിന്നീടു ഞാൻ അറിഞ്ഞു. എനിക്കു ബോധംവീണപ്പോൾ ചന്ദ്രൻ അങ്ങയെ ഒററിക്കൊടുത്തുവെന്നു് ഞാനറിഞ്ഞു. ആളയച്ചു അങ്ങയെ പോലിസ്സിൻെറ കയ്യിൽ നിന്നും രക്ഷിക്കുന്നതിനു് പരിശ്രമിച്ചു. ദൈവാനുഗ്രഹത്താൽ അതു സഫലമായി.

ജോ— ആ വഞ്ചകൻ 5000 രൂപാ എന്നോടാവശ്യപ്പെട്ടു. അവൻ പണ്ടേതന്നെ ഒരു ദ്രവ്യാഗ്രഹി ആയിരുന്നു. പലപ്പോഴും അവൻ എൻെറ പണം വളരെയധികം കൈക്കലാക്കിയിട്ടുണ്ടു്. പക്ഷേ, ഇപ്രകാരം എന്നെ വഞ്ചിക്കുമെന്നു് ഞാൻ ഒരുനാളും കരുതിയിരുന്നില്ല.………

ബേ— വന്നതിനെപ്പററി ഇനി ദുഃഖിച്ചതുകൊണ്ടു കാര്യമില്ല. അതെല്ലാം മറന്നുകളയൂ.

ജോ— മറക്കുക……അതു സാദ്ധ്യമല്ല…… ഹാ… വഞ്ചന നിറഞ്ഞ ലോകമേ, സത്യത്തെയും നീതിയെയും ചവുട്ടിമെതി

കുന്ന നിന്നെ ഞാൻ സേവിച്ചുപോയി. ഇതാ— ഇന്നുമുതൽ വഞ്ചകിയായ നിന്നോടുള്ള സകല ബന്ധങ്ങളെയും ഞാൻ വേർപെടുത്തുന്നു. നീയുമായി ഇനി ഒരു ബന്ധവുമില്ല...... എല്ലാം മനസ്സിലായി........

ബേ— അച്ചാ, എനിക്കു വല്ലാത്ത ഒരസുഖം തോന്നുന്നു. ഈശോ, എന്നെ രക്ഷിക്കേണമെ (ജോർജ്ജും തങ്കച്ചനുംകൂടി അദ്ദേഹത്തെ താങ്ങി കിടത്തുന്നു.) ഈശോ...മ...റി...യം...യൗസേപ്പേ... എന്റെ ആത്മാവിനു കൂട്ടായിരിക്കേണമെ.. ... (വീണ്ടും മൗനമായിക്കിടക്കുന്നു.) അച്ചാ, ഈ തങ്കച്ചനെ ഞാൻ അങ്ങയെ ഏല്പിക്കുന്നു.

(വീണ്ടും മൗനം. തങ്കച്ചൻ നാടി പിടിച്ചുനോക്കുന്നു.)

ബേബി തിരിയുകയും മറിയുകയും ചെയ്യുന്നു. അവസാനം ക്രൂശിതരൂപം ചുംബിച്ചുകൊണ്ടു് "ഈ...ശോ... നിന്നെ.. ഞാൻ... സ്നേ...ഹി...ക്കു...ന്നു" എന്നു് അസ്പഷ്ടമായ സ്വരത്തിൽ ചൊല്ലിക്കൊണ്ടു മരിക്കുന്നു. ഫാ. ജോർജ്ജ് അവസാനം ആശീർവ്വാദം നൽകുന്നു.)

കർട്ടൻ

Printed and Published for the Proprietor by
Rev. Fr. Wilfrid C. M. I. at the St. Joseph's Press,
MANNANAM, 1961.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00011538*
T62 C45

T62
C45